

# മാന്നാർ പഞ്ചായത്ത്

# വികസനരേഖ

42-7



# മാന്നാർ ഗ്രാമപഞ്ചായത്ത്
# വികസനരേഖ

അധികാരം ജനങ്ങളിലേക്ക്




ഭൂപടം- മന്നാർ ഗ്രാമപഞ്ചായത്ത്

# ഉള്ളടക്കം


1. ആമുഖം
2. ചരിത്രം
3. സ്ത്രീ പദവി
4. വികസനമേഖലാ അവലോകനം
   4.1 കൃഷി ജലസേചനം
   4.2 മൃഗപരിപാലനം, മത്സ്യബന്ധനം
   4.3 വ്യവസായം
   4.4 ഊർജ്ജം, ഗതാഗതം, മാർക്കറ്റ്
   4.5 വിദ്യാഭ്യാസം, സംസ്കാരം
   4.6 കുടിവെള്ളം, പൊതുജനാരോഗ്യം
   4.7 പട്ടികജാതി- പട്ടികവർഗ്ഗക്ഷേമം
   4.8 പാർപ്പിടം, സാമൂഹ്യക്ഷേമം
   4.9 സഹകരണം
   4.10 വിഭവസമാഹരണം
5. ഉപസംഹാരം

# നമ്മുടെ ജനപ്രതിനിധികൾ

**പി.ജെ. കുര്യൻ എം.പി.**

**ശോഭനാജോർജ്ജ് എം.എൽ.എ.**

**ജേക്കബ്തോമസ് അരികുപുറം**
(ജില്ലാ പഞ്ചായത്ത് ക്ഷേമകാര്യ
സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ)

**കെ. സരസ്വതി അമ്മ**
(ജില്ലാ പഞ്ചായത്ത് അംഗം)

**കെ.എസ്. ഗോപി**
(ബ്ളോക്ക് പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി
ചെയർമാൻ)

**പി. സരോജിനി അമ്മ**
(ബ്ളോക്ക് പഞ്ചായത്ത് അംഗം)

# മാന്നാർ പഞ്ചായത്തിന്റെ
# മുൻകാല പ്രസിഡന്റുമാർ



ശ്രീ എസ്. വൈദ്യപ്പൻപിള്ള
തിരഞ്ഞെടുക്കപ്പെട്ട
ആദ്യത്തെ പ്രസിഡന്റ്



ശ്രീ കെ.ഗോദവർമ്മരാജ



ശ്രീ. പി.കെ.രാമദാസ്



ശ്രീ കെ. ബാലസുന്ദരപ്പണിക്കർ

# പഞ്ചായത്ത് ഭരണസമിതി



എം.ദേവരാജൻനായർ
പ്രസിഡൻറ്



രാജലക്ഷ്മി രവീന്ദ്രൻപിള്ള
വൈസ് പ്രസിഡന്റ്



പി.എൻ. ശെൽവരാജ്
സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ



രാമചന്ദ്രൻനായർ



ടി.വി. പ്രഭാകരൻ



എൻ. ഈശ്വരൻനമ്പൂതിരി



ബി. രാജീവ്



പി.കെ.വാസു



ശശികലാ രഘുനാഥൻ



പി.എം. അബൂബക്കർ



സരളമ്മ മാത്യു



ജാനകിചെല്ലപ്പൻ

# ആമുഖം

സ്വന്തം ശ്രമംകൊണ്ട് തങ്ങളുടെ സ്ഥിതിക്ക് മാറ്റം വരുത്താമെന്ന് എപ്പോൾ ജനസാമാന്യത്തിന് തോന്നുന്നുവോ അപ്പോൾമാത്രമേ ഭാരതം പൂർണ്ണ സ്വാതന്ത്ര്യം നേടുകയുള്ളുവെന്ന് നമ്മുടെ രാഷ്ട്രപിതാവ് ഒരിക്കൽ അഭിപ്രായപ്പെടുകയുണ്ടായി. ഇന്ത്യയിലെ ഓരോ ഗ്രാമവും സമൂഹവും നേരിടുന്ന പ്രശ്നങ്ങൾ വ്യത്യസ്തങ്ങളാണ്. അതിനാൽ തികച്ചും വികേന്ദ്രീകൃതവും ജനകീയവുമായ ഒരു ഗ്രാമസമ്പദ് സാമൂഹിക വ്യവസ്ഥയാണ് സ്വതന്ത്രഭാരതത്തിനാവശ്യമെന്ന് അദ്ദേഹം പറഞ്ഞു. ഇന്ത്യൻ ഭരണഘടനയുടെ കരടിൽ പഞ്ചായത്തു സംവിധാനങ്ങളെ പരാമർശിക്കാത്തത് പൊറുക്കാനാവാത്ത വീഴ്ചയാണെന്ന് ഗാന്ധിജി അഭിപ്രായപ്പെട്ടു.

ഇന്ത്യയിൽ പാർലമെന്ററി ജനാധിപത്യം സ്ഥാപിതമായിട്ട് അരനൂറ്റാണ്ടോളമായപ്പോളാണ് ഭരണഘടനാ സാധുതയുള്ള പഞ്ചായത്തീരാജ് സംവിധാനങ്ങൾ നിലവിൽ വന്നത്. അതുകൊണ്ടുതന്നെ ഇന്ത്യയിലെ ജനാധിപത്യവല്ക്കരണപ്രക്രിയകൾ മുന്നേറിയതുമില്ല. വികസന രംഗത്തു കുതിച്ചുചാട്ടമുണ്ടാക്കുന്നതിനായി ആവിഷ്ക്കരിച്ച പഞ്ചവത്സരപദ്ധതികൾ കേന്ദ്ര സംസ്ഥാന തലങ്ങളിൽ തീരുമാനിച്ച് ഉദ്യോഗസ്ഥരിലൂടെ നടപ്പാക്കാൻ ശ്രമിച്ചതുമൂലം ജനങ്ങളുടെ യഥാർത്ഥ പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെപോയി. തീരുമാനങ്ങൾ എടുക്കുന്നതിൽ ജനങ്ങൾക്ക് യാതൊരു പങ്കും നല്കാത്ത അമിത കേന്ദ്രീകരണത്തിന്റെ രീതി രാഷ്ട്രനിർമ്മാണ പ്രവർത്തനങ്ങളിൽ നിന്നും ജനങ്ങളെ പ്രത്യേകിച്ചും ദരിദ്രഭൂരിപക്ഷത്തെ അന്യവല്ക്കരിച്ചു. പ്രാദേശിക വ്യത്യാസങ്ങളും ജനേഛയും കണക്കിലെടുക്കാതെ തീരുമാനങ്ങൾ കൈക്കൊള്ളുന്ന രീതി പല വികസനത്തുറകളെയും ആസൂത്രണ പ്രക്രിയയെ തന്നെയും ഒരു വലിയ പ്രതിസന്ധിയിൽ എത്തിച്ചു. പൊതുതെരഞ്ഞെടുപ്പിൽ വോട്ടു രേഖപ്പെടുത്തുന്നതിൽ തുടങ്ങുകയും ഒടുങ്ങുകയും ചെയ്യുന്ന ജനാധിപത്യത്തെ അർത്ഥപൂർണ്ണമാക്കണമെങ്കിൽ അധികാരത്തോടൊപ്പം ആസൂത്രണ പ്രവർത്തനവും വികേന്ദ്രീകരിക്കപ്പെടണം. 73 74 ഭരണഘടനാ ഭേദഗതികൾ നിലവിൽ വന്നതോടെ അധികാര വികേന്ദ്രീകരണം സാധിതമായെങ്കിലും അതിന്റെ പൂർണ്ണതയ്ക്ക് ആസൂത്രണവും വികേന്ദ്രീകരിക്കണമെന്നതിനാലാണ് 9-ാം പഞ്ചവത്സര പദ്ധതിയുടെ ആസൂത്രണം ജനങ്ങളിൽ നിന്നു തുടങ്ങുന്നതിനു വേണ്ടി ജനകീയാസൂത്രണ പ്രസ്ഥാനം രൂപം കൊണ്ടത്. മന്നാറിൽ ഇതിന്റെ ഒന്നാം ഘട്ട പ്രവർത്തനമായ ഗ്രാമസഭാസംഘാടനത്തിനായി 14-9-96 ൽ മാന്നാർ എൻ എസ് ജി എച്ച് എൽ വച്ച് 70 ഓളം പേർക്കു പരിശീലനം നല്കുകയുണ്ടായി. സെപ്തംബർ 18 മുതൽ ഒക്ടോബർ 5 വരെ വിവിധ ദിവസങ്ങളിലായി ഗ്രാമസഭകൾ നടന്നു. നോട്ടീസ്, ഭവനസന്ദർശനം, മൈക്ക് അനൗൺസ്മെന്റ്, ഇവയായിരുന്നു പ്രധാന പ്രചരണ പ്രവർത്തനങ്ങൾ. ഗ്രാമസഭകളിൽ ശരാശരി 125 പേർ പങ്കെടുത്തു. ഇതിൽ 40% സ്ത്രീകളായിരുന്നു. ജനകീയ ആസൂത്രണ പ്രവർത്തനങ്ങളുടെ പ്രചരണാർത്ഥം പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ ജനാധികാര കലാജാഥയും സംഘടിപ്പിക്കപ്പെട്ടു. ദ്വിതീയ സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കുന്നതിനുള്ള വിവിധ കമ്മിറ്റികൾക്കു പഞ്ചായത്തു മെമ്പർമാർ നേതൃത്വം നൽകി. പഠന പര്യടനം, വികസന റിപ്പോർട്ടു തയ്യാറാക്കൽ, എന്നിവയ്ക്കായുള്ള പരിശീലന പരിപാടി 14-11-96 ൽ നടന്നു. വികസന റിപ്പോർട്ടു തയ്യാറാക്കുന്നതിനായി വിഷയാടിസ്ഥാനത്തിൽ പഞ്ചായത്തിലെ ഉദ്യോഗസ്ഥരുടെയും വിദഗ്ദ്ധരുടെയും പരിശീലകരുടെയും ജനപ്രതിനിധികളുടെയും, യോഗം ചേർന്ന് ഇത്തരത്തിൽ രൂപീകരിച്ച റിപ്പോർട്ട് വീണ്ടും ചർച്ചയ്ക്കു വിധേയമാക്കി ആവശ്യമായ മാറ്റ കയറ്റങ്ങളോടെ ഭരണസമിതി അംഗീകരിച്ചു.

ഗ്രാമസഭാസംഘാടനത്തിനും വികസന റിപ്പോർട്ടു തയ്യാറാക്കുന്നതിനുമെല്ലാം കക്ഷിരാഷ്ട്രീയത്തിനപ്പുറത്ത് ജനങ്ങളുടെ കൂട്ടായ്മയുണ്ടായത് പുതിയ വികസന സംസ്കാരം രൂപപ്പെട്ടുവരുന്നതിന്റെ വ്യക്തമായ ചിത്രമാണ് കാണിക്കുന്നത്. ഒപ്പം എടുത്തു പറയേണ്ട ഒന്ന് ഉദ്യോഗസ്ഥർ ജനങ്ങളുമായി കൂടുതൽ അടുക്കുന്നുവെന്നതാണ്. വികസന മേഖലയിലെ ഈ പുത്തനുണർവ് മുന്നേറ്റങ്ങൾക്കു ശക്തി പകരുക തന്നെ ചെയ്യും.

## ഭരണചരിത്രം

ഗ്രാമപഞ്ചായത്തിന്റെ ആദ്യരൂപമായ വില്ലേജ് യൂണിയൻ രൂപീകരിക്കുന്നത് 1940–ലാണ്. തിരുവിതാംകൂറിൽ അക്കാലത്ത് അനുവദിച്ചിരുന്ന നാലഞ്ചു യൂണിയനുകളിൽ ഒന്നായിരുന്നു മാന്നാർ. വില്ലേജ് യൂണിയനിൽ തഹസിൽദാർ, പി.ഡബ്ലിയു.ഡി. സെക്ഷൻ ഓഫീസർ, ഹെൽത്ത് ഇൻസ്പെകൂർ, കോ– ഓപ്പറേറ്റീവ് ഇൻസ്പെകൂർ, അഗ്രികൾച്ചറൽ ഓഫീസർ എന്നീ ഔദ്യോഗിക അംഗങ്ങളും അഡ്വ. കെ. എസ്. പരമുപിള്ള അംബാലയം, നന്ത്യാട്ട് എൻ.കെ. കൃഷ്ണക്കുറുപ്പ്, എസ്. ശങ്കരപിള്ള ശങ്കരമംഗലം, പി.വി. ശ്രീധരൻ നമ്പൂതിരി കടപ്രമഠം, നാരായണൻവൈദ്യർ കാട്ടിൽപ്പറമ്പിൽ, ഖാദർ ഹൈദ്രോസ് കുഞ്ഞ്, പെരുന്തയിൽ, എന്നീ അനൗദ്യോഗിക അംഗങ്ങളും ഉണ്ടായിരുന്നു. തഹസിൽദാർ ആയിരുന്നു വില്ലേജ് യൂണിയൻ പ്രസിഡന്റ്.

ആദ്യത്തെ പൊതുസ്ഥാപനം ഇപ്പോഴത്തെ സാംസ്കാരികനിലയം സ്ഥിതി ചെയ്യുന്ന സ്ഥാനത്ത് ഒരു ക്യാറ്റിൽ പൗണ്ട് ആയിരുന്നു. 8/2 സർവേ 4 സെന്റിന് പണമടച്ചത് അഡ്വ. കെ. എസ്. പരമുപിള്ളയായിരുന്നു. തഹസിൽദാർ പ്രസിഡന്റ് സ്ഥാനം ഒഴിഞ്ഞതിനെത്തുടർന്ന് അഡ്വ കെ. എസ്. പരമുപിള്ള യൂണിയന്റെ പ്രഥമ പ്രസിഡന്റായി. പിന്നീട് ഉദ്യോഗസ്ഥാംഗങ്ങൾ ഒഴിവാകുകയും പകരം അംഗങ്ങളെ കോ – ഓപ്റ്റ് ചെയ്യുകയും ചെയ്തു. നന്ത്യാട്ട് എൻ. കെ കൃഷ്ണക്കുറുപ്പ്, കടമ്പാട്ട് കെ.കെ. നാരായണപിള്ള, വെച്ചൂര്യേത്ത് വിശ്വനാഥപിള്ള എന്നിവർ പ്രസിഡന്റുമാരായിരുന്നിട്ടുണ്ട്. മാന്നാർ പി. എച്ച് സെന്റർ ജനപങ്കാളിത്തത്തോടെ വില്ലേജ് യൂണിയൻ സ്ഥാപിച്ചതാണ്. തുടർന്നുവന്ന പഞ്ചായത്ത് കമ്മിറ്റി അംഗങ്ങളുടെയും പ്രസിഡന്റുമാരുടെയും പേരുവിവരം ചുവടെ ചേർക്കുന്നു.

**1953**

**ശ്രീ. കൃഷ്ണപിള്ള**, കോട്ടയ്ക്കൽ,
**ശ്രീ. കെ. എം. നാരായണപിള്ള**,
കോട്ടയ്ക്കൽ കാട്ടിൽ
**ശ്രീ. എസ്. വൈദ്യപ്പൻപിള്ള** (പ്രസിഡന്റ്),
നാലേകാട്ടിൽ
**ശ്രീ. പി. എൻ. മാധവൻപിള്ള**, പൈവള്ളിൽ
**ശ്രീ. പി.കെ. മാധവൻനായർ**,
പള്ളിയറക്കാവിൽ
**ശ്രീ. വി. ശങ്കരൻനായർ**, പിഷാരത്ത്
**ശ്രീ. പി. ശങ്കരപ്പിള്ള**, കൊച്ചുമൂന്നേത്ത്
**ശ്രീ. ചാക്കോ ഐപ്പ്**, വള്ളക്കാലിൽ
**ശ്രീ. കെ.റ്റി. കൃഷ്ണൻ**, കണ്ണമ്പിടവത്ത്

ശ്രീ. എസ്. വൈദ്യപ്പൻപിള്ളയുടെ മരണശേഷം കോട്ടയ്ക്കൽ കാട്ടിൽ ശ്രീ. കെ.എം. നാരായണപിള്ള പ്രസിഡന്റായി.

**1963**

ശ്രീ. കെ. ഗോദവർമ്മ രാജാ (പ്രസിഡന്റ്)
കാരാഴ്മ കൊട്ടാരം, കുളഞ്ഞി കാരാഴ്മ
വലിയകുളങ്ങര പി. ഒ.
ശ്രീ പി.യു. ബാവാക്കുഞ്ഞ് (വൈസ്പ്രസിഡന്റ്)
താജ്മൻസിൽ, കുരട്ടിശേരി, മാന്നാർ പി. ഒ.
**ശ്രീ എം. എസ്. ചന്ദ്രശേഖരൻനായർ**
മാങ്ങാവൂർ കുരട്ടിക്കാവ്, മാന്നാർ പി. ഒ.
**ശ്രീ ജോർജ്ജ് കുന്നയ്ക്കൽ**
കുന്നയ്ക്കൽ, കുട്ടമ്പേരൂർ, കുട്ടമ്പേരൂർ പി. ഒ.
**ശ്രീ പി.കെ. രാഘവൻനായർ,**
പുളിക്കൽ കുട്ടമ്പേരൂർ, കുട്ടമ്പേരൂർ പി. ഒ.
**ശ്രീ സി. ഗോവിന്ദക്കുറുപ്പ്,**
വല്ലൂർ, കുരട്ടിക്കാട്, മാന്നാർ പി. ഒ.
**ശ്രീഎൻ. രാമകൃഷ്ണൻനായർ;**
പടിക്കലേത്ത്, വിഷവർശേരിക്കര,മാന്നാർ പി. ഒ.
**ശ്രീ റ്റി. സി. ചെറിയാൻ,**
കോടാകേരിൽ, പാവുക്കര, പാവുക്കര പി. ഒ.
**ശ്രീ കെ.റ്റി മാധവൻ,** (റിസർവേഷൻ)
കഞ്ചോട്ടായിൽ, പാവുക്കര, പാവുക്കര പി. ഒ.

**1979**

**ശ്രീ പി.കെ. രാമദാസ്** (പ്രസിഡന്റ്)
പുല്ലാമഠത്തിൽ, കുട്ടമ്പേരൂർ പി. ഒ.
**ശ്രീ പി.ഡി. ശശിധരൻ** (വൈസ് പ്രസിഡന്റ്)
പാലപ്പള്ളിൽ, പാവുക്കര, പാവുക്കര പി. ഒ.
**ശ്രീ പി.കെ. ഭാസ്ക്കരൻനായർ,**
പെരുവങ്കുളത്ത്, കുരട്ടിക്കാട്, മാന്നാർ പി. ഒ.
**ശ്രീ കെ. രവീന്ദ്രനാഥൻ നായർ,**
അഞ്ജലി, കുരട്ടിക്കാട്, മാന്നാർ പി. ഒ.
**ശ്രീ മാത്തൻതോമസ്,**
വൈശനേത്ത്, കുട്ടമ്പേരൂർ, കുട്ടമ്പേരൂർ പി. ഒ.
**ശ്രീ എം .കെ. ചന്ദ്രശേഖരപ്പണിക്കർ,**
ഹരിവില്ല, കുട്ടമ്പേരൂർ, കുട്ടമ്പേരൂർ പി. ഒ.
**ശ്രീമതി കെ. എൽ. ഭാർഗവിയമ്മ,**
പത്മഭവനം, കുട്ടമ്പേരൂർ, കുട്ടമ്പേരൂർ പി. ഒ.
**ശ്രീ പി. എം. അബ്ദു,**
മണപ്പുറത്ത്, കുരട്ടിശേരി, മാന്നാർ പി. ഒ
**ശ്രീ എം. ദേവരാജൻനായർ,**
ശാരദാലയം, ഇരമത്തൂർ, ഇരമത്തൂർ പി. ഒ.
**ശ്രീ ജേക്കബ് തോമസ്,**
അരികുപുറത്ത്, പാവുക്കര, പാവുക്കര പി. ഒ.

**ശ്രീ കെ.കെ. ഗോപാലൻ,**
കണ്ണമ്പിടവത്ത്, പാവുക്കര, പാവുക്കര പി. ഒ.

**1988**

**ശ്രീ കെ. ബാലസുന്ദരപ്പണിക്കർ** (പ്രസിഡന്റ്)
കടമ്പാട്ടു രാമനിലയം, വിഷവർശേരിക്കര,
മാന്നാർ പി. ഒ.

**ശ്രീ റ്റി. എസ്. ശിവനാചാരി** (വൈസ് പ്രസിഡന്റ്)
തെളിയിൽകിഴക്കേതിൽ കുരട്ടിക്കാട്,
മാന്നാർ പി. ഒ.

**ശ്രീമതി ജെ. ചെല്ലമ്മ,**
പെരുവംകുളത്ത്, കുരട്ടിക്കാട് മാന്നാർ പി. ഒ.

**ശ്രീ എം. വർഗീസ് ഡാനിയൽ,**
കടവിൽ, കുട്ടമ്പേരൂർ, കുട്ടമ്പേരൂർ പി. ഒ

**ശ്രീ പി. കെ. രാഘവൻ നായർ,**
പുളിക്കൽ, കുട്ടമ്പേരൂർ, കുട്ടമ്പേരൂർ പി. ഒ.

**ശ്രീ കെ. മധുസൂദനൻ,**
വേണുസദനം, കുട്ടമ്പേരൂർ, കുട്ടമ്പേരൂർ പി. ഒ.

**ശ്രീമതി സി. കെ. ജഗദമ്മ,**
ഐക്കിരേത്ത് കുട്ടമ്പേരൂർ, കുട്ടമ്പേരൂർ പി. ഒ.

**ശ്രീ പി. എ. അബ്ദുൾ ലത്തീഫ്,**
കിഴക്കേ പാലക്കീഴിൽ, കുരട്ടിശേരി,
മാന്നാർ പി. ഒ.

**ശ്രീ തോമസ് കയ്യത്ര,**
കയ്യത്ര വീട്, പാവുക്കര, പാവുക്കര പി. ഒ.

**ശ്രീ റ്റി. തങ്കച്ചൻ,**
ജയസുധ ഭവനം, വിഷവർശേരിക്കര,
മാന്നാർ പി. ഒ.

**ശ്രീ വി. ഒ. ഫിലിപ്പ്,**
വള്ളക്കാലിൽ വടക്കേതിൽ, പാവുക്കര,
മേൽപ്പാടം പി. ഒ.

## പഞ്ചായത്തിന്റെ പൊതുചിത്രം

| | | |
|---|---|---|
| പേര് | : | മാന്നാർ ഗ്രാമപഞ്ചായത്ത് (സ്പെഷ്യൽ ഗ്രേഡ്) |
| വില്ലേജുകൾ | : | 1. മാന്നാർ |
| | : | 2. കുരട്ടിശേരി |
| ബ്ളോക്ക് | : | ചെങ്ങന്നൂർ |
| ബ്ളോക്ക് ഡിവിഷൻ | : | 2 (രണ്ട്) |
| താലൂക്ക് | : | ചെങ്ങന്നൂർ |
| ജില്ല | : | ആലപ്പുഴ |
| ജില്ലാപഞ്ചായത്ത് | | |
| ഡിവിഷൻ | : | 2 (രണ്ട്) |
| അസംബ്ലി മണ്ഡലം | : | ചെങ്ങന്നൂർ |
| പാർലമെന്റ് | : | മാവേലിക്കര |
| വിസ്തീർണ്ണം | : | 4437 ഏക്കർ 51 സെന്റ് |
| ജനസംഖ്യ | : | 30,971 |
| സ്ത്രീകൾ | : | 15,728 |
| പുരുഷന്മാർ | : | 15,243 |

പഞ്ചായത്ത്
ഭരണസമിതി ഓഫീസ് : മാന്നാർ (സ്വന്തം കെട്ടിടം)

1. **എം. ദേവരാജൻ നായർ** (പ്രസിഡന്റ്)
   വാർഡ് - 11
   ശാരദാലയം, ഇരമത്തൂർ, ഇരമത്തൂർ പി. ഒ.
2. **രാജലക്ഷ്മി രവീന്ദ്രൻപിള്ള**
   (വൈസ് പ്രസിഡന്റ്) വാർഡ് - 8
   ബിന്ദുഭവനം, മാന്നാർ, മാന്നാർ പി. ഒ.
3. **പി. എൻ. ശെൽവരാജ്**
   (സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ) വാർഡ് - 2
   തേവരുപറമ്പിൽ ലക്ഷംവീട്, കുരട്ടിക്കാട്,
   മാന്നാർ പി. ഒ.
4. **രാമചന്ദ്രൻനായർ,** വാർഡ് - 1
   വല്ലൂർകൊട്ടാരത്തിൽ, കുരട്ടിക്കാട്, മാന്നാർ പി. ഒ.
5. **റ്റി.പി. പ്രഭാകരൻ,** വാർഡ് - 3
   ചെറുവല്ലൂർ, കുട്ടമ്പേരൂർ, കുട്ടമ്പേരൂർ പി. ഒ.
6. **എൻ. ഈശ്വരൻ നമ്പൂതിരി,** വാർഡ് - 4
   നാരായണ സദനം, കുരട്ടിശേരി, മാന്നാർ പി. ഒ.
7. **ബി. രാജീവ്,** വാർഡ് - 5
   നടുവിലേമുറി, കുളഞ്ഞിക്കാരായ്മ,
   വലിയകുളങ്ങര പി. ഒ.
8. **പി.കെ. വാസു,** വാർഡ് - 6
   പൊന്നംപറമ്പിൽ, കുട്ടമ്പേരൂർ, കുട്ടമ്പേരൂർ പി. ഒ
9. **ശശികലാ രഘുനാഥൻ,** വാർഡ് - 7
   കാഭരണചരിത്രം കാട്ടിൽപറമ്പിൽ, ഇരമത്തൂർ, ഇരമത്തൂർ പി. ഒ.
10. **പി. എം. അബൂബക്കർ,** വാർഡ് - 9
    പടിപ്പുരയ്ക്കൽ, കുരട്ടിക്കാട്, മാന്നാർ പി. ഒ.
11. **സരളമ്മ മാത്യു,** വാർഡ് - 10
    മാനാംപടവിൽ, പാവുക്കര പി. ഒ., പാവുക്കര
12. **ജാനകി ചെല്ലപ്പൻ,**
    കറുകയിൽ, വിഷവർശേരിക്കര, മേൽപ്പാടം പി. ഒ.

## പഞ്ചായത്തിലെ സ്ഥാപനങ്ങൾ

**സ്കൂളുകൾ**

1. വെൽഫെയർ എൽ. പി. സ്കൂൾ, മാന്നാർഈസ്റ്റ്
2. മാന്നാർ സിറിയൻ എം. ഡി. എൽ. പി സ്കൂൾ, കുട്ടമ്പേരൂർ
3. ഗവൺമെന്റ് എൽ.പി. സ്കൂൾ, ചെങ്കിലാത്ത്
4. എം. എസ്. സി. എൽ. പി. സ്കൂൾ, ഊട്ടുപ്പറമ്പ്
5. ജെ.ബി.ജി. സ്കൂൾ, മാന്നാർ
6. ഗവ. എൽ. പി. സ്കൂൾ, മാന്നാർ
7. എം.ഡി. എൽ.പി. സ്കൂൾ, പാവുക്കര
8. ഹരിജൻ വെൽഫെയർ എൽ. പി. സ്കൂൾ, പാവുക്കര
9. സി. എം. എസ്. എൽ.പി സ്കൂൾ, മേൽപ്പാടം
10. എം.ഡി. എൽ.പി. എസ്. പെരുങ്കണ്ണാഴി, മേൽപ്പാടം
11. കരയോഗം യു.പി. സ്കൂൾ. പാവുക്കര, മാന്നാർ
12. കുട്ടമ്പേരൂർ യു.പി. സ്കൂൾ
13. ശ്രീ ഭുവനേശ്വരി ഇംഗ്ലീഷ് മീഡിയം ഹൈസ്ക്കൂൾ, മാന്നാർ
14. എസ്.കെ.വി. ഹൈസ്ക്കൂൾ, കുട്ടമ്പേരൂർ
15. നായർ സമാജം ഗേൾസ് ഹൈസ്ക്കൂൾ, മാന്നാർ
16. നായർസമാജം ബോയ്സ് ഹൈസ്ക്കൂൾ, മാന്നാർ
17. എൻ. എസ്. റ്റി. റ്റി. ഐ. മാന്നാർ

**പോസ്റ്റോഫീസുകൾ**

1. പോസ്റ്റോഫീസ്, മാന്നാർ
2. പോസ്റ്റോഫീസ്, കുട്ടമ്പേരൂർ
3. പോസ്റ്റോഫീസ്, പാവുക്കര
4. പോസ്റ്റോഫീസ്, മേൽപ്പാടം
5. പോസ്റ്റോഫീസ്, ഇരമത്തൂർ
6. പോസ്റ്റോഫീസ്, വലിയകുളങ്ങര

**പൊതുജനാരോഗ്യസ്ഥാപനങ്ങൾ**

1. പി. എച്ച്. സെന്റർ, മാന്നാർ
2. ഗവ. ആയുർവേദ ആശുപത്രി, മാന്നാർ
3. ഇ. എസ്. ഐ. ആശുപത്രി, കുട്ടമ്പേരൂർ
4. ഗവ. ഹോമിയോ ആശുപത്രി, മാന്നാർ

**ബാങ്കുകൾ**

1. ആലപ്പുഴ ജില്ലാ സഹകരണബാങ്ക്, മാന്നാർ ബ്രാഞ്ച്
2. ഫെഡറൽ ബാങ്ക്, മാന്നാർ
3. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ
4. നെടുങ്ങാടി ബാങ്ക്

**മറ്റ് പ്രധാന സ്ഥാപനങ്ങൾ**

1. അലിൻഡ് സിച്ച് ഗിയർ ഡിവിഷൻ, മാന്നാർ
2. മിൽക്ക് ചില്ലിംഗ് പ്ലാന്റ്, മാന്നാർ
3. ഇലക്ട്രിക്കൽ മേജർ സെക്ഷൻ, മാന്നാർ
4. സബ് രജിസ്ട്രാർ ഓഫീസ്, മാന്നാർ
5. കൃഷിഭവൻ, മാന്നാർ
6. വില്ലേജ് ഓഫീസ്, മാന്നാർ
7. വില്ലേജ് ഓഫീസ്, കുരട്ടിശേരി
8. വില്ലേജ് എക്സ്റ്റെൻഷൻ, മാന്നാർ
9. വില്ലേജ് എക്സ്റ്റൻഷൻ കുരട്ടിശേരി
10. ഇൻലാൻഡ്, ഫിഷറീസ് ഓഫീസ്
11. ഗവ. മൃഗാശുപത്രി, മാന്നാർ
12. ബ്രിഡ്ജ് സെക്ഷൻ ഓഫീസ് മാന്നാർ
13. പി. ഡബ്ലിയു.ഡി. റോഡ്, മാന്നാർ
14. പഞ്ചായത്താഫീസ്, മാന്നാർ
15. പി. ആന്റ് റ്റി. ഓഫീസ്, മാന്നാർ
16. പോലീസ് സ്റ്റേഷൻ, മാന്നാർ
17. ഓഫീസ് ഓഫ് ദ് സർക്കിൾ ഇൻസ്പെക്ടർ ഓഫ് ദി പോലീസ്, മാന്നാർ
18. ടെലഫോൺ എക്സ്ചേഞ്ച്, മാന്നാർ
19. ഓഫീസ് ഓഫ് ദ് ടെലികമ്യൂണിക്കേഷൻ, മാന്നാർ
20. കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്
21. സർവീസ് കോ- ഓപ്പറേറ്റീവ് സൊസൈറ്റി, നമ്പർ-225, മാന്നാർ
22. സർവീസ് കോ- ഓപ്പറേറ്റീവ് സൊസൈറ്റി, നമ്പർ-611, കുട്ടമ്പേരൂർ
23. സർവീസ് കോ- ഓപ്പറേറ്റീവ് സൊസൈറ്റി, നമ്പർ-1659, കുട്ടമ്പേരൂർ
24. സർവീസ് കോ- ഓപ്പറേറ്റീവ് സൊസൈറ്റി, നമ്പർ-3997, പാവുക്കര

തുടങ്ങിയവയാണ് പ്രധാന പൊതുസ്ഥാപനങ്ങൾ

**മാന്നാർ ഗ്രാമപഞ്ചായത്ത് (1996-97)**

| വാർഡ് നമ്പർ | ആകെ കെട്ടിടങ്ങളുടെ എണ്ണം | കരം ചുമത്തിയ കെട്ടിടങ്ങളുടെ എണ്ണം | കുടിലുകളുടെ എണ്ണം | വാസയോഗ്യമല്ലാത്തവ |
|---|---|---|---|---|
| 1. | 751 | 635 | 98 | 18 |
| 2. | 730 | 541 | 167 | 22 |
| 3. | 682 | 426 | 225 | 28 |
| 4. | 840 | 596 | 210 | 34 |
| 5. | 704 | 562 | 125 | 17 |
| 6. | 932 | 728 | 169 | 35 |
| 7. | 1181 | 1041 | 116 | 124 |
| 8. | 1012 | 812 | 172 | 28 |
| 9. | 533 | 419 | 93 | 21 |
| 10. | 617 | 349 | 257 | 11 |
| 11. | 591 | 412 | 158 | 21 |
| ആകെ | 8573 | 6524 | 1790 | 259 |

# ചരിത്രം

കൃതയുഗത്തിൽ ജീവിച്ചിരുന്ന രഘുവംശത്തിൽപ്പെട്ട മാന്ധാതാവ് ചക്രവർത്തി പ്രജാക്ഷേമത്തിനുവേണ്ടി 100 യാഗങ്ങൾ നടത്തുകയുണ്ടായി. പ്രസ്തുത യാഗത്തിലൊന്ന് തൃക്കുരട്ടി ക്ഷേത്ര പരിസരത്തുവച്ചായിരുന്നു. ഈ യാഗത്താൽ പ്രസിദ്ധമായ സ്ഥലമായതുകൊണ്ട് അദ്ദേഹം മാന്ധാതപുരം എന്നു പേരുനല്കുകയും ചെയ്തു. പില്ക്കാലത്ത് ഇത് ലോപിച്ച് മാന്നാർ എന്ന സ്ഥലനാമം പ്രചാരത്തിലാവുകയും ചെയ്തു. മാന്ധാതാവിന്റെ ക്ഷണപ്രകാരം അഗസ്ത്യമുനിയും ശിഷ്യനായ ക്രോഷ്ഠമുനിയും പരിവാരങ്ങളും വന്ന് ചേരികെട്ടി താമസിച്ച സ്ഥലം കൊരട്ടിച്ചേരി ( ഇപ്പോഴത്തെ കുരട്ടിശ്ശേരി) എന്നും, കിഴക്കുവശം വനപ്രദേശമായിരുന്നതിനാൽ അവിടം കുരട്ടിക്കാട് എന്നും വിളിച്ചുപോന്നു. ക്രോഷ്ഠ മഹർഷിയുടെ വനം(ക്രോഷ്ഠവനം) ഇന്നത്തെ കുരട്ടിക്കാട് ആയി എന്നും പറയപ്പെടുന്നു. യാഗമദ്ധ്യേ ശ്രീ പരമശിവൻ ഹോമാഗ്നിയിൽ പ്രത്യക്ഷപ്പെടുകയും ഇവിടെ ശിവപ്രതിഷ്ഠ നടത്തണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. ഹോമകുണ്ഠത്തിനു പടിഞ്ഞാറുവശത്തായി സതീദഹനത്തെ തുടർന്ന് ഘോരതപസ്സനുഷ്ഠിക്കുന്ന മഹേശ്വരനെ ക്രോഷ്ഠമുനി പ്രതിഷ്ഠിച്ചു. (കേരള ചരിത്രം രണ്ടാംഭാഗം. കുറിപ്പം വീട്ടിൽ ഗോപാലപിള്ള ഉണ്ണുനീലി സന്ദേശം 113-ാം ശ്ളോകം)



ക്രിസ്തുവർഷാരംഭത്തിൽ അറബിക്കടൽ മാന്നാർ ഉപഗ്രാമത്തെ സ്പർശിച്ചു കിടന്നിരുന്നുപോലും കുരട്ടി (കടലുരുട്ടി) തൃപ്പെരുംതറ (തൃപ്പെരുന്നൂറെ) ചാല (ചാലൈ) തുടങ്ങിയ സ്ഥലനാമങ്ങൾ ഇതിനു തെളിവാണ്. കടലുരുട്ടി ഉയർത്തിയ സ്ഥലനാമങ്ങളാണ് ഇതെന്ന് കുറിപ്പം വീട്ടിൽ ഗോപാലപിള്ളയുടെ കേരളമഹാചരിത്രം ഒന്നാംഭാഗത്തിൽ പറയുന്നു. പ്രദേശത്തെ മണ്ണിന്റെ ഘടനയും, ഭൂഗർഭ ലക്ഷ്യങ്ങളും ഈ അഭിപ്രായത്തോടു യോജിക്കുന്നവയാണ്. അതിപുരാതനമായ ഒരു നാഗരികതയുടെ അവശിഷ്ടങ്ങളായ, സഹസ്രാബ്ദങ്ങളുടെ പഴക്കമുള്ള എണ്ണമറ്റ ശിവക്ഷേത്രങ്ങളും ദ്രാവിഡ ആരാധനാകേന്ദ്രങ്ങളും ഈ ഭാഗത്തു കാണപ്പെടുന്നുണ്ട്. ഏറത്ത് മേച്ചേരി ഗ്രന്ഥാവലിയിലുള്ള ഒരു ആധാരച്ചാർത്തിൽ, ഈ പ്രദേശത്തിന് മാന്നാർ മംഗലം എന്നൊരു പേരുകൂടി ഉണ്ടായിരുന്നതായി കാണുന്നു.

തൃക്കുരട്ടി മഹാദേവർ ക്ഷേത്രത്തിന്റെ ചുറ്റുമതിൽ പരമശിവന്റെ ഭൂതഗണങ്ങൾ ഒറ്റ രാത്രികൊണ്ട് നിർമ്മിച്ചതാണെന്ന് ഐതീഹ്യം. മണ്ണ് ചുമന്നുമാറ്റിയ കുട്ടകൾ തല്ലിക്കുടഞ്ഞസ്ഥലമാണ് കുട്ടതല്ലിക്കുന്ന് അത് പിന്നീട് കുന്നത്തിൽ കാവ് ആയി മാറി. യാഗസ്ഥലത്തെ ഹോമകുണ്ഠസ്ഥാനത്ത് ക്ഷേത്രക്കുളം എത്ര തവണവെട്ടിയിട്ടും വെള്ള കാണാതിരുന്നതിനെ തുടർന്ന് ഒരു പ്രത്യേക സ്ഥാനം ചൂണ്ടിക്കാട്ടി അഗസ്ത്യമുനി തപസ്സിലാവുകയും പിന്നീട് ആ ഭാഗം വെട്ടിയപ്പോൾ നീരുറവകൾ പൊട്ടി മുനിയുടെ മടിയിൽ വെള്ളം കയറുകയും ചെയ്തു. ഈകുളമാണ് തമ്പടിയിൽ കുളം (തമ്പടിക്കുളം) എന്നറിയപ്പെടുന്നത്. ഈ കുളത്തിലെ ജലത്തിന് ഏതുകാലാവസ്ഥയിലും ചൂടുള്ളതായി പറയപ്പെടുന്നു.

തൃക്കുരട്ടിയുടെ ഉപദേവ പ്രതിഷ്ഠയുള്ള ക്ഷേത്രമാണ് ഇപ്പോൾ ശാസ്താം നട എന്നറിയപ്പെടുന്ന ശ്രീ ധർമ്മശാസ്താ ക്ഷേത്രം. ഇരമത്തൂർ മഹാദേവർ ക്ഷേത്രത്തെപ്പറ്റി ഉണ്ണുനീലി സന്ദേശം 112 -ാം ശ്ളോകത്തിൽ പരാമർശിക്കുന്നുണ്ട്. നാമം ചൊല്ലുവാൻ അരുതാത്ത ശിവക്ഷേത്രം എന്നാണ് ഇതിനെകുറിച്ച് പരാമർശിച്ചിരിക്കുന്നത്. പേരു പറഞ്ഞുകൂടാ എന്ന ഐതീഹ്യം പുലിയൂർ, എണ്ണയ്ക്കാട്, ഇരമത്തൂർ

ക്ഷേത്രങ്ങൾക്കെല്ലാം ഉണ്ടെന്നാണ് ഇളംകുളം കുഞ്ഞൻ പിള്ള ഉണ്ണുനീലീ സന്ദേശത്തെ കുറിച്ചുള്ള ഒരു പഠനത്തിൽ പറയുന്നത്. ഇരമത്തൂർ സങ്കേതത്തിന്റെ പഴയ പേര് ഇരവിമംഗലത്തൂർ എന്നായിരുന്നു. വളരെ പ്രശസ്തമായ ഇതിഹാസമുള്ള തൃപ്പെരുന്തുറക്ഷേത്രം ഇതിനുവളരെയടുത്താണ്.

തൃക്കുരട്ടിയിൽ നിന്നും സുമാർ ഒരു കിലോമീറ്റർ അകലെ പാവുക്കര പകുതിയിൽ ഉള്ള തൃപ്പാവൂർ ക്ഷേത്രത്തിനും മുൻചൊന്ന ക്ഷേത്രങ്ങളെപ്പോലെ നിസ്തുലമായ ഒരു പഴയ ചരിത്രമാണുള്ളത്. ഈ പരിസരത്തുള്ള സാമാന്യം വലിയ ഒരു വിഷ്ണു ക്ഷേത്രമാണിത്.

കൃതയുഗത്തിൽ അഗസ്ത്യശിഷ്യനായ ക്രോഷ്ഠമുനിയാൽ പ്രതിഷ്ഠിക്കപ്പെട്ടതാണ്. കുട്ടമ്പേരൂർ കാർത്ത്യായനി ദേവി പ്രതിഷ്ഠ ക്രോഷ്ഠപുരം എന്നത് ലോപിച്ചാണത്രേ കുട്ടമ്പേരൂർ ആയത്. രണ്ടരയടിയോളം ഉയരമുള്ള ബിംബം ശിലയല്ലത്രേ. ദർഭയും മണലും അരച്ചുചേർത്തുണ്ടാക്കിയ ഒരു പ്രത്യേകതരം കൂട്ടുകൊണ്ടാണ് ഇതുനിർമ്മിച്ചിട്ടുള്ളതെന്നു പറയപ്പെടുന്നു. ഈ ക്ഷേത്ര പരിസരത്ത് തമിഴ് മലയാളം ബ്രാഹ്മണർ പണ്ടുമുതൽ തന്നെ പാർത്തിരുന്നു എന്നാണ് രേഖകളിൽ കാണുന്നത്. ക്ഷേത്രത്തിന്റെ കിഴക്കുവശത്തായി ക്രോഷ്ഠ മഹർഷിയുടെ സമാധിസ്ഥലം ഇന്നും വിശുദ്ധ സ്ഥാനമായി സൂക്ഷിക്കപ്പെടുന്നു. ഈ മുനീശ്വരന്റെ തേവാരമൂർത്തിയെയാണ് തേവരിക്കൽ ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്നത്. പാഴൂർ ഭഗവതി ക്ഷേത്രവും ഈ പ്രദേശത്തു തന്നെയാണ്.



ഇരമത്തൂർ വല്യത്തു കുടുംബക്കാർ കൊടുങ്ങല്ലൂരിൽ നിന്നും ഭദ്രകാളിയെ ആയുധത്തിൽ ആവാഹിച്ച് ഇരമത്തൂർ പാട്ടമ്പലത്തിൽ കുടിയിരുത്തി എന്നാണ് ഐതീഹ്യം. ഉപ പ്രതിഷ്ഠകളുള്ള ഒരുക്ഷേത്രമാണിത്. നാറാണത്തു ഭ്രാന്തന്റെ ഇഷ്ട ദേവനായിരുന്ന ആദിത്യദേവനെ വിഷ്ണുരൂപത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്നത് പാട്ടമ്പലത്തിനു തൊട്ടു കിഴക്കുവശമുള്ള സൂര്യനാരായണ ക്ഷേത്രത്തിലാണ്. കേരളത്തിലെ അപൂർവ്വം സൂര്യക്ഷേത്രങ്ങളിലൊന്നാണിത്. പവിഴശില കൊണ്ടാണ് ബിംബം നിർമ്മിച്ചിരിക്കുന്നത്. തളിയിൽ വിഷ്ണുക്ഷേത്രം, വൃഷഭശ്ശേരിക്കര (വിഷവർഷേരിക്കര) ശ്രീ സുബ്രഹ്മണ്യ ക്ഷേത്രം, വിഷവർഷേരിക്കര ഊരുമഠം ഭദ്രകാളിക്ഷേത്രം എന്നിവയെല്ലാം ഇതേപോലെ ചരിത്രാംശങ്ങൾ ഏറെയുള്ളതാണത്രേ!.

ഈ ക്ഷേത്രങ്ങളിൽ പലതും നാനാജാതി മതസ്ഥരും ആരാധന നടത്തിവരുന്നതാണ്. തൃക്കുരട്ടി ക്ഷേത്രത്തിന്റെ കിഴക്കുവടക്കുഭാഗത്ത് മുസ്ലീം ജനവിഭാഗം ആരാധന നടത്തിവരുന്നുണ്ട്. ഓമല്ലൂർ വയൽ വാണിഭം കഴിഞ്ഞുവന്ന ഒരു മുസ്ലീം വ്യാപാരി കൊള്ളക്കാരിൽ നിന്ന് അത്ഭുതകരമായി രക്ഷപ്പെട്ട സംഭവത്തിലൂന്നിയ ഐതീഹ്യമാണ് ഇതിനുപിന്നിലുള്ളത്.

ക്രിസ്ത്യൻ ജനവിഭാഗങ്ങളിൽ ഏറ്റവും പഴക്കമുള്ളതാണ് പാവുക്കര കുര്യത്തു കടവിലുള്ള സെന്റ് പീറ്റേഴ്സ് ചർച്ച്. 1498 ൽ വാസ്കോഡിഗാമ മദ്ധ്യതിരുവിതാംകൂറിൽ സ്ഥാപിച്ച ലത്തീൻ കത്തോലിക്കാ വിഭാഗത്തിലെ ആദ്യത്തെ പള്ളിയാണിതെന്നു പറയപ്പെടുന്നു.

അതുപോലെ വളരെ പാരമ്പര്യമുള്ള ഒരു ക്രൈസ്തവ ദേവാലയമാണ് പരുമല പള്ളി. പള്ളി സ്ഥിതിചെയ്യുന്നത് പരുമലയിലാണെങ്കിലും മാന്നാറുമായി ഈ ദേവാലയത്തിന് വളരെയടുത്ത ഒരു സാംസ്കാരികബന്ധമുണ്ട്.

മുസ്ലീം ദേവാലയങ്ങളിൽ കാലപ്പഴക്കമേറിയതാണ് ഇരമത്തൂർ മുഹിയുദ്ദീൻ പള്ളി. ഈ മുസ്ലീം ദേവാലയത്തിന്റെ കാലപ്പഴക്കം നിർണ്ണയിക്കാൻ കഴിയുന്നില്ല. ഇസ്ലാം മത പ്രചരണാർത്ഥം കേരളത്തിലെത്തിയ മലിക്ദിനാറും സംഘവുമാണ് ഈ പള്ളി സ്ഥാപിച്ചതെന്ന് വിശ്വസിക്കപ്പെടുന്നു. മുസ്ലീം ദിവ്യനായ അബ്ദുള്ളാകോയ തങ്ങളുടെ കബറിടം ഈ പള്ളിയിലാണ്.

ശബരിമല അയ്യപ്പനെപ്പോലെതന്നെ ഭക്തജനങ്ങൾ ആരാധിക്കുന്ന വാവരുസ്വാമിയുടെ 13-ാം തലമുറയിൽപെട്ട സൈഫുദ്ദീൻ ബഹദൂർ വാവര് വാവരുസ്വാമി (83) നമ്മുടെ പഞ്ചായത്തിലാണ് താമസിക്കുന്നത്.

ചരിത്രത്താളുകളിൽ നിറഞ്ഞു നിൽക്കുന്ന ഈ ആരാധനാലയങ്ങൾ ചിരപുരാതനമായ ഒരുസംസ്കാരത്തെപ്പറ്റി നമുക്കു തിരിച്ചറിവുകൾ നൽകുന്നു. ഈ ക്ഷേത്ര ഗ്രാമങ്ങളിൽ തമിഴ് ബ്രാഹ്മണവിഭാഗം കൂടുതലായി ഉണ്ടായിരുന്നു. വ്യാപാരമേഖലയിൽ ഒരുകാ

ലത്ത് മുൻപന്തിയിൽ നിന്നിരുന്നത് ഇവർ തന്നെയായിരുന്നു.

ഓട്ടുവ്യവസായത്തിന് ആവശ്യമായ തൊഴിലാളികളെയും അക്കാലത്ത് തമിഴ്നാട്ടിൽ നിന്നും കൊണ്ടുവന്നിട്ടുണ്ടാവണം. തമിഴ് ശൈലിയോട് ആഭിമുഖ്യം പുലർത്തുന്ന ഓട്ടു വ്യവസായ തൊഴിലാളികൾ ഇന്നും നമ്മുടെ നാട്ടിൽ ധാരാളമുണ്ട്. പില്ക്കാലത്ത് ഈ ഗ്രാമം കായങ്കുളം രാജാവിന്റെ അധീനതയിലായിരുന്നു. തന്റെ ജന്മനാളിലും വിശേഷദിവസങ്ങളിലും രാജാവ് തൃക്കുരട്ടി ക്ഷേത്രദർശനത്തിന് സ്ഥിരമായി വന്നുചേർന്നിരുന്നു. ആ സമയങ്ങളിൽ പാർക്കുവാനായി രാജാവു നിർമ്മിച്ചതാണ് ഇപ്പോൾ ജീർണ്ണാവസ്ഥയിലുള്ള കോയിക്കൽ കൊട്ടാരം. മുല്ലശ്ശേരി കടവിൽ നിന്നും തണ്ടുവച്ച വള്ളത്തിൽ കൊട്ടാരത്തിലേക്കു വന്നിരുന്ന ജലപാതയാണ് ഇപ്പോഴത്തെ മണ്ണാത്തറ തോട്. 1957ൽ ജലസേചന മന്ത്രിയായിരുന്ന ജസ്റ്റീസ് വി. ആർ കൃഷ്ണയ്യർ ഇത് ഇറിഗേഷൻ തോടായി പ്രഖ്യാപിച്ചു.



കായങ്കുളം രാജാവും മാർത്താണ്ഡവർമ്മ മഹാരാജാവും തമ്മിലുണ്ടായ ചരിത്രപ്രസിദ്ധമായ യുദ്ധം നടന്ന സ്ഥലമാണ് മാന്നാർ പടനിലം. ഇപ്പോൾ ആ സ്ഥലം ഒരു സ്വകാര്യ ചന്തയാണ്. കൊല്ലവർഷം 917ൽ ( എ ഡി 1742) വളരെ തന്ത്രപൂർവ്വം മെനഞ്ഞെടുത്ത മാന്നാർ ഉടമ്പടിയിൽ രണ്ടുരാജാക്കന്മാരും ഒപ്പുവച്ചുവെങ്കിലും പിന്നീട് കായങ്കുളം രാജാവിനെ മാർത്താണ്ഡവർമ്മകീഴടക്കുകയായിരുന്നു. മാർത്താണ്ഡവർമ്മയുടെ പതനത്തിനുശേഷം ക്ഷേത്രവും കൊട്ടാരവും സർക്കാരിനു കൈമാറി. ഇവയെല്ലാം സർക്കാർ ദേവസ്വംബോർഡിനു കൈമാറിയെങ്കിലും കൊട്ടാരം ജീർണ്ണാവസ്ഥയിലും അതിന്റെ ഉടമസ്ഥതയെ സംബന്ധിച്ചും തർക്കം ഇന്നു കോടതിയിലുമാണ്.

സാംസ്കാരികവും ചരിത്രപരവുമായി ഉണ്ടായ ഈ മേൽക്കോയ്മ സാമൂഹിക പരിഷ്ക്കരണ പ്രസ്ഥാനത്തിലും തുടർന്നുപോന്നു. 19023 ൽ വെച്ചുര്യേത്ത് മഠത്തിന്റെ വടക്കേ വരാന്തയിൽ 21 വിദ്യാർത്ഥികളുമായി വെച്ചൂര്യേത്ത് ശ്രീ വി. എസ് കൃഷ്ണപിള്ളയുടെ നേതൃത്വത്തിൽ ഒരു വിദ്യാലയം ആരംഭിച്ചു. ചേരിയിൽ ശ്രീ സി കൊച്ചുകുഞ്ഞു കുറുപ്പ് ആയിരുന്നു ആദ്യത്തെ അദ്ധ്യാപകൻ. ആ മഹത്തായ വിദ്യാലയമാണ് മാന്നാർ നായർ സമാജം ഹൈസ്കൂൾ. ഈ സ്ഥാപനം ഇപ്പോൾ സ്ഥിതിചെയ്യുന്ന സ്ഥലത്തേക്കുമാറിയത് 1904 ജനുവരി 25 തിങ്കളാഴ്ചയായിരുന്നു.

ഈസ്കൂളിന്റെ ആദ്യത്തെ ഹെഡ്മാസ്റ്റർ പൊയ്ക്കാട്ട്കൃഷ്ണപിള്ളയായിരുന്നു.

ചീഫ് ജസ്റ്റീസ് ആയിരുന്ന പുതുപ്പള്ളി കൃഷ്ണപിള്ള, ഹൈക്കോടതി ജഡ്ജി ലക്ഷ്മണൻപിള്ള അമ്പലപ്പാട്ട് എ എസ് ദാമോദരനാശാൻ, ഭക്ഷ്യ മന്ത്രിയായിരുന്ന കെ. സി ജോർജ്ജ് പ്രസിദ്ധ സാഹിത്യകാരൻ എൻ. പി ചെല്ലപ്പൻനായർ മക്കപ്പുഴ വാസുദേവൻപിള്ള, കൈനിക്കര സഹോദരന്മാർ, മുൻസ്പീക്കർ ശങ്കരനാരായണൻതമ്പി, ശ്രീ കെ. പി. കൃഷ്ണമേനോൻ തുടങ്ങി പ്രമുഖരെ രാജ്യത്തിന് സംഭാവനചെയ്യാൻ ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്. ഹരിജനങ്ങൾ ഉൾപ്പെടെ പാവപ്പെട്ട നിരവധി വിദ്യാർത്ഥികൾക്ക് സൗജന്യ വിദ്യാഭ്യാസം അക്കാലത്തു നൽകുവാൻ ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്.

അക്കാലത്തെ നേതൃത്വത്തിന്റെ ധീരതയും, പുരോഗമന വീക്ഷണവും പ്രകടമാക്കുന്ന ചില സംഭവങ്ങളുണ്ട്. 1904 സെപ്തംബർ ഒക്ടോബർ ലക്കം നായർ സമുദായ പരിഷ്കരണിയിൽ ഇപ്രകാരം പ്രസിദ്ധീകരിച്ചിരിക്കുന്നു. 1903 സെപ്തംബർ 27 ന് തോട്ടത്തിൽ ഉണ്ണിത്താന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം താഴെ പറയുന്ന തീരുമാനമെടുത്തു. കെട്ടുകല്യാണം ഒരുദിവസംമാത്രം ആചരിച്ചാൽ മതി. പുകലകൊട തീരെ നിർത്തി. നായർ സ്ത്രീകളും, മറ്റുസമുദായങ്ങളിലുള്ളവരും മാറുമറയ്ക്കേണ്ടതാണ്. തൊട്ടുകൂടാത്തവരും, തീണ്ടിക്കൂടാത്തവരും സമൂഹത്തിന്റെ പുറം പോക്കുകളിൽ അലഞ്ഞു തിരിഞ്ഞു നടന്ന അക്കാലത്ത് അവരെയൊക്കെ കൈയ്യാട്ടി വിളിക്കാനും ഒരുമിച്ചു നിർത്തുവാനും കഴിഞ്ഞിട്ടുണ്ട്. പ്രമുഖ സാമൂഹ്യ പരിഷ്കർത്താവായിരുന്ന അയ്യൻകാളിയെ മാന്നാറിലേക്കു ക്ഷണിച്ചുകൊണ്ടുവരുന്നതിലും വെച്ചൂര്യേത്ത് വി. എസ്. കൃഷ്ണപിള്ളയ്ക്ക് നേതൃത്വപരമായ ഒരു പങ്കുണ്ടായിരുന്നു. ക്ഷേത്രപ്രവേശന വിളംബരം ഉണ്ടാവുന്നതിന് വളരെ മുൻപുതന്നെ വെച്ചൂര്യേത്ത് കുടുംബഭാഗമായ സ്ഥലത്ത് ഹരിജനങ്ങൾക്കായി ഒരു

ക്ഷേത്രം നിർമ്മിച്ചിട്ടുണ്ട്. (തേവരുപറമ്പ്) ഈഴവകുടുംബങ്ങളിൽ പ്രധാനികളായിരുന്ന വിളയിൽ കുടുംബ ക്ഷേത്രത്തിൽ 1088 മകരം 14 (1914 ജനുവരി 26) ഞായറാഴ്ച വി. എസ്. കൃഷ്ണപിള്ളയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ശ്രീ നാരായണഗുരു പ്രസംഗിക്കുകയുണ്ടായി. തുടർന്ന് ഒരാഴ്ച സ്വാമിജി അവിടെ താമസിക്കുകയും, സമുദായ പ്രവർത്തനം നടത്തുകയും ചെയ്തു.

ശ്രീമൂലം പോപ്പുലർ അസംബ്ലിയിൽ തിരുവല്ലാ മണ്ഡലത്തെ പ്രതിനിധീകരിച്ചിരുന്ന ശ്രീ. വി. എസ്. കൃഷ്ണപിള്ളയ്ക്ക് ശുഭാനന്ദസ്വാമികളുമായുള്ള സ്നേഹ ബന്ധംകാരണം എം. എൽ. എ എന്നുള്ള നിലയിൽ സി. പി.യെ സ്വാധീനിച്ച് കരമൊഴിവായി പതിച്ചെടുത്തതാണ് ഇപ്പോൾ വേട്ടുക്കരയിൽ ശുഭാനന്ദാശ്രമം സ്ഥിതിചെയ്യുന്ന സ്ഥലം. ആദ്യത്തെ ശുഭാനന്ദാശ്രമവും ഇതുതന്നെയാണ്.

സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തിൽ ജി. രാമചന്ദ്രനോടൊപ്പം പങ്കെടുത്തിരുന്ന കാഞ്ഞിക്കൽ കെ. വേലായുധപ്പണിക്കർ മാന്നാറിലെ അറിയപ്പെടുന്ന സ്വാതന്ത്ര്യസമര സേനാനിയാണ്. നമ്മുടെ നാട്ടുകാരനായ മാന്നാർ ഗോപാലൻ നായർ എം എൽ എ സ്ഥിരതാമസം തിരുവനന്തപുരത്തായിരുന്നതിനാൽ നമുക്ക് അദ്ദേഹത്തിന്റെ നേതൃത്വം ലഭിക്കുകയുണ്ടായില്ല.

മാന്നാറിൽ ഒരു കോളേജ് സ്ഥാപിക്കണമെന്നുള്ള നമ്മുടെ ആദ്യകാല നേതൃത്വത്തിന്റെ ആഗ്രഹം സാധിക്കാൻ കഴിഞ്ഞത് 1967 കാലത്താണ്. അന്ന് എം എൽ എ ആയിരുന്ന ശ്രീ പി. ജി പുരുഷോത്തമൻപിള്ളയും, ദേവസ്വംബോർഡ് അംഗമായിരുന്ന പി. കെ ചന്ദ്രാനന്ദനും തങ്ങളുടെ ഔദ്യോഗിക പദവികൾ പരുമല ദേവസ്വംബോർഡ് പമ്പാ കോളേജ് സ്ഥാപിക്കുന്നതിനു വേണ്ടി വിനിയോഗിച്ചിട്ടുണ്ട്. അന്നത്തെ പ്രധാനപ്പെട്ട പ്രാദേശിക നേതാക്കന്മാരിൽ ഒരാളായിരുന്ന ശ്രീ കെ. കെ. ചന്ദ്രശേഖരപിള്ള വൈദ്യന്റെ സമർത്ഥമായ സംഘാടക ശേഷിയാണ് ഈ പ്രവർത്തനത്തിന്റെ കാതൽ. ഈ കോളേജ് സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള ആദ്യ പ്രാദേശിക സംഭാവന പാവുക്കര പുലയർ കരയോഗം വകയായിരുന്നു എന്നത് എടുത്തുപറയേണ്ട ഒരു കാര്യമാണ്. ഇപ്പോഴത്തെ നമ്മുടെ പ്രദേശത്തിന്റെ വളർച്ചയ്ക്കു കാരണമായിട്ടുള്ള അലിൻഡ് സ്വിച്ച് ഗിയർ ഡിവിഷൻ, മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് തുടങ്ങിയവ നേടുവാൻ കഴിഞ്ഞതും 1967 ലെ ഗവഃ ന്റെ കാലത്താണ് മാന്നാർ കാർഷിക മേഖലയുടെ സമഗ്രപുരോഗതിക്കുവേണ്ടി ഒരുമാസ്റ്റർ പ്ലാൻതയ്യാറാക്കി സർക്കാരിനു സമർപ്പിച്ചതും ധിഷണാശാലിയായ ശ്രീ കെ കെ ചന്ദ്രശേഖരപിള്ള വൈദ്യന്റെ നേതൃത്വത്തിലായിരുന്നു.

വികസ്വരപ്രദേശമായ നമ്മുടെ ഈ ചെറുപട്ടണം സാംസ്കാരികത്തനിമയിൽ ഏറ്റ പഴക്കമുള്ളതാണ്. പഴയകാല പാരമ്പര്യം മുറുകെപ്പിടിച്ച് ഇനിയുമേറെ മുന്നോട്ടുപോകുവാൻ നമുക്കു കഴിയണം. കഴിഞ്ഞേപറ്റൂ. ആവശ്യമായ കരുതലും ജാഗ്രതയും കൈമുതലാക്കി ഇവിടെ അവതരിപ്പിക്കുന്ന രേഖ സമ്പുഷ്ടമാക്കുവാൻ നമുക്കു കഴിയട്ടെ.



# സ്ത്രീപദവി

പല രംഗങ്ങളിലും മാതൃകയായ കേരളം നേരിടുന്ന പ്രധാനവെല്ലുവിളിയാണ് വികസന പ്രക്രിയയിൽ സ്ത്രീകളുടെ അന്യവൽക്കരണം. വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങി ചില സൂചികകൾ അടിസ്ഥാനമാക്കി കേരളത്തിലെ സ്ത്രീകളുടെനില ഉയർന്നതാണെന്നു പറയുന്നുവെങ്കിലും തൊഴിൽ, സാമ്പത്തിക, സാമൂഹിക മേഖലകളിലെ സ്ത്രീകളുടെ നില ഏറെ പിന്നോക്കമാണ്. ദിവസം 18 മണിക്കൂർവരെ ജോലിചെയ്യേണ്ടിവരുന്നു സ്ത്രീയ്ക്ക്. എന്നാൽ തൊഴിൽ പരാമർശങ്ങളിൽ ഇത് ഉൾപ്പെടുത്തുന്നില്ല. പ്രത്യക്ഷമായ വരുമാനം ലഭിക്കാത്ത കുടുംബജോലികളും മറ്റും തൊഴിലായി അംഗീകരിക്കുന്നില്ല.

കാർഷിക നിർമ്മാണമേഖലകളിൽ തൊഴിലെടുക്കുന്ന സ്ത്രീകൾക്കാകട്ടെ അതേജോലി ചെയ്യുന്ന പുരുഷൻമാരേക്കാൾ കുറഞ്ഞ വേതനമാണ് ലഭിക്കുന്നത്. നിലമെച്ചമെന്നു കരുതുന്ന ആരോഗ്യ വിദ്യാഭ്യാസ മേഖലകളിലും സ്ത്രീയുടെ അവസ്ഥ അത്ര മെച്ചമല്ല. പരമ്പരാഗത വിദ്യാഭ്യാസമേഖലകളിൽനിന്നും സ്ത്രീയ്ക്കു പുറത്തുകടക്കാനായിട്ടില്ലെന്നു മാത്രമല്ല വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കത്തിലെ സ്ത്രീവിരുദ്ധനിലപാടും ശ്രദ്ധേയമാണ്.

വനിതാ നേതൃത്വത്തിലുള്ള കുടുംബങ്ങളുടെ എണ്ണം വർദ്ധിക്കുമ്പോൾ തന്നെ രാഷ്ട്രീയപാർട്ടികൾ, ട്രേഡ് യൂണിയനുകൾ, സന്നദ്ധസംഘടനകൾ എന്നിവയുടെ നേതൃത്വത്തിലേക്കുവരുന്ന സ്ത്രീകളുടെ എണ്ണം നന്നേ കുറവാണ്. കാർഷികമേഖലപോലെ സ്ത്രീകൾ കൂടുതലായി തൊഴിലെടുക്കുന്ന രംഗങ്ങളിലെ സേവന വേതന വ്യവസ്ഥകൾ നിശ്ചയിക്കുന്ന ഉന്നത സമിതികളിൽ വേണ്ടത്ര സ്ത്രീപ്രാതിനിധ്യം ഇല്ലാത്തത് സ്ത്രീകൾക്കു ന്യായമായി ലഭിക്കേണ്ട അവകാശങ്ങൾ പോലും ലഭിക്കാതിരിക്കുന്നതിനു കാരണമാകുന്നു.

മാന്നാറിലെ ജനസംഖ്യയിൽ വനിതകൾ 15723 പേരും പുരുഷൻമാർ 15248 പേരുമാണ്. 1000 പുരുഷൻമാർക്ക് 1031 സ്ത്രീകൾ. സംസ്ഥാന ശരാശരി 1000–ന് 1036 ആണ്. മാന്നാർ പഞ്ചായത്തിലെ മുഴുവൻ സ്കൂളുകളിലും പഠിക്കുന്ന 4640 കുട്ടികളിൽ 2620 പേർ പെൺകുട്ടികളാണ്. എന്നാൽ ഉന്നതവിദ്യാഭ്യാസരംഗത്ത് അതായത് തൊഴിലധിഷ്ഠിതവും സാങ്കേതികവുമായ വിദ്യാഭ്യാസരംഗത്ത് സ്ത്രീകൾ പിന്തുണപ്പെടുന്നു. പുത്തൻ സാങ്കേതിക വിദ്യയും ഉപകരണങ്ങളും ഉപയോഗിച്ച് ഉൽപാദനമേഖല ആധുനികവൽക്കരിക്കുമ്പോൾ സ്ത്രീകൾ പുറന്തള്ളപ്പെടുന്നതിന് ഇത് കാരണമാകുന്നു.

മാന്നാർ പഞ്ചായത്ത് വനിതാ ഇലക്ട്രോണിക്സ് & ഖാദി ഗ്രാമവ്യവസായ സഹകരണ സംഘമാണ് എടുത്തുപറയാവുന്ന വനിതാ വ്യവസായ യൂണിറ്റ്. എന്നാലിതിന്റെ പ്രവർത്തനം ഇന്ന് പ്രതിസന്ധിയെ നേരിടുന്നു. മാന്നാറിൽ നിലവിൽ 4 അംഗനവാടികളാണുള്ളത്. പുതുതായി അനുവദിച്ച 21 എണ്ണം കൂടി പ്രവർത്തനം തുടങ്ങുമ്പോൾ 40–ൽപ്പരം ഏറെ സ്ത്രീകൾക്കു തൊഴിൽ ലഭിക്കുകയും മാതൃശിശുസംരക്ഷണത്തിൽ മുന്നേറ്റമുണ്ടാകുകയും ചെയ്യും. മാന്നാറിൽ വനിതകൾ നടത്തുന്ന ഒരു മഹിളാഹോട്ടൽ പ്രവർത്തിക്കുന്നുണ്ട്.

രോഗാതുരതയുടെ കാര്യത്തിൽ സ്ത്രീകളുടെ അവസ്ഥ മോശമാണ്. ഏറെ സ്ത്രീകളും കുടുംബത്തിൽ തളച്ചിടപ്പെട്ടിരിക്കുന്നതിനാൽ രോഗങ്ങൾ തുടക്കത്തിലേ ചികിത്സക്കപ്പെടുന്നില്ല. സ്ത്രീകളുടെ തൊഴിൽജന്യരോഗങ്ങളും ചികിത്സിക്കുന്നതിന് ആവശ്യമായ സംവിധാനങ്ങൾ ഹെൽത്ത് സെന്ററിൽ ലഭ്യമല്ല. കുടുംബാസൂത്രണപ്രവർത്തനത്തിന്റെ എണ്ണം തികയ്ക്കുക എന്നതിനപ്പുറത്ത് സ്ത്രീകളുടെ പൊതു ആരോഗ്യം എന്ന ലക്ഷ്യത്തിലേക്ക് ഹെൽത്ത് സെന്ററുകളും അംഗനവാടികളും തങ്ങളുടെ ആരോഗ്യ സംരക്ഷണപ്രവർത്തനങ്ങൾ മാറ്റേണ്ടിയിരിക്കുന്നു.

രാഷ്ട്രീയ, സാമൂഹ്യ പ്രവർത്തനങ്ങളിൽ മുന്നോട്ടുവരുന്ന സ്ത്രീകളെ അംഗീകരിക്കുന്നതിനു സമൂഹം തയ്യാറാകേണ്ടതുണ്ട്. ഇതിനു തയ്യാറായ സന്ദർഭങ്ങളിലെല്ലാം സ്ത്രീകൾ സജീവമായി രംഗത്തു വന്നിട്ടുണ്ട്. സാക്ഷരതായജ്ഞത്തിലെ സ്ത്രീകളുടെ വർദ്ധിച്ച പങ്കാളിത്തം നല്ല ഉദാഹരണമാണ്. എന്നാലിന്ന് ഒരു രാഷ്ട്രീയ സാമൂഹ്യ പ്രസ്ഥാനത്തിന്റെയും നേതൃനിരയിൽ സ്ത്രീകളില്ല. ക്ലബ്ബുകൾ വായനശാലകൾ, സാംസ്കാരിക സംഘടനകൾ എന്നിവയിലും സ്ത്രീപങ്കാളിത്തം നന്നെ കുറവാണ്. ഇത് ഒഴിവാക്കാൻ ബോധപൂർവ്വമായ പ്രവർത്തനങ്ങളാവശ്യമാണ്. സ്ത്രീപീഡനം കുറയ്ക്കുന്നതിനും സ്ത്രീകളുടെ ന്യായമായ അവകാശ

ങ്ങളെങ്കിലും നേടിയെടുക്കുന്നതിനും സമൂഹത്തിൽ സ്ത്രീപദവി ഉയർത്തുന്നതിനും സ്ത്രീകൾ നേതൃനിരയിലേക്കു വളർന്നുവരുന്നതിനും സ്ത്രീകളുടെ ഒറ്റക്കെട്ടായുള്ള ശക്തമായ പ്രവർത്തനങ്ങളുണ്ടാവുകയും വേണം.

**ഗ്രാമസഭകളിലെ സ്ത്രീപങ്കാളിത്തം**

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | Total |
|---|---|---|---|---|---|---|---|---|---|---|---|---|---|
| സ്ത്രീ | 22 | 41 | 72 | 17 | 15 | 68 | 35 | 69 | 16 | 32 | 65 | 54 | 506 |

**നിർദ്ദേശങ്ങൾ**

1. കാർഷിക നിർമ്മാണ മേഖലകളിൽ പണിയെടുക്കുന്ന വനിതാ പുരുഷതൊഴിലാളികളുടെ കൂലിയിലെ അന്തരം കുറയ്ക്കുക.

2. സ്ത്രീകൾക്കായി വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക ഇതിനാവശ്യമായ പരിശീലനം നൽകുക. പരമ്പരാഗതരീതികളിൽ നിന്നു മാറി കാലഘട്ടത്തിനനുസരിച്ചുള്ള പുതിയ സാങ്കേതികവിദ്യയിൽ വനിതകൾക്കു പരിശീലനം നൽകുക.

ഉദാഃ- ഇലക്ട്രോണിക്സ്, പ്ലാനിംഗ്, വയറിംഗ് ഫർന.

3. മാന്നാറിലെ സ്കൂളുകളിൽ പെൺകുട്ടികൾക്ക് മാത്രമായ പ്രാഥമിക സൗകര്യങ്ങൾ ഉണ്ടാക്കുക.

4. ചാരായം നിരോധിക്കുക. വ്യാജചാരായം നിയന്ത്രിക്കുവാൻ ജനകീയ സമിതികൾക്ക് പഞ്ചായത്തു നേതൃത്വം നൽകുക.

5. വനിതകളുടെ വ്യവസായ സംരംഭങ്ങൾക്കു മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും സ്ത്രീപീഢനം, സ്ത്രീധനപീഢനം തുടങ്ങിയവയ്ക്കു പരിഹാര, നിർദ്ദേശങ്ങൾ നൽകുന്നതിനും പഞ്ചായത്തുതലത്തിൽ വനിതാ വികസനസമിതി രൂപീകരിക്കുക, ഇത് വാർഡുതല സമിതികളുടെ കേന്ദ്രസംഘമായി പ്രവർത്തിക്കുക.

6. സ്ത്രീകളുടെ പരാതികളിൻമേൽ തീർപ്പുകൽപ്പിക്കുന്നതിന് എല്ലാ പോലീസ് സ്റ്റേഷനുകളിലും വനിതാപോലീസിന്റെ ചുമതലയിൽ വനിതാ സെല്ലുകൾ രൂപീകരിക്കുക. ഇതിൽ ജനപ്രതിനിധികളെയും ഉൾപ്പെടുത്തുക.

7. സ്ത്രീധനം നിർത്തലാക്കുന്നതിന് കൂട്ടായ മുന്നേറ്റം.

8. സാമൂഹ്യരാഷ്ട്രീയ സംഘടനകളിൽ സ്ത്രീ പ്രാതിനിധ്യം വർദ്ധിപ്പിക്കുക. ഇത്തരം സംഘടനകളിൽ പ്രവർത്തിക്കുന്ന സ്ത്രീകളെ സമൂഹം അംഗീകരിക്കുന്നതിന് ആവശ്യമായ പ്രചരണബോധവൽക്കരണ പ്രവർത്തനങ്ങൾ വനിതാ വികസനസമിതി നടത്തുക.

9. വനിതാ വ്യവസായ യൂണിറ്റുകളുടെയും മറ്റും ഉൽപ്പന്നങ്ങളുടെ വിപണനത്തിന് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുക.

10. ആഘോഷങ്ങൾക്കും മറ്റും സ്ത്രീകളെ അണിയിച്ചൊരുക്കി നിർത്തുന്നതിനെതിരെ ബോധവൽക്കരണമുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തുക.

11. സ്കൂൾ പാഠ്യപദ്ധതിയിൽ ലൈംഗികപഠനം കാര്യക്ഷമമായി നടത്തുക. ലിംഗസമത്വം ഉറപ്പുവരുത്തുന്ന തരത്തിലാവണം ഇത്.

12. പെൺകുട്ടികൾക്ക് തങ്ങളുടെ അവകാശങ്ങളെപ്പറ്റി അവബോധമുണ്ടാക്കുന്നതിന് പ്രത്യേകബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക ഇതിൽ രക്ഷാകർത്താക്കളുടെ പങ്കാളിത്തവും ഉറപ്പാക്കുക.

13. അശ്ലീപോസ്റ്ററുകൾ, അശ്ലീല സിനിമകൾ കേബിൾ ടി. വി. ചാനലുകൾ പ്രക്ഷേപണം ചെയ്യുന്ന സ്ത്രീവിരുദ്ധ പരിപാടികൾ ഇവ നിരോധിക്കുക.

14. മാന്നാർ ഹെൽത്ത് സെന്ററിലെ പ്രസവവാർഡിന്റെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക. ഗൈനക്കോളജിസ്റ്റിനെ നിയമിക്കുക.

15. ആര്യാട്ടുഹാളിൽ പ്രവർത്തിക്കുന്ന വനിതാ വ്യവസായ യൂണിറ്റിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ ആവശ്യമായ സർക്കാർ സഹായങ്ങൾ ലഭ്യമാക്കുക.

16. അടുക്കളയിലെ ജോലിഭാരം കുറയ്ക്കുന്നതിന് പുകയില്ലാത്ത അടുപ്പ്, സ്റ്റൗ, പ്രഷർകുക്കർ, കച്ചിപ്പെട്ടി ഇവ ഉപയോഗിക്കുന്നതിന് ബോധവൽക്കരണമുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തുക.

17. അംഗൻവാടികളിൽ ജോലിചെയ്യുന്നവരുടെ വേതനം വർദ്ധിപ്പിക്കുക. മാതൃസംഗമം ഫലപ്രദമാക്കുക.



# കൃഷി ജലസേചനം

ചരിത്രാതീതമായി കാർഷികപ്രാധാന്യമുള്ള ഒരു പ്രദേശമാണ് മാന്നാർ ഗ്രാമപഞ്ചായത്ത്. പഞ്ചായത്തിന്റെ തെക്കു പടിഞ്ഞാറ് അച്ചൻകോവിലാറും വടക്കു ഭാഗത്ത് പമ്പാനദിയും കിഴക്ക് കുട്ടമ്പേരൂരാറും ഒഴുകുന്നു. നെല്ല്, തെങ്ങ്, എള്ള്, വാഴ, മരച്ചീനി, ചേന, ചേമ്പ്, പച്ചക്കറി എന്നിങ്ങനെ വൈവിധ്യമാർന്ന കാർഷികവിളകൾ ഈ പ്രദേശത്ത് കൃഷിചെയ്തുവരുന്നു. മുഖ്യവിളകൾ നെല്ലും തെങ്ങുമാണ്. കുട്ടനാടിനോട് തൊട്ടുകിടക്കുന്നുവെങ്കിലും അപ്പർ കുട്ടനാടിന്റെ പരിധിയിലാണ് വരുന്നത്.

പഞ്ചായത്തിന്റെ ജനസംഖ്യയിൽ 70 ശതമാനവും കൃഷിയെയും അനുബന്ധ മേഖലയെയും ആശ്രയിച്ച് കഴിയുന്നവരാണ്. എന്നാൽ കഴിഞ്ഞ കുറേക്കാലങ്ങളിലായി ഉൽപാദന മേഖലയിലും കാർഷികവൃത്തിയിലും മാന്ദ്യം സംഭവിച്ചുകൊണ്ടിരിക്കുന്നു. തുടർച്ചയായുള്ള പ്രകൃതിക്ഷോഭം മൂലമുള്ള കൃഷിനാശം. കൃഷിവികസന പദ്ധതികൾ സമഗ്രമായി ആസൂത്രണം ചെയ്ത് സമയബന്ധിതമായി നടപ്പാക്കാത്തതും ഇതിന് മുഖ്യകാരണങ്ങളാണ്. ഈ പ്രദേശത്തെ ഭൂപ്രകൃതിയും മണ്ണും പരിഗണിച്ച് പ്രദേശത്തിന് അനുയോജ്യമായ നിർദേശങ്ങൾ താഴെത്തട്ടിൽനിന്ന് നടപ്പാക്കാതിരുന്നതും ഈ രംഗത്തെ മുരടിപ്പിന് കാരണമായി. കർഷകവികസന രംഗത്ത് അനന്തമായ സാധ്യതകളാണ് ഈപഞ്ചായത്തിലുള്ളത്. ജനകീയാസൂത്രണത്തിന്റെ ഭാഗമായി ഈ പ്രദേശത്തെ കാർഷികമേഖലകളുടെ പ്രശ്നങ്ങളും പരിഹാരമാർഗങ്ങളും അതാത് പ്രദേശത്തെ ജനങ്ങളുമായി ചർച്ച ചെയ്ത് വിലയിരുത്തി പഞ്ചായത്തും വിദഗ്ധരും പൊതുപ്രവർത്തകരും രൂപംകൊടുത്ത പഠനവികസന റിപ്പോർട്ട് ഇതോടൊപ്പം ചേർക്കുന്നു.

പഞ്ചായത്തിന്റെ കിഴക്കൻഭാഗങ്ങളിൽ ജലഗ്രഹണശേഷി കുറഞ്ഞ ചൊരിമണലാണ്. കൂടാതെ മണ്ണിലെ കുണ്ടള എന്നറിയപ്പെടുന്ന കോക്ക് ചേഫർ പുഴുവിന്റെ ഉപദ്രവം ഈ പ്രദേശത്തെ കർഷകരെ കൃഷി ചെയ്യുന്നതിൽനിന്നും പിൻതിരിപ്പിക്കുന്നു. പടിഞ്ഞാറൻ ഭാഗങ്ങളിൽ എക്കലും ചെളിയും ചേർന്ന പശിമരാശി മണ്ണാണ്. മണ്ണ് ഫലപുഷ്ടമാണെങ്കിലും തുടർച്ചയായുള്ള വെള്ളപ്പൊക്കം, തുടരെത്തുടരെയുള്ള കൃഷിനാശങ്ങൾക്ക് കാരണമാകുന്നു.

പഞ്ചായത്തിലെ പ്രധാന വിളകൾ നെല്ലും തെങ്ങുമാണ്. മുൻകാലങ്ങളിൽ എള്ളും ഈ പ്രദേശത്തെ ഒരു പ്രധാന വിളയായിരുന്നു. എന്നാൽ, പി.ജെ. കനാലിലെ ചോർച്ച മൂലം വെള്ളക്കെട്ടുണ്ടായും മറ്റുഭാഗത്ത് ഉണക്ക് സംഭവിച്ചും എള്ളുകൃഷിക്ക് നാശം സംഭവിക്കുകയും 171 ഹെക്ടർ സ്ഥലത്തെ എള്ളുകൃഷി ഇപ്പോൾ 35 ഹെക്ടറായി ചുരുങ്ങുകയും ചെയ്തു. വാഴ, മരച്ചീനി, ചേന, ചേമ്പ്, കുരുമുളക്, റബർ, കമുക് തുടങ്ങിയ വൈവിധ്യമാർന്ന വിളകളും ഇവിടെ കൃഷിചെയ്തുവരുന്നു. പഞ്ചായത്തിലെ കാർഷികവിളകളുടെ വിവരങ്ങൾ പട്ടിക ഒന്നിൽ ചേർത്തിരിക്കുന്നു.

| വിള | വിസ്തീർണ്ണം (ഹെക്ടർ) | മൊത്തംഉൽപാദനം | ഉൽപാദനക്ഷമത (ഹെക്ടറിൽ) |
|---|---|---|---|
| നെല്ല് | | | |
| 1. വിരിപ്പ | 54 | 95 ടൺ | 2.1 ടൺ |
| 2.മുണ്ടകൻ | 72 | 158 ടൺ | 2.3 ടൺ |
| 3.പുഞ്ച | 720 | 2300 ടൺ | 3.6 ടൺ |
| തേങ്ങ | 554 | 23 ലക്ഷം എണ്ണം | 7875 എണ്ണം |
| മരച്ചീനി | 120 | 1320 ടൺ | 14 ടൺ |
| എള്ള് | 35 | 6 ടൺ | 0.18 ടൺ |
| വാഴ | 41 | 450 ടൺ | 10 ടൺ |
| കുരുമുളക് | 12 | 7 ടൺ | 0.750 ടൺ |
| പയർ | 13 | 4.5 ടൺ | 0.4 ടൺ |

## 1. നെൽകൃഷി വികസനം

പഞ്ചായത്തിലെ 2 വില്ലേജുകളായി കുരട്ടിശേരിയിൽ 1440 ഏക്കർ പുഞ്ചയും 40 ഏക്കർ ഇരുപ്പൂകൃഷിയും മാന്നാറിൽ 362 ഏക്കർ പുഞ്ചയും 120 ഏക്കർ ഇരുപ്പൂകൃഷിയും നിലവിൽ കൃഷി ചെയ്യുന്നു. ഇരുപ്പൂകൃഷി 420 ഏക്കറിൽനിന്നും 165 ഏക്കറായി ചുരുങ്ങി. നിലം നികത്തി താമസസൗകര്യം ഉണ്ടാക്കിയും തെങ്ങ്

വച്ചും അയൽനിലങ്ങൾക്ക് ജലസേചന ജലനിർഗമന തടസം സൃഷ്ടിച്ചതുമാണ് ഇതിന് കാരണങ്ങൾ. കൂടാതെ തുടരെത്തുടരെയുള്ള വെള്ളപ്പൊക്കവും മറ്റൊരു കാരണമായി. കരപുരയിടങ്ങളോട് ചേർന്ന് പാടശേഖരങ്ങളിലേക്ക് ഒഴുകിക്കൊണ്ടിരുന്ന ജലസേചനം ജലനിർഗമന തോടുകൾക്ക് തടസം സൃഷ്ടിച്ചതും ഇരുപ്പൂകൃഷിക്ക് പ്രതിസന്ധിയായി. മാറകം, ആലക്കോട്, വെട്ടുവങ്കേരിൽ പുഞ്ചപ്പാടങ്ങളിൽനിന്ന് ഇഷ്ടികക്കായി ചെളി വിൽക്കുന്ന രീതിയും നിലവിലുണ്ട്. ഇത് അയൽ നിലങ്ങളിൽ കൃഷി ചെയ്യുന്നതിന് ബുദ്ധിമുട്ടുണ്ടാക്കുന്നു. ഈ കാരണങ്ങളാൽ പല കർഷകരും നിലം തരിശിടുന്നതിനും കൂടുതൽ നിലങ്ങൾ അൽപകാലത്തേക്കുള്ള കൂടുതൽ ആദായം കിട്ടുന്നതുമായ ചെളി വിൽപ്പനയിലേക്ക് തിരിഞ്ഞുകൊണ്ടിരിക്കുകയാണ്. നഷ്ടം സഹിച്ച് കൃഷിയിറക്കുന്ന കർഷകർക്ക് കൃഷിനാശം സംഭവിക്കുന്ന സാഹചര്യം വിവരിക്കേണ്ടതില്ല. ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും പുഞ്ചപ്രദേശത്ത് ഒരു കൃഷികൂടി അധികമായി ഇറക്കുന്നതിനും വേണ്ടിയുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.

**1. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ**

പട്ടിക രണ്ടിൽ കൊടുത്തിട്ടുള്ള നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതുവഴി ഏഴു മുതൽ 12-ാം വാർഡ് വരെ വ്യാപിച്ചുകിടക്കുന്ന 140 ഏക്കർ കുരട്ടിശേരി പാടത്തിലെ ഉൽപാദനക്ഷമത കൂടുന്നതിന് ഇരുപ്പൂകൃഷി സാധ്യമാകുകയും ചെയ്യും. കുരട്ടിശേരി പാടത്തിന്റെ തെക്ക് അച്ചൻകോവിലാറും തെക്ക് പടിഞ്ഞാറ് ഇലമ്പനം വാലയിൽതോടും വടക്ക് പമ്പയാറിനാലും ചുറ്റപ്പെട്ട് കിടക്കുന്നു. പാടശേഖരത്തിന് ബലവത്തായ ബണ്ട് ഇല്ലാത്തത് തുടർച്ചയായുള്ള കൃഷിനാശത്തിന് കാരണമാകുകയും കൃഷി ഇറക്കുന്നതിനു താമസമാവുകയും കൊയ്ത്ത് കാലം മഴയാറുകയും ചെയ്യുന്നു. കർഷകർ വളരെ ബുദ്ധിമുട്ടിയാണ് വിളവെടുത്ത് കയറുന്നത്. ഇതിന് പരിഹാരമായി മുക്കം വാലേൽ ബണ്ട് ഒരു മാസ്റ്റർ പ്ലാനായി കണക്കാക്കി ബണ്ട് നിർമ്മിച്ച് ഇരുപ്പൂ കൃഷി ചെയ്യാൻ സാധിക്കും.



| Sl. No. | പദ്ധതി | പ്രയോജനം | അധിക ഉൽപാദനം |
|---|---|---|---|
| 1. | മുക്കം - വാലേൽ ബണ്ട് ആകെയുള്ള നാലര കി.മീ. ബണ്ടിൽ രണ്ടര കി.മീ കരിങ്കൽകെട്ട് നിലവിലുണ്ട്. ബാക്കി രണ്ടര കി.മി. കരിങ്കൽ കെട്ടണം. കരിങ്കൽ കെട്ടിയ ഭാഗത്ത് 1 മീറ്റർ കൂടി ഉയർത്തണം. കെട്ടുവാനുള്ള ഭാഗം 3 മീറ്റർ ഉയർത്തണം. | 1400 ഏക്കർ | |
| 2. | വട്ടപണ്ടാരി (വാണിയപടവ്) ഭാഗത്ത് തോടിന് കുറുകേ കരിങ്കൽ ഭിത്തി കെട്ടി ഷട്ടർ സ്ഥാപിക്കണം. | | |
| 3. | ചക്കിട്ടപാലത്തിന് നിലവിലുള്ള കരിങ്കൽഭിത്തിയിൽ ഷട്ടർ സ്ഥാപിക്കണം. | | |
| 4. | 50 എച്ച്.പി. വീതമുള്ള രണ്ട് മോട്ടോറും സ്ഥാപിക്കണം | ജലസേചന ജലനിർഗ്ഗമനം ഇരുപ്പൂകൃഷി തൊഴിൽദിനം കൂടുന്നു. | 2000 ടൺ |
| 5. | മീൻ കുഴിവേലിയിലും ( നാലു തോട്) കടവുള്ളാരിയിലും സ്ഥിരമായി മോട്ടോർ സ്ഥാപിച്ച് വിതയ്ക്കുന്ന സമയത്ത് ഉറവൻ നീക്കുവാൻ സാധിക്കും. | | |
| 6. | ഇടപുഞ്ച കിഴക്ക് പാടത്ത് വയറപ്പുറം മുതൽ മുക്കാത്താരിവരെ ബണ്ട് നിർമ്മിച്ച് വായപ്പുറത്ത് ഒരു കലുങ്ക് നിർമ്മിച്ച്, സ്ഥിരം മോട്ടോർത്തറ കെട്ടി , 10 എച്ച്.പിയുടെ ഒരു മോട്ടോറും സ്ഥാപിക്കണം. | | 120 ടൺ |
| 7. | മൂർത്തിട്ട മുക്കാത്താരി ബണ്ട് 1 മീറ്റർ ഉയർത്തി രണ്ടര കി.മീ ദൂരം അറ്റകുറ്റപ്പണി നടത്തുക. | | |

കുരിട്ടിശേരി പാടശേഖരത്തിന്റെ കിഴക്കൻ മേഖലയിലെ പാടങ്ങൾക്ക് പട്ടിക 3-ൽ ചേർത്തിരിക്കുന്ന ജലസേചന നിർഗമന പദ്ധതികൾ പൂർത്തീകരിക്കുന്നതുവഴി നിലവിലുള്ള ഉൽപ്പാദനക്ഷമത കൂട്ടുന്നതിനും തരിശുഭൂമിയിൽ കൃഷിയിറക്കുന്നതിനും സാധിക്കും.

**1. കോയിക്കൽ പള്ളം - 40 ഏക്കർ**

എ. മുല്ലശേരിക്കടവ് മുതൽ മണ്ണാത്തറ കലുങ്ക് വരെ നിലവിലുള്ള തോട് ആഴം കൂട്ടി ഇരുവശവും പിച്ചിം

ഗ് കെട്ടി സംരക്ഷിക്കണം. ഒ

ബി. കോളച്ചാൽ തെക്കുവശം കലുങ്കിൽ ഷട്ടർ സ്ഥാപിക്കണം.

2. **മാറകം – 70 ഏക്കർ**

എ. പുഞ്ചയുടെ തെക്കുള്ള ചാലിന് തെക്കോട്ട് നിലവിലുള്ള 50 മീറ്റർ തോട് വീതി കൂട്ടി ആഴംകൂട്ടി വെട്ടണം.

ബി. പി ഐ പി കനാലിൽനിന്ന് വീഴുന്ന വെള്ളം (മുട്ടേൽ ചിറക്ക് വടക്ക്) തോട്ടിലേയ്ക്ക് എത്തുന്നതിന് 50 മീറ്റർ നീളത്തിലും 1 മീറ്റർ വീതിയിലും തീഴ്ചയിലും വാച്ചാൽ നിർമ്മിക്കണം.

സി. മോട്ടോർതറ കരിങ്കൽ കെട്ടി നിർമ്മിക്കണം.

3. **ആലാക്കോട് – 50 ഏക്കർ**

പാടശേഖരത്തിന് കിഴക്ക് വടക്കുവശം 1.5 കി. മീറ്റർ ബണ്ട് നിർമ്മിക്കുക.

(മാറകം + ആലക്കോടിന്)

ബി. നിലവിലുള്ള 3/4 കി.മീറ്റർ ഉള്ള തോട് (പാടത്തിന്റെ മധ്യഭാഗത്തിലൂടെ ഒഴുകുന്നത്) എഞ്ചിൻ തറ വരെ 3 അടി ആഴത്തിലും 4 അടി വീതിയിലും വെട്ടണം.

സി. മോട്ടോർതറ (കരിങ്കൽ കെട്ടി) നിർമ്മിക്കണം.

4. **വേട്ടുമവക്കേരി – ആഞ്ഞിലിക്കുഴി – 60 ഏക്കർ**

വേട്ടുവക്കേരി കടവുമുതൽ നെല്ലിക്കോത്ത് കിഴക്കുവശം വരെയുള്ള അധിക 1000 മീറ്റർ ആറ്റുവരമ്പ് 4 അടി ഉയർത്തി ബലപ്പെടുത്തണം.

5. **കുട്ടമ്പേരൂർ പാടം – 70 ഏക്കർ**

എ. കള്ളേത്ത് മുക്ക് മുതൽ കണ്ണംകുഴി കടവുവരെ നിലവിലുള്ള തോട് പിച്ചിംഗ് കെട്ടി സംരക്ഷിക്കണം. ഇതിൽ 250 മീറ്റർ പിച്ചിംഗ് കെട്ടിയിട്ടുണ്ട്. ബാക്കി 70 മീറ്റർ കൂടി പിച്ചിംഗ് കെട്ടി സംരക്ഷിക്കണം. ഇടയ്ക്ക് തടയണകൾ നിർമ്മിക്കുകയും വേണം.

6. **പുതുശേരി കിഴക്കേപാടം – തൈച്ചിറപ്പാടം 10 ഏക്കർ വിരുപ്പ്**

കുറ്റിയിൽ മുക്ക് മുതൽ തൈച്ചിറ നീരൊഴുക്കുതോട് വരെ നിലവിൽ 300 മീറ്റർ നീളത്തിലുള്ള തോടിന് 1.5 മീറ്റർ വീതം താഴ്ചയിലും വീതിയിലും വെട്ടണം.

7. **മേനിലം പുഞ്ച – 15 ഏക്കർ**

കുന്നക്കാട്ടുകുളം മുതൽ മേനിലം പുഞ്ചവരെ നിലവിൽ 500 മീറ്റർ ഉള്ള തോട് 1 മീറ്റർ വീതി 15 മീറ്ററ താഴ്ചയിൽ നിർമ്മിക്കണം.

8. **കുമ്പഴപ്പാടം 6 ഏക്കർ**

വേട്ടോട്ടുങ്കരതോട് നന്നാക്കി പി ഐ പി കനാലിലെ വെള്ളം കുമ്പഴപ്പാടത്തോട്ട് കൊണ്ടു പോകുന്നതിന്.

9. **പുതുശേരിവടക്ക് – 5 ഏക്കർ**

ചാങ്ങയിൽ മുക്കിൽനിന്നും പുതുശേരി കിഴക്കുവശംവരെ നിലവിലുള്ള തോട് താഴ്ചയും വീതിയും കൂട്ടി നിർമ്മിക്കണം.

10. **നീർപ്പള്ളിൽ കിഴക്കുപുഞ്ച – 20 ഏക്കർ**

വെട്ടോണ്ടുങ്കര ഭാഗത്തുനിന്നും തെക്കോട്ട് കണ്ണംകുഴി കടവുവരെ നിലവിലുള്ള 100 മീറ്ററ തോട് 600 മീറ്റർ നീളത്തിലും താഴ്ചയും കൂട്ടി നിർമ്മിച്ച് പി. ഐ. പി. കനാൻ വെള്ളം ഒഴുക്കണം.

11. **കോയിക്കൽപാടം – 18 ഏക്കർ**

എ. കോയിക്കൽചിറ റോഡിന് കുറുകേ ഒരു കലുങ്ക് നിർമ്മിച്ച് പി ഐ പി കനാൽ വെള്ളം ഒഴുക്കി ജലസേചനം നടത്താം.

ബി. കൊറ്റർകാവ് ക്ഷേത്രത്തിന് കിഴക്ക് തോടിന്റെ കിഴക്കുവശം 100 പിച്ചിംഗ് കെട്ടി തോട് നികരാതെ സംരക്ഷിക്കണം.

സി. ഗോട്ടുമുഖം കടവ് മുതൽ തെക്കോട്ട് കോയിക്കൽ കലുങ്ക് വരെയുള്ള നീരൊഴുക്ക് തോട് ആഴംകൂട്ടി യഥാർത്ഥ വീതികൂട്ടി വെട്ടണം.

ഡി. കൊയ്പ്പള്ളിൽ നീരൊഴുക്ക് തോട് കൊയ്പ്പള്ളിൽ പാടം മുതൽ ചെങ്ങാലപ്പള്ളിൽ വരെ

ഇ. മഠത്തിൽ കണ്ടം ഇല്ലത്തുകണ്ടം പാമ്പാല ചിറത്തോട്

എഫ്. പുതുക്കുളത്ത് കാവ് മുതൽ ചല്ലാട്ടുശേരി മുക്കുവരെ തോട്.

## 2. നെൽവിത്തിന്റെ ലഭ്യത

പുഞ്ചകൃഷിക്കും വിരുപ്പുകൃഷിക്കും ആവശ്യാനുസരണം ഗുണമേന്മയുള്ള വിത്ത് ആവശ്യസമയത്ത് ലഭ്യമാക്കുന്നതിന് താഴെ പറയുന്ന പരിപാടിയിലൂടെ കഴിയുന്നതാണ്. പുഞ്ചകൃഷിക്ക് നവംബർ ആദ്യവാരം 72 ടണ്ണും വിരുപ്പിന് ഏപ്രിൽ ആദ്യവാരം 7 ടണ്ണും ആണ് ആവശ്യം. ഇതിൽ 60 % കർഷകർ സ്വന്തമായും, കൈമാറ്റത്തിലൂടെയും ചെയ്തുവരുന്നു. ബാക്കി ആവശ്യമുള്ള വിത്ത് Registered Seed Growns പദ്ധതിപ്രകാരം ഉല്പാദിപ്പിക്കാവുന്നതാണ്. അടിസ്ഥാന വിത്ത് കൃഷി വകുപ്പിൽനിന്നും ലഭ്യമാക്കണം. തുടർന്ന് പദ്ധതി കർഷകർ മുടങ്ങാതെ തുടരേണ്ടതാണ്.

മേൽത്തരം വിത്തുകളുടെ എദഴശ ർഴയദവ നടത്തി പ്രദേശത്തിന് യോജിച്ചതെങ്കിൽ അംഗീകരിക്കേണ്ടതാണ്. അനുയോജ്യമായ സ്ഥലത്ത് പൊതുഞാറ്റടി ഉണ്ടാക്കി ഞാറ് കൈമാറ്റം ചെയ്യാവുന്നതാണ്.

## 3. സാങ്കേതിക കാരണങ്ങൾ

കൃഷിയിറക്കുന്ന സമയത്ത് ഓരോ പാടശേഖരത്ത് നിശ്ചിത ദിവസം കർഷകർ പാഠശാല നടത്തേണ്ടതും സാങ്കേതിക ഉദ്യോഗസ്ഥർ പാടം സന്ദർശിച്ച് സാങ്കേതിക വിവരങ്ങൾ കർഷകർക്ക് നൽകേണ്ടതുമാണ്.

കീടനാശിനി - രാസവളങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സാംബിളുകളുടെ പരിശോധന നടത്തുക.

തിരഞ്ഞെടുക്കപ്പെട്ട കർഷകർക്ക് ഗവേഷണകേന്ദ്രങ്ങളിൽ നൂതന പരിശീലനത്തിനായി അയയ്ക്കുകയും കിട്ടിയ അറിവ് മറ്റ് കർഷകർക്ക് നൽകേണ്ടതുമാണ്. പ്രായോഗികമായി മാതൃകാ കൃഷിത്തോട്ടങ്ങൾ നടത്തേണ്ടതുമാണ്.

## 4. വിപണനം

കൊയ്ത്ത് സമയത്ത് നെല്ലിന്റെ ലഭ്യത കൂടുതലായതിനാൽ കർഷകർക്ക് വില കിട്ടുന്നില്ല. ഉൽപാദനത്തിന്റെ ഭൂരിഭാഗവും കച്ചവടക്കാർ നേരിട്ട് പാടത്ത് നിന്ന് എടുത്ത് തിരുവനന്തപുരം ജില്ലയുടെ തെക്കൻ ഭാഗങ്ങളിലേയ്ക്ക് അയയ്ക്കുന്നു. ഇതിന് പരിഹാരമായി വിലകിട്ടുന്ന സമയത്ത് നെല്ല് വിൽക്കുന്നതിനുവേണ്ടി കൊയ്ത്ത് സമയത്ത് നെല്ല് സംഭരിച്ച് സൂക്ഷിക്കുന്നതിന് സഹകരണ സംഘത്തിൽ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ സംഭരണി സ്ഥാപിക്കുകയും പാടശേഖര സമതിയും, കർഷകരും സഹകരിച്ചു നടത്തേണ്ടതുമാണ്.

ചെറുകിട വ്യവസായ യൂണിറ്റുകളുടെ സഹായത്തോടെ സഹകരണാടിസ്ഥാനത്തിൽ സംസ്കരണം സമതിയുടെ മേൽനോട്ടത്തിൽ പ്രവൃത്തിക്കുന്നത് വഴി കർഷകർക്ക് ലാഭകരമായി കൊണ്ടുപോകാവുന്നതാണ്.

5. നെൽപ്പാടങ്ങൾ നികത്തുന്നതും കുഴിക്കുന്നതും തടയുന്നതിന് നിലവിലുള്ള നിയമം കർശനമായി നടപ്പിലാക്കുക ജനകീയ സമിതികളുടെ സഹായം ഇതിനുതേടുക.

6. നിലവിലുള്ള തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടാത്ത തരത്തിൽ കാർഷികമേഖലയെ യന്ത്രവൽക്കരിക്കുക.

## തെങ്ങ്

554 ഹെക്ടർ സ്ഥലമാണ് തെങ്ങ്കൃഷി ചെയ്യുന്നത്. തെങ്ങിന്റെ ഉൽപാദനക്ഷമത തെങ്ങൊന്നിന് 40 നാളികേരമാണ്. ഈ പ്രദേശത്ത് ശാസ്ത്രീയമായി തെങ്ങ് കൃഷിചെയ്യുന്നവർ ഇല്ല എന്നുതന്നെ പറയാം. വീട്ടുവാതുക്കൽ കിട്ടുന്ന ഏതു തൈയാണെങ്കിലും വാങ്ങി വെയ്ക്കും.

ഈ പ്രദേശത്തെ മണൽപ്രദേശത്ത് ജൈവവള കുറവുണ്ട്. വേനൽക്കാലത്ത് കിണറുകൾ വറ്റുന്ന രീതിയാണ് ഇപ്പോൾ ഈ സമയം ജലസേചനം ബുദ്ധിമുട്ടാണ്. കീടരോഗബാധ ആദായം കുറയുവാൻ കാരണമായി. തെങ്ങിന്റെ മണ്ട വൃത്തിയാക്കുന്നതിനും തേങ്ങയിടുന്നതിനും തൊഴിലാളിയെ കിട്ടുന്നില്ല. കഴിഞ്ഞ കാലങ്ങളിലെ തേങ്ങയുടെ വിലക്കുറവ് ഇവയാണ്. തെങ്ങുകൃഷിയിൽ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ. ഇതിനുപരിഹാരമായി താഴെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ ചെയ്യേണ്ടതാണ്.

1. മണ്ണിലെ ജൈവവളക്കുറവ്

കമ്പോസ്റ്റ് കുഴി നിർമ്മാണം മണ്ണിര കമ്പോസ്റ്റ് നിർമ്മാണം തെങ്ങിൻ തടങ്ങളിൽ ചണമ്പ് വിത്ത് വിതയ്ക്കുന്നത് ജൈവവളത്തിന്റെ കുറവ് നികത്താവുന്നതാണ്. കമ്പോസ്റ്റ് നിർമ്മാണം കർഷകർ നിർബന്ധമായും ചെയ്തിരിക്കണം.

2. പ്രായാധിക്യവും ഉൽപാഗദനക്ഷമത കുറഞ്ഞതുമായ തെങ്ങ് വെട്ടി പുതിയ മേൽത്തരം തെങ്ങിൻതൈ വെയ്ക്കണം.

3. സമയാസമയങ്ങളിൽ കൃഷിമുറകൾ നടത്തണം.

4. നിലവിലുള്ള കുളങ്ങൾ പുനരുദ്ധരിക്കുക. ഈർപ്പം നിലനിർത്തുന്നതിന് തൊണ്ട് തടങ്ങളിൽ അടുക്കണം.

5. കൂമ്പുചീയലിന് എതിരെ മരുന്നുതളി കൃതമായി നടത്തണം. വാർഡുതലത്തിൽ രൂപീകരിച്ച് കാലവർഷത്തിന് മുൻപായി മരുന്ന് തളിക്കണം.

6. തെങ്ങ് കയറ്റ തൊഴിലാളികളുടെ ലഭ്യത കുറവ് നികത്താൻ പൊക്കം കുറഞ്ഞ ഇനം കൃഷി ചെയ്യുക. കൂടാതെ കായികാദ്ധ്വാനത്തിന് ശേഷിയുള്ള യുവാക്കൾ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുകയും സോഷ്യൽ സർവീസ് സൊസൈറ്റിയായോ ക്ലബ് ആയോ രൂപീകരിച്ച് കർഷകരുടെ ആവശ്യാനുസരണം അവരുടെ സേവനം നൽകുകയും ചെയ്യാം.

7. രോഗബാധിതയുള്ള തെങ്ങ് വെട്ടിമാറ്റുന്നതിനും പുതിയ തൈകൾ വെയ്ക്കുന്നതിനും സഹായം നൽകണം.

8. 6-7 വർഷത്തെ കാത്തിരിപ്പിന് ശേഷമാണ് വെച്ച തെങ്ങിൻതൈയുടെ ഗുണം കർഷകർ അറിയുന്നതും

ഏത് തെങ്ങിൻതൈയായാലും വീട്ടുപടിയ്ക്കൽ കിട്ടിയാൽ അതു നടും. അത്രതന്നെ. ഇതിന് പരിഹാരമായി ഓരോ വാർഡിലും രോഗപ്രതിരോധശേഷിയുള്ളതും മാതൃവൃക്ഷത്തിന്റെ എല്ലാ ഗുണങ്ങൾ ഉള്ളതുമായ തെങ്ങ് തിരഞ്ഞെടുത്ത് അംഗീകൃത നഴ്സറിയിൽ വിത്തുതേങ്ങ പാകി തൈ ഉൽപാദിപ്പിച്ച് വിതരണം നടത്തണം.

9. എലി നശീകരണം എല്ലാവർഷവും സംഘടിത പ്രവർത്തനമായി നടത്തണം.

10. ജലസേചന ആവശ്യങ്ങൾക്ക് കിണർ കുഴിക്കുന്നതും പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനും സബ്സിഡി അനുവദിക്കണം.

1, 2 വാർഡിലെ ജലക്ഷാമം പരിഹരിക്കുന്നതിന് നിലവിലുള്ള തൻമടിയിൽ കുളം പുനരുദ്ധരിക്കുകയും കൂടാതെ പമ്പയാറും കുളവുമായി 100 മീറ്റർ ബന്ധിപ്പിച്ച് ലിഫ്റ്റ് ഇറിഗേഷൻ സ്ഥാപിക്കണം.

**വാഴകൃഷി**

വാഴകൃഷി ഇടവിളയായും തനിവിളയായും കൃഷി ചെയ്തുവരുന്നു. ഏത്തവാഴ, ഞാലിപ്പൂവൻ, പാളയൻകോടൻ, കൂമ്പില്ലാക്കണ്ണൻ, റോബസ്റ്റ തുടങ്ങിയവയാണ് ഇവിടെ കൃഷി ചെയ്യുന്നത്. എത്ര വലിയ കുല ഉൽപാദിപ്പിച്ചാലും വില കിട്ടാത്തത് കൃഷി ചെയ്യുന്നതിലെ ഒരു പ്രശ്നമാണ് അടുത്ത കാലത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന പിണ്ടിപ്പുഴുവിന്റെ ഉപദ്രവവും. കൃഷി ചെയ്തുകൊണ്ടിരുന്നവർ കൃഷി ഉപേക്ഷിക്കുന്നതിന് കാരണമായി,. കൂടാതെ കാറ്റ് വെള്ളപ്പൊക്കവും കൃഷി ഉപേക്ഷിക്കുന്നതിനും എന്നാൽ അടുത്തകാലത്ത് പഞ്ചായത്തിന്റെയും കൃഷി ഭവന്റെയും മേൽനോട്ടത്തിൽ നടത്തിവരുന്ന വാഴകൃഷി പദ്ധതി കർഷകരുടെ ഇടയിൽ ഉത്സാഹം ജനിപ്പിച്ചിരിക്കുകയാണ്. ഓരോ വാർഡിലും തിരഞ്ഞെടുത്ത 25 കർഷകർക്ക് 10 വാഴവിത്ത് വീതം കൊടുത്തുള്ള പദ്ധതിയാണ്. മുകളിൽ കാണിച്ചിരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് താഴെ കൊടുത്തിരിക്കുന്ന മാർഗങ്ങൾ സ്വീകരിക്കണം.

1. വിപണന കേന്ദ്രം തുടങ്ങണം. ന്യായമായ വില കർഷകർക്ക് കിട്ടണം.

3. വിള മത്സരം നടത്തണം.

**പച്ചക്കറി കൃഷി**

പഞ്ചായത്തിൽ 18 ഹെക്ടറിൽ കൃഷി ചെയ്യുന്നു. വീട്ടാവശ്യത്തിന് കൃഷി ചെയ്യുന്നവരാണ് കൂടുതൽ വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നവർ നന്നേ കുറവാണ്. ഉൽപന്നം വിൽക്കുന്നതിൽ ഉള്ള ബുദ്ധിമുട്ടാണ് കാരണം. അടുത്ത കാലത്ത് പച്ചക്കറിയുടെ തീപിടിച്ച വിലയും കീടനാശിനികളുടെ അമിത ഉപയോഗവും കർഷകരെ കൃഷി ചെയ്യുന്നതിന് പ്രേരിതരാക്കി.

ചീരകൃഷി ഈ പ്രദേശത്തെ ഒരു മുഖ്യ ഇനമാണ്. ഡിസംബർ മുതൽ ഏപ്രിൽ വരെയാണ് ചീര കൃഷി നടത്തുന്നത്. പാവൽ, പടവലം, പയർ, പച്ചമുളക്, വെള്ളരി, വെണ്ട എന്നിവയും കൃഷി ചെയ്യുന്നു. പച്ചക്കറിയിൽ സാശ്രയം നേടുന്നതിനും താഴെ കൊടുത്തിരിക്കുന്ന നിർദേശങ്ങൾ സഹായകമാകും.

1. കർഷകർക്ക് ആവശ്യമായ മേൽത്തരം വിത്ത് ആവശ്യമുള്ള സമയത്ത് കൃഷിവകുപ്പിൽനിന്നും വിതരണം ചെയ്യുക.

2. ഓരോ വാർഡിലും തിരഞ്ഞെടുത്ത 10 കർഷകരെ കൊണ്ട് 5 സെന്റ് കൃഷി ചെയ്യിക്കുക.

3. ഓരോ വാർഡിലും വനിതാ കർഷക സമിതി രൂപീകരിച്ച് പരിശീലനം കൊടുത്ത് പച്ചക്കറി കൃഷി ചെയ്യിക്കുക. ഓരോ സമിതിയിലും ഓരോ കർഷകൻ രക്ഷാധികാരിയാകണം. സമിതിയുടെ നേതൃത്വത്തിൽകമ്പോസ്റ്റ് നിർമ്മാണവും നടത്താൻ സാധിക്കും.

4. വിപണന കേന്ദ്രം തുടങ്ങണം. ഇതുവഴി ഇടനിലക്കാരെ നീക്കി കർഷകർക്ക് ന്യായമായ വില കിട്ടുന്നതാണ്.

5. സാങ്കേതിക സഹായം കൃഷിഭവനിൽനിന്നും ഉണ്ടാവണം.

6. തിരഞ്ഞെടുത്ത കർഷകർക്ക് ഒരു ടൂർ പ്രോഗ്രാം കൂടി നടത്തണം. കണ്ടു മനസ്സിലാക്കുന്നതാണ് കേട്ടു മനസ്സിലാക്കുന്നതിലും നല്ലത്. അതിന് പച്ചക്കറി കൃഷി ചെയ്യുന്ന ഗവ. ഫാമുകളും, നല്ലരീതിയിൽ കൃഷി ചെയ്യുന്ന കർഷകന്റെ ഫാമും സന്ദർശിക്കുന്നതിന് അവസരം ഉണ്ടാകണം.

7. ജലസേചനത്തിനാവശ്യമായ കിണറും പമ്പുസെറ്റും സബ്സിഡി നിരക്കിൽ കൊടുക്കണം.

**മരച്ചീനി**

150 ഹെക്ടർ ഉണ്ടായിരുന്ന മരച്ചീനി കൃഷി ഇപ്പോൾ 85 ഹെക്ടറിൽ ആയി. മരച്ചീനിക്ക് വില കിട്ടാത്തതും, എലിയുടെ ഉപദ്രവവും, വെള്ളപ്പൊക്കം മൂലമുള്ള നാശവും കർഷകർ മരച്ചീനി കൃഷി ഉപേക്ഷിക്കാൻ കാരണമായി. ഇതിനുള്ള പരിഹാര മാർഗം താഴെക്കൊടുക്കുന്നു.

1. വനിതാ സംഘടനകൾ രൂപീകരിച്ച്, കപ്പവ



റ്റൽ, കപ്പ ഉപ്പേരി തുടങ്ങിയ ഉൽപന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾ സ്ഥാപിക്കണം.

2. എലിനശീകരണം സംഘടിത പ്രവർത്തനമായി നടത്തണം.

3. മേൽത്തരം കപ്പകമ്പുകൾ കൃഷിവകുപ്പിൽനിന്നും വിതരണം ചെയ്യണം.

**ഇഞ്ചി കൃഷി**

അടുത്ത കാലത്ത് കൃഷി വകുപ്പിൽ നിന്ന് ഇഞ്ചി കൃഷിയുടെ വ്യാപനം എന്ന പദ്ധതി നടപ്പാക്കിയത് വഴി കുട്ടമ്പേരൂർ ഭാഗങ്ങളിൽ ഇഞ്ചി കൃഷി ചെയ്യുന്നത് താൽപര്യം കാണിക്കുന്നു. മുൻവർഷങ്ങളിലെ വെള്ളപ്പൊക്കം ആണ് ഇഞ്ചികൃഷി ചെയ്യാത്തതിന് കാരണം. കൃഷി ചെയ്യുന്നതിന് താഴെ പറയുന്ന കാര്യങ്ങൾ സ്വീകരിക്കാവുന്നതാണ്.

1. മേൽത്തരം ഇഞ്ചി വിത്ത് ആവശ്യസമയത്ത് കൃഷി വകുപ്പിൽനിന്നും വിതരണം ചെയ്യണം.

2. കൃഷി ഭവനിൽ നിന്നും സാങ്കേതിക സഹായങ്ങൾ നൽകണം.

3. വിളവെടുപ്പ് സമയത്ത് വിൽപ്പന നടത്താതെ ചുക്കാക്കി ശേഖരിച്ച് വിൽക്കുന്നതിന് യൂണിറ്റ് ഉണ്ടാവണം.

**ഫലവർഗം, കൂൺകൃഷി, പുഷ്പകൃഷി**

പ്ലാവ്, മാവ് എന്നിവക്ക് പുറമേ കൈതച്ചക്ക, ഓമ, പേര എന്നിവ വെയ്ക്കുന്നതിന് തിരഞ്ഞെടുത്ത കർഷകർക്ക് നടീൽ വസ്തുക്കൾ വിതരണം ചെയ്യുക.

കൂൺകൃഷി, പുഷ്പകൃഷി, പഴം, പച്ചക്കറി, സംസ്കരണം ഇവയിൽ താൽപര്യമുള്ള കർഷകർക്ക് പരിശീലനം നൽകി കൃഷി ചെയ്യാവുന്നതാണ്.

## അഗ്രോസർവീസ് സെൻറ്റുകൾ

കൃഷി പണികൾ, സസ്യസംരക്ഷണം എന്നിവയ്ക്കായി തൊഴിലാളികളെ ലഭ്യമാക്കുകയെന്നതാണ് ഉൽപാദനവർദ്ധനവിന് അത്യന്താപേക്ഷിതം. ഇതിനുപുറമേ ശാസ്ത്രീയ കൃഷി രീതികളെക്കുറിച്ച് പരിശീലനം സിദ്ധിച്ച തൊഴിലാളികളുടെ സേവനം ലഭ്യമാക്കുകയെന്നതും കൃഷിച്ചെലവ് ലഘൂകരിക്കുന്നതിന് ആധുനിക കാർഷിക ഉപകരണങ്ങൾ ലഭ്യമാക്കുകയെന്നതും, സസ്യസംരക്ഷണ ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുകയെന്നതും ഉൽപാദനവർദ്ധനവിന് ഒഴിച്ചുകൂടാൻ പറ്റാത്ത ഘടകങ്ങളാണ്. ഇതിനായി അഗ്രോസർവീസ് സെൻറ്റുകൾ സ്ഥാപിക്കേണ്ടതാണ്. ഈ പ്രദേശത്തെ കോ- ഓപ്പറേറ്റീവ് സൊസൈറ്റികളിൽ അംഗങ്ങളായുള്ള കർഷകത്തൊഴിലാളികളെയും കാർഷിക മേഖലയിൽ അഭിരുചിയുള്ള അഭ്യസ്തവിദ്യരായ യുവതീയുവാക്കളെയും അംഗങ്ങളായിക്കൊണ്ട് സെറ്റർ രജിസ്റ്റർ ചെയ്യണം. അംഗങ്ങൾക്ക് ശാസ്ത്രീയ കൃഷി രീതികളെക്കുറിച്ച് പരിശീലനം നൽകണം. കർഷകർക്ക് സെൻറർ മുഖേന കാർഷികോപകരണങ്ങളും മറ്റും വാടകയ്ക്ക് ലഭ്യമാക്കണം. വൈദഗ്ദ്ധ്യം സിദ്ധിച്ച കർഷകത്തൊഴിലാളികളെ കർഷകർക്കു ലഭ്യമാക്കുന്നതോടൊപ്പം കർഷകർക്ക് ആവശ്യമായ വിത്ത് നടീൽ വസ്തുക്കൾ തുടങ്ങിയവ ശേഖരിച്ച് ന്യായമായ വിലയ്ക്ക് വിതരണം ചെയ്യാവുന്നതാണ്.

## പദ്ധതികളുടെ നടത്തിപ്പ്

മാന്നാർ ഗ്രാമപഞ്ചായത്ത് കൃഷി ഭവനിൽനിന്നുള്ള സാങ്കേതിക സഹായത്തോടെ പദ്ധതികൾ നടത്തുന്നതാണ്. ജനപങ്കാളിത്തം പദ്ധതി നടത്തിപ്പിന്റെ എല്ലാ ഘടകങ്ങളിലും തുടർന്നും ഉണ്ടായിരിക്കണം. ഷട്ടറുകൾ, ബണ്ട്, തോട് തുടങ്ങിയ പദ്ധതികൾ നടത്തുന്ന സ്ഥലങ്ങളിൽ ഉപഭോക്ത സമതികൾ രൂപീകരിക്കുകയും മേൽനോട്ടം നിർബന്ധമായും നടത്തേണ്ടതുമാണ്. കാലാകാലങ്ങളിലുള്ള അറ്റകുറ്റപണികളും സമിതിയുടെ മേൽനോട്ടത്തിൽ നടത്തേണ്ടതാണ്.

ജനങ്ങളിൽനിന്നും നിർദേശിക്കപ്പെട്ട ഈ പ്രദേശത്തിന് യോജിച്ചതും, നടപ്പിലാക്കുവാൻ സാധിക്കുന്നതുമായ പദ്ധതികൾ അംഗീകരിച്ച് നടപ്പാക്കുന്നതു വഴി മാന്നാർ ഗ്രാമപഞ്ചായത്തിൽ കാർഷികമേഖലയിൽ ഒരു പുത്തനുണർവ് ഉണ്ടാകുന്നതാണ്. ഇതിനായി നിർദ്ദേശിക്കപ്പെട്ട പദ്ധതികളുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

# മൃഗപരിപാലനം മത്സ്യബന്ധനം



കാർഷികബന്ധിതമായ സമ്പദ്ഘടനയുള്ള കേരളത്തിലെ ഗ്രാമവികസനത്തിന്റെ അടിസ്ഥാനശിലകളിൽ ഒന്നാണ് കാർഷിക-മൃഗസംരക്ഷണമേഖലയിലെ പുരോഗതിയും വികസനവും. ഈ രംഗങ്ങളിലെ മുരടിപ്പ് രാജ്യത്തിന്റെ തന്നെ സമ്പദ് വ്യവസ്ഥ താറുമാറാകും. കേരളത്തിലെ അമ്പതു ലക്ഷത്തിലേറെ വരുന്ന തൊഴിൽ രഹിതർക്ക് തൊഴിൽ സംരംഭങ്ങൾ നൽകുന്നതിന് ഈ രംഗത്തെ ആശ്രയിക്കാതെ തരമില്ല.

മൃഗസംരക്ഷണ മേഖലയിൽ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുക, തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക, ഗ്രാമീണ വനിതകളെ കൂടുതലായി ഈ രംഗത്തേക്ക് കൊണ്ടുവരുക, കുറഞ്ഞ വിലയ്ക്ക് കാലിത്തീറ്റ ഉല്പാദിപ്പിയ്ക്കുക, മൃഗചികിത്സാ കേന്ദ്രങ്ങൾ ആധുനീകരിക്കുക, ഉല്പാദനത്തിന് സുഗമവും സമഗ്രവുമായ വിപണന സൗകര്യം സൃഷ്ടിക്കുക, അതു വഴി കർഷകന്റെ ജീവിത നിലവാരം ഉയർത്തുക, മുതലായ കാര്യങ്ങൾ ഈ രംഗത്തെ സമഗ്രമായ ആസൂത്രണത്തിലൂടെ മാത്രമെ കൈവരിക്കാൻ സാധിക്കൂ.

കന്നുകാലി സമ്പത്തിന്റെ തൊണ്ണൂറ്റിനാല് ശതമാനവും ഗ്രാമപ്രദേശങ്ങളിൽ ആണ് കേന്ദ്രീകരിച്ചിരിക്കുന്നത്. കന്നുകാലി ഉടമകളിൽ ബഹുഭൂരിപക്ഷവും ചെറുകിട കർഷകരും, നാമമാത്രകർഷകരും, കർഷകതൊഴിലാളികളും ആണ്. ആയതിനാൽ ഗ്രാമപ്രദേശത്തെ ചെറുകിട, നാമമാത്രകർഷകരുടെയും കർഷകതൊഴിലാളികളുടെയും സമഗ്രമായ ഒരു സാമ്പത്തിക പഠനം ഈ രംഗത്തെ ആസൂത്രണത്തിന് അത്യന്താപേക്ഷിതമാണ്.

മാന്നാർ ഗ്രാമപഞ്ചായത്തിലെ 5888 കുടുംബങ്ങളിൽ 40% ഏറെ വീടുകളിലും കന്നുകാലികളെ സംരക്ഷിക്കുന്നുണ്ട്. ഇവയിൽ 80% കൂടുതൽ വീടുകളിലും സ്ത്രീകൾതന്നെയാണ് മൃഗസംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളികളാവുന്നത്. ഈ പഞ്ചായത്തിലെ മൊത്തം ജനസംഖ്യയിൽ 779 പേർ നാമമാത്രകർഷകരും 2382 പേർ കർഷകതൊഴിലാളികളും ബാക്കി ഏകദേശം 2000-ൽ താഴെ ആളുകൾ മറ്റ് സേവന മേഖലയിൽ ഏർപ്പെട്ടിരിക്കുന്നവരും ആണ്.

ഈ പഞ്ചായത്തിലെ 3162 ഏക്കർ കൃഷിസ്ഥലങ്ങളിൽ 2062 ഏക്കറിൽ നെല്ലുകൃഷിയും 1100 ഏക്കറിൽ നാളികേരവും ബാക്കിസ്ഥലത്ത് മിശ്രിതകൃഷിരീതിയുമാണ് അവലംബിച്ചിരിക്കുന്നത്. മൊത്തം വിസ്തീർണ്ണത്തിന്റെ 75ശതമാനത്തിലേറെ ഭാഗം നെല്ല് കൃഷി ചെയ്യുന്നതിനാൽ ഇവിടെ കന്നുകാലി വളർത്തൽ ആദായകരമായിതന്നെ ചെയ്യാവുന്നതാണ്. നെൽകൃഷിയുടെ ബൈ പ്രോഡക്കുകളായ വൈയ്ക്കോലും തവിടും കന്നുകാലികൾക്ക് ആഹാരപദാർത്ഥങ്ങളായി ഉപയോഗിക്കാവുന്നതാണ്.

**കാലിസമ്പത്ത് - മാന്നാർ പഞ്ചായത്ത്**

| പശു | | കാള | | എരുമ പോത്ത് ആട് ആന പട്ടി കോഴി |
|---|---|---|---|---|
| സങ്കരയിനം | നാടൻ | സങ്കരയിനം | നാടൻ | |
| 1313 | 272 | 123 -- | 66 34 | 321 3 ലഭ്യമല്ല ലഭ്യമല്ല |

1987-ലെ കണക്കനുസരിച്ച് മാന്നാർ പഞ്ചായത്തിൽ 6741 കാലിമൃഗങ്ങൾ ഉണ്ട്. (കോഴി, താറാവ് കൂ

ടാതെ).

നമ്മുടെ നാട്ടിൽ പോഷകാഹാരങ്ങളായ പാൽ, മുട്ട, മാംസം മുതലായവയുടെ ഉല്പാദനം കൂടണമെങ്കിൽ മൃഗസംരക്ഷണരംഗത്ത് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടിയിരിക്കുന്നു. കൂടാതെ വ്യാവസായിക ആവശ്യത്തിനുള്ള തുകൽ, എല്ല്, ജലാറ്റി, ഓസിൻ, കൊഴുപ്പ്, ഔഷധ വ്യവസായത്തിനുള്ള ഹോർമോൺ, വാക്സിൻ, എൻസൈമുകൾ, കാർഷകമേഖലയ്ക്ക് ആവശ്യമുള്ള ജൈവവളം, നിലം ഉഴുന്നതിനും ഭാരം വലിക്കുന്നതിനുമുള്ള 'മൃഗശക്തി', പാചക, പ്രകാശ ആവശ്യത്തിനുള്ള ബയോഗ്യാസ്, മുതലായ മേഖലകളിൽ സ്വയം പര്യാപ്തത നേടണമെങ്കിൽ മൃഗസംരക്ഷണരംഗത്തിന് കൂടുതൽ പ്രാധാന്യം കൊടുക്കേണ്ടിയിരിക്കുന്നു.

**മൃഗാശുപത്രി - മാന്നാർ**

മാന്നാർ ടൗണിന്റെ കിഴക്കേ അറ്റത്ത് സർക്കാർ വക 65 സെന്റ് സ്ഥലത്താണ് മാന്നാർ മൃഗാശുപത്രി സ്ഥിതിചെയ്യുന്നത്. 1956 നവംബർ 7-ന് അന്നത്തെ കേന്ദ്ര കമ്മ്യൂണിറ്റി ഡവലപ്മെന്റ് മന്ത്രിയായിരുന്ന ബഹുമാനപ്പെട്ട എസ്സ്. കെ. ഡേ ( S.K.Day) അവർകളാണ് ഈ മൃഗാശുപത്രിയുടെ ശിലാസ്ഥാപനം നടത്തിയത്. 1957 മേയ് 24-ാം തീയകി അന്നത്തെ കേരള മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറായിരുന്ന ഡോ. വി. കെ. മാധവമേനോൻ അവർകൾ ഈ മൃഗാശുപത്രിയുടെ പ്രവർത്തന ഉദ്ഘാടനം നിർവ്വഹിച്ചു. തുടർന്ന് 1984 മുതൽ ഒരു സീനിയർ വെറ്ററിനോറി സർജ്ജന്റെ സേവനത്തോടുകൂടി ഈ സ്ഥാപനം വെറ്ററിനറി ഹോസ്പിറ്റൽ ആയി അപ്ഗ്രേഡ് ചെയ്തു.

മാന്നാർ ഗ്രാമപഞ്ചായത്തിലെ മൃഗസംരക്ഷണ സ്ഥാപനങ്ങളുടെ രൂപരേഖ




ഈപഞ്ചായത്തിലെ മൃഗസംരക്ഷതാ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത് മേൽവിവരിച്ച മൂന്നു സ്ഥാപനങ്ങൾ ആണ്. കൃത്രിമ ബീജസങ്കലന പ്രവർത്തനങ്ങൾ രണ്ട് ഗോസംവർദ്ധന കേന്ദ്രങ്ങളിൽ കൂടെയും കന്നുകാലികളെ രോഗ ചികിത്സയും, രോഗപ്രതിരോധ പ്രവർത്തനങ്ങളും കൃത്രിമ ബീജാധാരാ പ്രവർത്തികളും, പേ് വിഷബാധാനിർമ്മാർജ്ജനവും, മൃഗാശുപത്രിയിൽകൂടി നടത്തിവരുന്നു. കൂടാതെ പ്രത്യേക ഘടകപദ്ധതികളായ S.L.BP, MLAP, മുതലായ പദ്ധതികളും മൃഗാശുപത്രിവഴി നടത്തിപ്പോരുന്നു.

മാന്നാർ മൃഗാശുപത്രിയുടെ സേവന മേഖല ഏകദേശം 17.5 കി. മീ ആണ്. കർഷകന്റെ ഭവനങ്ങളിലേക്ക് മൃഗാശുപത്രിയുടെ സേവനം എത്തിക്കുന്നതിന് ഒരു വാഹനം മൃഗാശുപത്രിക്ക് അത്യാവശ്യമാണ്. കൂടാതെ കർഷകന് മൃഗാശുപത്രിയുമായി അടിയന്തിരമായി ബന്ധപ്പെടുന്നതിന് ഒരു ടെലഫോൺ സൗകര്യവും ആവശ്യമാണ്. ആശുപത്രിയിലെ ആധുനിക ചികിത്സാ സൗകര്യങ്ങൾ ആയ, ക്ലിനിക് ലബോറട്ടറി, ഓപ്പറേഷൻ തീയറ്റർ, കർഷകപരിശീലന ഹാൾ, മുതലായവയുടെ അപര്യാപ്തത കർഷകന് വളരെ അധികം അസൗകര്യങ്ങൾ ഉണ്ടാക്കുന്നുണ്ട്. അതിനാൽ ഈ മൃഗാശുപത്രി ഒരു വെറ്ററിനറി പോളി ക്ലിനിക്കൽ ആയി ഉയർത്തേണ്ടതാണ്. ഈ പഞ്ചായത്തിലെ മറ്റ് രണ്ടു കൃത്രിമബീജസങ്കലന കേന്ദ്രങ്ങളും സൗകര്യങ്ങൾ ഇല്ലാത്ത വാടക കെട്ടിടങ്ങളിൽ ആണ് പ്രവർത്തിക്കുന്നത്. കേന്ദ്രങ്ങളിൽ വേണ്ടത്ര ഓഫീസ് ഉപകരണങ്ങളോ ഫർണിച്ചറുകളോ ഇല്ല. ആയതിനാൽ ജീവനക്കാർക്ക് കൃത്യനിർവ്വഹണത്തിനുതന്നെ ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നു. അതിനാൽ എത്രയും വേഗം തന്നെ രണ്ടു കേന്ദ്രങ്ങൾക്കും സ്വന്തമായി കെട്ടിടവും, ഓഫീസ് സൗകര്യവും, നിർമ്മിക്കേണ്ടതാണ് മറ്റി കാലിരോഗപ്രതിരോധ വാക്സിനുകൾ സൂക്ഷിച്ചുവയ്ക്കുന്നതിനായി ഓരോ കേന്ദ്രങ്ങളിലും ഓരോ ഫ്രിഡ്ജിന്റെ ആവശ്യം അടിയന്തിരമാണ്.

**പാൽ ഉത്പാദനം**

മാന്നാർ ഗ്രാമപഞ്ചായത്തിൽ മൂന്ന് പാൽ ഉത്പാദക സഹകരണ സംഘങ്ങൾ ഉണ്ട്. മൂന്നുസഹകരണ സംഘങ്ങളിലുംകൂടി ഏകദേശം 600ൽപ്പരം അംഗങ്ങൾ ഉണ്ട്. ഈ സൊസൈറ്റികളിൽ മാത്രം ഒരു വർഷം ഏകദേശം



| ക്ഷിരോലൽപാദക സഹകരണത്തിന്റെ പേരും നമ്പരും | ഒരു ദിവസം ശേഖരിക്കുന്ന പാൽ/ലിറ്റർ | ഒരു മാസം ശേഖരിക്കുന്ന പാൽ/ലിറ്റർ | വാർഷിക ശേഖരണം /ലിറ്ററിൽ |
|---|---|---|---|
| A-133D/APCOS ward - III മുട്ടേൽ ജംഗ്ഷൻ | 210 ലിറ്റർ | 6495 ലിറ്റർ | 77940 ലിറ്റർ |
| A-185 D/APCOS ward - IV കുട്ടംപെരുൾ | 401 ലിറ്റർ | 12,024 l | ,44288 |
| A-189 D/APCOS ward - XII പാവുക്കര | 250 ലിറ്റർ | 7750 ലിറ്റർ | 93,000 |

3,100,000 ലിറ്റർ പാൽ ഉത്പാദിപ്പിച്ച് വിപണനം നടത്തുന്നു. അതായത് ഏകദേശം 28,00000/ രൂപയുടെ വാർഷിക ഉത്പാദനം ശേഖരിക്കുന്നുണ്ട്. ഇതുകൂടാതെ ഉത്പാദനം നടത്തുന്ന ഏകദേശം 1,60,000 ലിറ്റർ പാൽകൂടി ഈ പഞ്ചായത്തിൽ പ്രതിവർഷം ഉത്പാദിപ്പിക്കപ്പെടുന്നു. അങ്ങനെ ഈ പഞ്ചായത്തിൽ പ്രതിവർഷം ഉത്പാദിപ്പിക്കപ്പെടുന്ന പാലിന്റെ മൂല്യം ഏകദേശം 51,700,000 രൂപയാണ്.

ഈ പഞ്ചായത്തിലെ ക്ഷിരോല്പാദകർക്ക് പാൽ വിപണനത്തിനുള്ള ഈ മൂന്നു പാൽ സൊസൈറ്റികൾ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ടി സംഘങ്ങൾ ഓരോ വാർഡിലും രണ്ടോ മൂന്നോ 'കളക്ഷൻ സെന്ററുകൾ' കൂടി തുടങ്ങിയാൽ ഉൽപാദകർക്ക് ഉൽപാദനവുമായി വളരെദൂരം യാത്ര ചെയ്ത് വിപണനം നടത്തുന്നരീതി ഒഴിവാക്കാവുന്നതാണ്. സംഘങ്ങൾ ശേഖരിക്കുന്ന പാലിന്റെ വില നിശ്ചയിക്കുന്നത് കൊഴുപ്പിന്റെ അടിസ്ഥാനത്തിൽ ആണ്. പശുവിൻ പാല് 3.5% കൊഴുപ്പും, എരുമപ്പാലിന് 5.5% കൊഴുപ്പും അടിസ്ഥാനയോഗ്യതയായി കണക്കാക്കിയിരിക്കുന്നു. ഈ അടിസ്ഥാന യോഗ്യത കുറെക്കൂടി താഴെ അളവിലേക്കു കൊണ്ടുവന്നാൽ മാത്രമേ കർഷകന് ഉൽപാദനച്ചെലവിന് ആനുപാതികമായ നിലയിൽ പാല് വില ലഭിക്കുകയുള്ളൂ.

മൂന്നുപാൽ സഹകരണസംഘങ്ങളും സമാഹരിക്കുന്ന പാൽ കുറെക്കൂടി സഹകരണ അടിസ്ഥാനത്തിൽ ഈ പഞ്ചായത്തിൽതന്നെ ശീതികരിച്ച്, പ്ലാസ്റ്റിക് കവറുകളിൽ വിതരണം ചെയ്യുന്നതിനുള്ള പദ്ധതികൾ ആരംഭിച്ചാൽ കർഷകന് കുറെക്കൂടി ആദായം നൽകുന്നതിനും സാധിക്കും. പാൽസൊസൈറ്റികളുടെ അധീനതയിൽതന്നെ 'പാൽവിൽപ്പന ബൂത്തുകൾ' എല്ലാ വാർഡുകളിലും ആരംഭിച്ച് അതുവഴി ഈ 'പായ്ക്കറ്റ് പാൽ' വില്പന നടത്താവുന്നതാണ്.

പാൽ ഉൽപ്പാദനരംഗത്ത് ഏറ്റവും കൂടുതൽ കർഷകന് നഷ്ടം വരുത്തി വയ്ക്കുന്ന ഒരു രോഗമാണ് കറവമാടുകളിലെ അകിടുവീക്കവും വന്ധ്യതയും ഈ പ്രശ്നത്തിന് പരിഹാരമാർഗ്ഗമായി മൃഗാശുപത്രിയിൽ ''മാസ്റ്റയിറ്റിസ് കൺട്രോൾ യൂണിറ്റും'' സ്റ്ററിലിറ്റി കൺട്രോൾ യൂണിറ്റും സ്ഥാപിക്കേണ്ടതാണ്. ഈ യൂണിറ്റുകളിൽ കൂടി ടി രോഗങ്ങൾക്കുള്ള വിലപിടിപ്പുള്ള മരുന്നുകൾ കർഷകന് സൗജന്യമായി വിതരണം ചെയ്യേണ്ടതാണ്.

പാൽ ഉൽപ്പാദനത്തെ വിപരീതമായി ബാധിക്കുന്ന ഒരു പ്രശ്നമാണ് കാലിത്തീറ്റയുടെ അമിതവിലയും, ഗുണനിലവാരത്തകർച്ചയും. കാലിവളർത്തൽ കർഷകന് ഗുണനിലവാരമുള്ള കാലിത്തീറ്റ പാൽസൊസൈറ്റികൾ വഴി സൗജന്യനിരക്കിൽ നൽകേണ്ടത് ഈ രംഗത്തെ വളർച്ചയ്ക്ക് അത്യാവശ്യമാണ്. കാലിത്തീറ്റയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ജില്ലാ അടിസ്ഥാനത്തിൽ എങ്കിലും ഓരോ ക്യാളിറ്റികൺട്രോൾ ലാബററികൾ ആരംഭിക്കേണ്ടതാണ്.

ശാസ്ത്രീയമായി പാൽ കറവ നടത്തുന്നതിന് പരിജ്ഞാനമുള്ള കറവക്കാരുടെ അഭാവം ഈ മേഖലയെ സാരമായി ബാധിക്കുന്നുണ്ട്. കറവക്കാരുടെ ദൗർലഭ്യം മൂലം പാൽ ഉത്പാദനം പ്രതിവർഷം 8% കണ്ട് കുറയുന്നുണ്ട്. ഈ ദൗർലഭ്യം പരിഹരിക്കുന്നതിനായി ഓരോ പാൽ സൊസൈറ്റികളിൽ നിന്നും ഈ കറവയുടെ രംഗത്ത് താൽപര്യമുള്ള ആരോഗ്യമുള്ള യുവതീയുവാക്കളെ തിരഞ്ഞെടുത്ത് ഹ്രസ്വകാല പരിശീലനം നൽകി ക്ഷീരകർഷകരെ സഹായിക്കാവുന്നതാണ്. കൂടാതെ ഈ രംഗത്ത് കറവ യന്ത്രങ്ങൾ ഓട്ടോറിക്ഷാകളിൽ മൂടിവെച്ച് കർഷകന്റെ വീട്ടുമുറ്റത്ത് എത്തി പശുക്കളെ കറന്ന് കൊടുക്കുന്ന മൊബൈൽ യൂണിറ്റുകളും തുടങ്ങാവുന്നതാണ്.

ഈ പഞ്ചായത്തിൽ വാർഷിക പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ചെറുകിട കർഷകർക്ക്, നാമമാത്രകർഷകർക്കും കർഷകതൊഴിലാളികൾക്കും മൂന്ന് കറവമാടുകൾവീതമുള്ള ഓരോ ''ഡയറി യൂണിറ്റുകളും'', ഈ പദ്ധതിക്ക് സ്ഥലസൗകര്യം ഇല്ലാത്ത കർഷകർക്ക് രണ്ട് ആടിനെവീതം ഉള്ള ഓരോ ''ഗോട്ട് യൂണിറ്റുകളും'' നല്കി അവരുടെ ജീവിതനിലവാരം ഉയർത്താവുന്നതാണ്. അതുവഴി പഞ്ചായത്തിലെ പ്രതിദിന പാൽ ഉത്പാദനം 50% കണ്ട് കൂടുകയും ചെയ്യാം.

ഈ പഞ്ചായത്തിലെ എല്ലാ കറവമാടുകളെയും സൗജന്യമായി ഇൻഷ്വർ ചെയ്ത് കന്നുകാലി സമ്പത്ത്

നഷ്ടപ്പെടാതെ സംരക്ഷിക്കേണ്ടതാണ്.

### മാംസോൽപ്പാദനം

മാന്നാർ പഞ്ചായത്തിലെ മൊത്തം ജനസംഖ്യയായ 28257 പേരിൽ 65%-ത്തിലേറെ ആളുകളും മാംസഭുക്കുകൾ ആണ്. ഈ പഞ്ചായത്തിലേക്ക് ആവശ്യമായ മുഴുവൻ മാംസവും ഇവിടെതന്നെ ഉൽപ്പാദിപ്പിക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം. ഈ പരിപാടിക്ക് ഏറ്റവും അടിസ്ഥാനമായ ആവശ്യം നൂതന സൗകര്യങ്ങളും ശാസ്ത്രീയ അടിത്തറയുള്ള ഒരു അറവുശാലയാണ്. അതിന്റെ അഭാവം ഈ പ്രദേശത്തെ മാംസവിപണന രംഗത്ത് ഒരു അപര്യാപ്തത തന്നെയാണ്. ഈ പഞ്ചായത്തിൽ അംഗീകൃത അറവുശാല ഇല്ലെങ്കിലും ഇറച്ചി വ്യാപാരം നടത്തുന്ന 6 ലൈസൻസുള്ള വ്യാപാര സ്ഥാപനങ്ങൾ ഉണ്ട്. വളരെ വൃത്തിഹീനമായ സാഹചര്യങ്ങളിലാണ് ഇവിടെ മാംസം ഉത്പാദിപ്പിക്കുന്നതും വ്യാപാരം നടത്തുന്നതും. ഇവിടത്തെ അനധികൃത ഉത്പാദന കേന്ദ്രങ്ങൾ പമ്പയാറിനെയും പരിസരപ്രദേശത്തെ വയലേലകളെയും മലീമസമാക്കികൊണ്ടിരിക്കുന്നു. വളരെ വിദൂരമല്ലാത്ത ഭാവിയിൽ ഇത് ഒരു പരിസ്ഥിതി പ്രശ്നമായി മാറുകയും ചെയ്യും.

ഈ പ്രദേശത്തെ അറവുശാലകളിൽ പ്രതിവർഷം 1200 മുതൽ 1500 വരെ മാടുകളെയും, 150 മുതൽ 200 വരെ ആടുകളെയും, 10 മുതൽ 12 വരെ പന്നികളെയും കശാപ്പുചെയ്യുന്നു.

**മാന്നാർ പഞ്ചായത്തിലെ വാർഷിക മാംസം ഉത്പാദനം**

| മാംസം ഇനം | ഉത്പാദിപ്പിക്കുന്ന മാംസം കി.ഗ്രാം | മാംസത്തിന്റെ മൂല്യം. രൂപ |
|---|---|---|
| പശു/ എരുമ/ പോത്ത്. മൂരിക്കുട്ടി | 1,20,000 കി.ഗ്രാം | 48,00,000 രൂപ |
| ആട് | 2250 കി.ഗ്രാം | 2,25,000 രൂപ |
| പന്നി | 480 കി.ഗ്രാം | 28,800 രൂപ |

ഈ പഞ്ചായത്തിലെ മൊത്തം വാർഷിക ഉത്പ്പാദനം 1,22730 കി.ഗ്രാം മാംസം. ഈ മാംസോൽപ്പാദനത്തിന് ആവശ്യമായ 80 മുതൽ 90% വരെ മൃഗങ്ങളെ അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്നവയാണ്. നമ്മുടെ പഞ്ചായത്തിലെ അത്രയും നാണയസമ്പത്ത് അന്യസംസ്ഥാനങ്ങളിലേക്ക് ഒഴുകിപ്പോവുകയാണ് ചെയ്യുന്നത്. ഈ സാമ്പത്തിക നഷ്ടം ഒഴിവാക്കുന്നതിന് നാം മാംസ ഉത്പാദനത്തിൽ സ്വയം പര്യപ്തത കൈവരിക്കണം. അതിനായി താഴെപറയുന്ന പരിപാടിക നടപ്പിലാക്കേണ്ടതാണ്.

1) ശാസ്ത്രീയമായ ശുചിത്വമുള്ള അറവുശാല നിർമ്മിക്കുക

2) ആടുവളർത്തൽ യൂണിറ്റുകൾ ആരംഭിക്കുക.

3) പന്നിവളർത്തൽ യൂണിറ്റുകൾ ആരംഭിക്കുക.

4) കാളക്കുട്ടി/ പോത്തിൻകുട്ടി പരിപാലനം വിപുലമായ രീതിയിൽ ആരംഭിക്കുക - സൗജന്യ ഇൻഷ്വറൻസ് , വൈദ്യസഹായങ്ങൾ നൽകുക.

5) വീട്ടമ്മമാരുടെ സഹകരണത്തോടെ ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റുകൾ ആരംഭിക്കുക.

6) പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കോൾഡ് സ്റ്റോറേജ് സൗകര്യങ്ങൾ ഉള്ള ഇറച്ചി സ്റ്റാളുകൾ സഹകരണ അടിസ്ഥാനത്തിൽ ആരംഭിക്കുക.

7) തുകൽ സംഭരണകേന്ദ്രം ആരംഭിക്കുക.

ഇറച്ചി വ്യാപാരരംഗം ഇങ്ങനെ വ്യാവസായികമായി ആസൂത്രണം ചെയ്താൽ നമ്മുടെ തൊഴിൽ രഹിതരുടെ എണ്ണംതന്നെ ഗണ്യമായി കുറയ്ക്കാവുന്നതാണ്. അറവുശാലകൾക്ക് ഇങ്ങനെ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയാൽ ഗുണമേന്മയുള്ള മാംസം വിപണിയിൽ സുലഭമാവുകയും അതുവഴി സമൂഹത്തിലുണ്ടാകുന്ന പല പകർച്ചാവ്യാധികളും പരിസരമലിനീകരണവും നിയന്ത്രണാധീനമാവുകയും ചെയ്യും.

### മുട്ട ഉൽപാദനം

മാന്നാർ പഞ്ചായത്തിൽ ഏകദേശം 5540 കോഴികൾ മുട്ട ഉൽപാദിപ്പിക്കുന്നുണ്ട്. അവയിൽ 85% വും സങ്കര വർഗ്ഗകോഴികൾ ആണ്. വാർഷിക ഉൽപാദനം ഏകദേശം 16,62,000 മുട്ടകൾ ആണ്. ഒരു ദിവസം ശരാശരി 28,500 മുട്ടകൾ ഉപഭോഗത്തിനായി ഇവിടെ ആവശ്യമാണ്. ഈ ആവശ്യത്തിൽ സിംഹഭാഗവും അന്യസംസ്ഥാനങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യപ്പെടുകയാണ്. അങ്ങനെ നമ്മുടെ പഞ്ചായത്തിലെ ഒരു വലിയ നാണയസമ്പത്ത് അന്യസംസ്ഥാനങ്ങളിലേക്ക് ഒഴുകുന്നു. ഇത് പരിഹരിക്കുന്നതിനായി താഴെപറയുന്ന പരിപാടികൾ മുൻഗണനകൊടുത്ത് നടപ്പാക്കേണ്ടതാണ്.

1) മഹിളാ സമാജങ്ങൾ വഴിയോ വനിതാസംഘടനകൾ വഴിയോ മുട്ടകോഴി നഴ്സറികൾ ആരംഭിക്കുക.

ഒരു ദിവസം പ്രായമായ മുട്ടക്കോഴിക്കുഞ്ഞുങ്ങളെ വാങ്ങി 40 ദിവസം മുതൽ 60 ദിവസംവരെ വളർത്തി കർഷകർക്ക് സൗജന്യനിരക്കിൽ മഹിളാ സമാജങ്ങൾ വഴി വിതരണം ചെയ്യുക.

2) അടുക്കമുറ്റത്തും - വീട്ടുവളപ്പിലും കോഴിവളർത്തൽ പദ്ധതി - പുനരാരംഭിക്കുക. 10 കോഴികളെ വീതമുള്ള പൗൾട്രിയൂണിറ്റുകൾ ഓരോ വീടുകളിലേ

ക്കും നൽകി മുട്ട ഉൽപാദനം ഉയർത്തുക.

3) വനിതകൾ സഹകരണ അടിസ്ഥാനത്തിൽ മുട്ടക്കോഴി വളർത്തൽ യൂണിറ്റുകൾ ആരംഭിക്കുക.

4) സഹകരണ അടിസ്ഥാനത്തിൽ കോഴിത്തീറ്റ/കാലിത്തീറ്റ യൂണിറ്റുകൾ ആരംഭിക്കുക.

5) കോഴിവളർത്തൽ യൂണിറ്റുകൾക്ക് സൗജന്യ ഇൻഷ്വറൻസ്, വൈദ്യസഹായ പദ്ധതികൾ ആരംഭിക്കുക.

6) മഹിളാ സമാജങ്ങൾ വഴി കോഴിവളർത്തലിനേപ്പറ്റി ബോധവൽക്കരണം നടത്തുകയും അംഗങ്ങൾക്ക് വാക്സിനേഷൻ ചെയ്യുന്നതിനുള്ള പരിശീലനം കൊടുക്കുകയും ചെയ്യുക.

7) താറാവുകർഷകർക്ക് ശാസ്ത്രീയമായ കൃഷിരീതിയെപ്പറ്റി ബോധവൽക്കരണം നടത്തുക – സൗജന്യ താറാവ് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുക. സൗജന്യമായി വാക്സിനേഷൻ സൗകര്യങ്ങൾ നൽകുക.

താറാവുതീറ്റ സബ്സിഡി നൽകുക.

താറാവുകർഷകരുടെ സബകരണ സംഘങ്ങൾ സ്ഥാപിച്ച്– അതിൽക്കൂടി താറാവുമുട്ടയുടെ വിപണനം നടത്തുക.

### മൃഗശക്തി

ഈ പഞ്ചായത്തിലെ മുഴുവൻ ഉഴവ് മാടുകളെയും സൗജന്യമായി ഇൻഷ്വർ ചെയ്യുക – ഉഴവ് ഇല്ലാത്ത കാലയളവിൽ സൗജന്യനിരക്കിൽ കാലിതീറ്റനൽകുക.

### ഊർജ്ജം

നമ്മുടെ പഞ്ചായത്തിൽ ഇപ്പോൾ മൂന്ന് ബയോഗ്യാസ് പ്ലാന്റുകൾ ആണ് ഉള്ളത്. പത്ത് കി. ഗ്രാം ചാണകംകൊണ്ട് 10 മണിക്കൂർ തുടർച്ചയായി കത്തുന്നതിനുള്ള ബയോഗ്യാസ് ഉൽപാദിപ്പിക്കാവുന്നതാണ്. വർദ്ധിച്ചുവരുന്ന ഊർജ്ജപ്രതിസന്ധിക്ക് ഇത് ഒരു പരിഹാരമാർഗ്ഗമാണ്. ഒരു വർഷം ഏകദേശം 500 ബയോഗ്യാസ് പ്ലാന്റുകൾ വീതം സ്ഥാപിച്ചാൽ 5 വർഷംകൊണ്ട് ഏകദേശം എല്ലാവീടുകളിലും ബയോഗ്യാസ് എത്തുന്നതാണ്.

### ജൈവവളം നിർമ്മാണം

ഈ പഞ്ചായത്തിലേക്ക് ആവശ്യമായ ജൈവവളം നിർമ്മാണത്തിന് ഇവിടെ ഉൽപാദിപ്പിക്കുന്ന ചാണകം ഉപയോഗിക്കാവുന്നതാണ്. അങ്ങനെ കാർഷികരംഗത്തെ രാസവളം ഉപയോഗം കുറയ്ക്കുകയും കർഷകന് സാമ്പത്തികനഷ്ടം ഒഴിവാക്കുകയും ചെയ്യാം.

### വന്ധ്യതാ നിവാരണം

അത്യുൽപാദന ശേഷിയുള്ള കന്നുകാലികളിൽ ഉണ്ടാകുന്ന വന്ധ്യത ഈ പഞ്ചായത്തിൽ വളരെ കൂടുതൽ കണ്ടുവരുന്നു. അതിനാൽ ഈ രംഗത്തെ നൂതന ചികിത്സാരീതികൾ അവലംബിക്കേണ്ടതാണ്. അതിനായി മൃഗാശുപത്രിയിൽ ഒരു വന്ധ്യതാ നിവാരണ യൂണിറ്റ് സ്ഥാപിക്കുന്നത് നന്നായിരിക്കും.

### പേവിഷബാധനിർമ്മാർജ്ജനം

തെരുവുനായ്ക്കളുടെ വർദ്ധിച്ചുവരുന്ന സംഖ്യ ഈ രംഗത്തേക്ക് അധികാരികളുടെ ശ്രദ്ധയെ ക്ഷണിക്കുന്നുണ്ട്. ഈ പഞ്ചായത്തിൽ നായ്ക്കളുടെ വാക്സിനേഷനും, ലൈസൻസും കർശനമാക്കിയിട്ടുണ്ടെങ്കിലും എല്ലാ കർഷകസുഹൃത്തുക്കളും അത് ഗൗരവമായി കാണുന്നില്ല. അലഞ്ഞുതിരിഞ്ഞു നടക്കുന്ന തെരുവുനായ്ക്കളെ കർശനമായി നശിപ്പിക്കേണ്ടതാണ്. പിന്നീട് ബാക്കിവരുന്ന നായ്ക്കളെ പേ വിഷബാധക്കെതിരെ വാക്സിനേഷൻ നടത്തി ലൈസൻസ് നൽകുകയും ചെയ്യണം. ഇതിനായി ഒരു പേവിഷബാധ നിർമ്മാർജ്ജന യൂണിറ്റും മൃഗാശുപത്രിയിൽ സ്ഥാപിക്കേണ്ടതാണ്.

### കാലിത്തീറ്റ ഉൽപാദനരംഗം

കാലി വളർത്തൽ കർഷകന്റെ ലാഭത്തിന്റെ മുഖ്യ പങ്കും ചൂഷണം ചെയ്യുന്നത് കാലിത്തീറ്റ നിർമ്മാതാക്കൾ ആണ്. മാന്നാർ പഞ്ചായത്തിൽ ഏകദേശം 150 ടൺ കാലിത്തീറ്റ മറ്റു സ്ഥലത്തുനിന്നും ഇറക്കുമതിചെയ്യുന്നുണ്ട്. ഇത്രയും കാലിത്തീറ്റ പ്രാദേശികമായി കിട്ടുന്ന ധാന്യങ്ങളും, തവിടും, കിഴങ്ങുവർഗ്ഗങ്ങളും മറ്റ് അസംസ്കൃത സാധനങ്ങളും ഉപയോഗിച്ച് ഇവിടെ തന്നെ ഉൽപാദിപ്പിക്കാവുന്നതാണ്. തൊഴിൽരഹിതരായ യുവാക്കളെ സഹകരണ അടിസ്ഥാനത്തിൽ സംഘടിപ്പിച്ച് കാലിത്തീറ്റനിർമ്മാണ യൂണിറ്റുകളും, പുളിയരിപ്പൊടി നിർമ്മാണ യൂണിറ്റുകളും ആരംഭിക്കാവുന്നതാണ്. അങ്ങനെ കാലിത്തീറ്റയുടെ കാര്യത്തിൽ നാം സ്വയം പര്യാപ്തരാവുകയും തൊഴിൽ രഹിതർക്ക് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യാം.

ഈ പഞ്ചായത്തിൽ 75 %ൽ കൂടുതൽ വയലുകളിലും നെൽകൃഷി നടത്തുന്നതിനാൽ വൈയ്ക്കോലിന്റെ ലഭ്യത വളരെ വളരെ കൂടുതൽ ആണ്. ഈ വൈയ്ക്കോൽ ശാസ്ത്രീയമായി യൂറിയായും മൊളാസസും ചേർത്ത് പോഷകപ്രദമാക്കി ചെറിയ കട്ടകളാക്കി മാറ്റുന്ന ചെറുകിട വ്യവസായയൂണിറ്റുകൾ ഈ പഞ്ചായത്തിൽ തന്നെ ആരംഭിക്കാവുന്നതാണ്.

കാലിത്തീറ്റയുടെയും കോഴിത്തീറ്റയുടെയും ഗുണനിലവാരം നിയന്ത്രിക്കുന്നതിനുള്ള സംവിധാനം ഇല്ലാത്തതിനാൽ ഈ രംഗത്ത് കർഷകൻ കൂടുതൽ ചൂഷണം ചെയ്യപ്പെടുന്നു. അതിനാൽ ജില്ലാ തലത്തിലെങ്കിലും ഒരു Quality Control Limit' അത്യാവശ്യമായി തുടങ്ങേണ്ടതാണ്.

കാലിത്തീറ്റയുടെ നിർമ്മാണത്തെപ്പറ്റി വളരെ വി

ശദമായ ബോധവൽക്കരണവും പരിശീലനവും കർഷകന് നൽകേണ്ടത് അത്യാവശ്യമായിരിക്കുന്നു. ആയതിലേക്ക് കാർഷികപരിശീലന യൂണിറ്റുകൾ എല്ലാ ബ്ളോക്കുകളിലും ആരംഭിക്കുക.

മൃഗസംരക്ഷണ മേഖലയിൽ പ്രവൃത്തി ചെയ്യുന്ന കർഷകന് സമൂഹത്തിൽ മാന്യമായ അംഗീകാരം ലഭിക്കേണ്ടത് അത്യാവശ്യമാണ്. അതിനായി ഓരോ പഞ്ചായത്തിലേയും മൃഗസംരക്ഷണ മേഖലയിലെ കർഷകരെ ആദരിക്കുന്ന ചടങ്ങുകളും ഏറ്റവും നല്ല ക്ഷീരകർഷകന് പഞ്ചായത്തുതലത്തിൽ അവാർഡുകൾ വിതരണം ചെയ്യപ്പെടേണ്ടതാണ്.

സ്കൂൾപഠന സമയത്തുതന്നെ വിദ്യാർത്ഥികൾക്ക് ഈ രംഗത്ത് അഭിരുചി വളർത്തുന്നതിനായി സ്കൂൾ പൗൾട്രിക്ലബ്ബുകൾ രൂപീകരിക്കുന്നത് നന്നായിരിക്കും. പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും ക്ലബ്ബുകൾ തുടങ്ങി അതിന്റെ പ്രവർത്തനം സ്കൂൾ ഭാരവാഹികളുടെ മേൽനോട്ടത്തിൽ അവലോകനം ചെയ്യുകയും വേണം.

മാന്നാർ പഞ്ചായത്തിൽ മൃഗസംരക്ഷണമേഖലയുടെ പൊതുവായ വികസനത്തിന് താഴെപറയുന്ന നിർദ്ദേശങ്ങൾ സമർപ്പിച്ചുകൊള്ളുന്നു.

1) ഈ പഞ്ചായത്തിലെ മൃഗാശുപത്രി ഒരു വെറ്ററിനറി പോളിക്ലിനിക് ആയി ഉയർത്തുക. രണ്ട് സബ്സെന്ററുകൾക്ക് സ്വന്തമായി കെട്ടിടസൗകര്യങ്ങളും, റഫ്രിജറേഷൻ സൗകര്യങ്ങളും നൽകുക – മൃഗാശുപത്രിവളപ്പിൽ ഡോക്ടറൻമാർക്കും. ജീവനക്കാർക്കും പ്രത്യേകം താമസസൗകര്യങ്ങൾ നിർമ്മിക്കുക.

2) ഈ പഞ്ചായത്തിലെ എല്ലാ കിടാവുകൾക്കും സൗജന്യ നിരക്കിൽ തീറ്റയും വൈദ്യസഹായവും നൽകുക– സൗജന്യമായി ഇൻഷ്വർ ചെയ്യുക.

3) പാൽ സൊസൈറ്റികൾക്ക് എല്ലാ വാർഡുകളിലും ഒന്നിൽകൂടുതൽ കളക്ഷൻ സെന്ററുകൾ തുടങ്ങുക. ഉൽപാദിപ്പിക്കുന്ന പാൽ സൊസൈറ്റികൾ തന്നെ പ്ലാസ്റ്റിക് പാക്കറ്റുകളിൽ നിറച്ച് വിതരണം ചെയ്യുക. കർഷകർക്ക് ഡയറി യൂണിറ്റുകളും, ഗോട്ട് യൂണിറ്റുകളും തുടങ്ങുന്നതിന് സഹായം നൽകുക.

4. പരിഷ്കൃത അറവുശാലകൾ നിർമ്മിക്കുക. മാംസ പരിശോധന കർശനമാക്കുക. ആടുവളർത്തൽ, കന്നുകുട്ടി, കാളക്കുട്ടി പരിപാലനം, പന്നിവളർത്തൽ, ഇറച്ചിക്കോഴി വളർത്തൽ, യൂണിറ്റുകൾ ആരംഭിക്കുക, പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ശീതീകരണ ശേഷിയുള്ള മാംസ വിൽപന സ്റ്റാളുകൾ തുടങ്ങുക.

5. സഹകരണ അടിസ്ഥാനത്തിൽ കാലിത്തീറ്റ കോഴിത്തീറ്റ നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുക, തീറ്റപ്പുല്ല് കൃഷി ഇടവിളയായി ആരംഭിക്കുക, വൈയ്ക്കോൽ സംഭരണ യൂണിറ്റുകൾ ആരംഭിക്കുക.

6. വനിതാ കോഴിവളർത്തൽ (ബ്രോയിലർ കോഴിയും മുട്ടക്കോഴിയും) യൂണിറ്റുകൾ ആരംഭിക്കുക, സഹകരണ അടിസ്ഥാനത്തിൽ ഉല്പാദനം വിപണനം ചെയ്യുക.

7. താറാവ് കർഷകരുടെ സഹകരണ സംഘങ്ങൾ ആരംഭിച്ച് വിപണനം അതുവഴി നടത്തുക. സൗജന്യ താറാവ് ഇൻഷ്വറൻസ് നടത്തുക. കർഷകർക്ക് താറാവ് വാക്സിനേഷൻ ചെയ്യുന്നതിന് പരിശീലനം നൽകുക.

8. ജൈവ വള നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുക.

9. ബയോഗ്യാസ് പ്ലാന്റുകൾ സൗജന്യമായി ചെയ്തുകൊടുക്കുക.

10. ഉഴവു മാടുകളെയും ഭാരംവലിക്കുന്ന കാലികളെയും ഇൻഷ്വർ ചെയ്യുക. ഉഴവുമാടുകൾക്ക് ജോലി ഇല്ലാത്ത സമയങ്ങളിൽ തീറ്റ സൗജന്യമായി നൽകുക. ഭാരം വലിക്കുന്ന കാലികളുടെ അദ്ധ്വാനഭാരം കുറയ്ക്കുന്നതിനായി ടയർവീലുള്ള വണ്ടികൾ നൽകുക. സൗജന്യമായി ഇൻഷ്വർ ചെയ്യുക. രോഗപ്രതിരോധ പ്രവർത്തനവും വൈദ്യസഹായവും സമയാസമയങ്ങളിൽ ചെയ്യുവാനുള്ള സൗകര്യങ്ങൾ നൽകുക.

11. മൃഗാശുപത്രിയോടനുബന്ധിച്ച് കർഷക പരിശീലന സെന്ററുകൾ തുടങ്ങുക. തൊഴിൽ രഹിതരായ യുവതീയുവാക്കൾക്ക് മൃഗസംരക്ഷണരംഗത്ത് പ്രത്യേക തൊഴിൽ പരിശീലനം നൽകുക.

12. നായ്ക്കളിൽ പേവിഷബാധ നിർമ്മാർജനം കർശനമായി നടപ്പാക്കുക. നായ്ക്കൾക്ക് ലൈസൻസിംഗ് ഏർപ്പെടുത്തുക.

13. അകിടുവീക്ക നിർമ്മാർജനം, വന്ധ്യതാനിവാരണം മുതലായവയ്ക്കുള്ള പ്രത്യേക യൂണിറ്റുകൾ മൃഗാശുപത്രിയിൽ ആരംഭിക്കുക.

14. മാന്നാർ പഞ്ചായത്തിലെ എല്ലാ കന്നുകാലികളെയും "സമഗ്രകന്നുകാലി മാസ്റ്റർ പോളിസി ഇൻഷ്വറൻസിന്റെ" പരിധിയിൽ ഇൻഷ്വർ ചെയ്ത് പരിരക്ഷിക്കുക.

15. സ്കൂൾ പാഠ്യവിഷയങ്ങളിൽ മൃഗസംരക്ഷണം ഒരു പാഠ്യപദ്ധതിയായി അംഗീകരിക്കുക.

16. പഞ്ചായത്തിലെ ഏറ്റവും നല്ല ക്ഷീരകർഷകന് അവാർഡും അംഗീകാരവും നൽകുക.

മേൽ വിവരിച്ച കാര്യങ്ങളിൽ പ്രത്യേക ശ്രദ്ധയോടുകൂടി നമ്മുടെ പഞ്ചായത്തിൽ ആസൂത്രണം ചെയ്തു നടപ്പാക്കിയാൽ നാം അടുത്ത അഞ്ച് വർഷംകൊണ്ട് മൃഗസംരക്ഷണ രംഗത്ത് സ്വയം പര്യാപ്തത കൈവരിക്കുന്നതാണ്.

# മത്സ്യബന്ധനം

മാന്നാർ പഞ്ചായത്തിൽപ്പെട്ട മത്സ്യബന്ധന വിപണന തൊഴിലാളികളുടെ ഉന്നമനത്തിന് തയ്യാറാക്കിയിട്ടുള്ള രൂപരേഖ.

മുഖവുരഃ– നമ്മുടെ അനുദിന ഭക്ഷണത്തിൽ മത്സ്യം ഒരു അത്യാവശ്യഘടകമാണ്. മാംസ്യം, കാത്സ്യം, അയഡിൻ, ഫോസ്ഫറസ്, വിറ്റാമിൻ എ, ബി, ഡി മുതലായവ ധാരാളമായും എളുപ്പത്തിൽ ദഹിക്കുന്ന വിധത്തിലും മത്സ്യത്തിൽ അടങ്ങിയിരിക്കുന്നു. കുട്ടികളുടെ തലച്ചോറ് വേണ്ടവിധത്തിൽ അഭിവൃദ്ധിപ്പെടാൻ മത്സ്യം അത്യന്താപേക്ഷിതമാണ്. ഹൃദ്രോഗങ്ങൾക്കു കാരണമാകുന്ന കൊളസ്ട്രോൾ അളവ് മീൻനെയ്യ് അല്പം പോലും വർദ്ധിപ്പിക്കുകയില്ലെന്നതാണ് വേറൊരു സവിശേഷത.

നവീനകൃഷിരീതികൾ ഭാരതത്തെ പോലുള്ള വികസ്വര രാഷ്ട്രങ്ങളുടെ പുരോഗതിക്ക് അത്യന്താപേക്ഷിതമാണ് ഒരു ഗ്രാമീണ വ്യവസായമെന്ന രീതിയിൽ വളരെയധികം വികസന സാധ്യതയുള്ള ശാസ്ത്രീയ മത്സ്യകൃഷിയും കൊഞ്ചുകൃഷിയും സാമ്പത്തികോന്നമനത്തിനു പുറമെ മാംസ്യ ദാരിദ്ര്യം ഒഴിവാക്കുന്നതിനും തൊഴിലില്ലായ്മ ഒരു പരിധിവരെ പരിഹരിക്കുന്നതിനും സഹായകമാണ്.

1. മാന്നാർ പഞ്ചായത്തിലെ വിവിധ വാർഡുകളിലുള്ള ശുദ്ധജല കുളങ്ങളും പാടശേഖരങ്ങളും ശുദ്ധജല മത്സ്യകൃഷിക്കും ആറ്റുകൊഞ്ചു വളർത്തുന്നതിനും വളരെ യോജിച്ചതാകയാൽ ഈ പ്രദേശങ്ങളിൽ ശാസ്ത്രീയ രീതിയിൽ വളർത്തുമത്സ്യങ്ങളെയും ആറ്റുകൊഞ്ചിനെയും വളർത്തി മത്സ്യസമ്പത്തു വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്. താല്പര്യമുള്ള മത്സ്യകർഷകർക്ക് വേണ്ട രീതിയിൽ മത്സ്യകൃഷി നടത്തുന്നതിന് ആവശ്യമായ ശാസ്ത്രീയ മത്സ്യകൃഷിയിൽ പരിശീലനം നല്കേണ്ടതും വളർത്തുമൃഗങ്ങളുടെയും ആറ്റുകൊഞ്ചിന്റെയും വിത്തുകൾ സൗകര്യപ്രദമായി ലഭിക്കേണ്ടതും ആകുന്നു. കൂടാതെ കുളങ്ങൾ മത്സ്യകൃഷിക്കു യോജിക്കുംവണ്ണം വൃത്തിയാക്കുന്നതിനും പാടശേഖരങ്ങൾ ബണ്ടുകെട്ടി ബലപ്പെടുത്തുന്നതിനും മറ്റും ആവശ്യമായ സാമ്പത്തിക സഹായങ്ങളും മത്സ്യതീറ്റ മത്സ്യകുളത്തിന്റെ വളം ചേർക്കൽ മുതലായ ചെലവുകൾക്കും സാമ്പത്തിക സഹായവും ലഭ്യമാക്കേണ്ടതാണ്.

2. അച്ചൻകോവിലാറ്, പമ്പാനദി എന്നിവയും അവയുടെ കൈവഴികളും ഒഴുകുന്ന പ്രദേശങ്ങളിൽ ഉൾപ്പെട്ട സ്ഥലങ്ങൾ ആണ് മാന്നാർ പഞ്ചായത്ത് . കൂടാതെ പാടശേഖരങ്ങളും അവയുടെ ഇടയിൽകൂടിയുള്ള തോടുകളും ഈ പഞ്ചായത്തിൽ അധികമായുണ്ട്. ഇവയിലെ മത്സ്യസമ്പത്തിന്റെ വർദ്ധനയ്ക്കുവേണ്ടി നല്ലയിനം വളർത്തുമത്സ്യകുഞ്ഞുങ്ങളെ (കുറഞ്ഞപക്ഷം 5 സെ. മി വലിപ്പമുള്ളത്) വർഷംതോറും മേൽപ്പടി നദികളിൽ സർക്കാർ മേൽനോട്ടത്തിൽ നക്ഷേപിക്കേണ്ടതാണ്.

3. മാന്നാർ പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ ഉൾനാടൻ മത്സ്യബന്ധനം നടത്തി ഉപജീവനം കഴിക്കുന്ന ഉദ്ദേശം 300 ഉൾനാടൻ മത്സ്യതൊഴിലാളികൾ ഉണ്ട്. ഇവർ വള്ളവും പലതരം വലകളും ഉപയോഗിച്ചാണ് മത്സ്യബന്ധനം നടത്തിവരുന്നത്. ഇങ്ങനെ പിടിച്ചെടുക്കുന്ന മത്സ്യം വില്പന സാധ്യത കൂടുതലുള്ള ഒരു സ്ഥലത്തു കൊണ്ടുവന്നു വിപണനം നടത്തുന്നതിന് ഇപ്പോൾ ഈ പഞ്ചായത്തിൽ പൊതുവായ ഒരു സ്ഥലമോ മറ്റു സൗകര്യങ്ങളോ ഇല്ലാത്തതുകൊണ്ട് മത്സ്യവിപണനം സൗകര്യപ്രദമായും ലാഭകരമായും നടത്തുന്നതിന് മത്സ്യതൊഴിലാളികൾക്കു സാധിക്കുന്നില്ല. ഈ പഞ്ചായത്തിലെ മത്സ്യതൊഴിലാളികൾക്കും സമീപ പഞ്ചാത്തുകളിലെ മത്സ്യതൊഴിലാളികൾക്കും അവർ പിടിച്ചെടുക്കുന്ന മത്സ്യം വിപണനം ചെയ്യുന്നതിനും വള്ളം അടുത്ത കച്ചവടം നടത്തുന്നതിനും മറ്റും അനുയോജ്യമായ ഒരു ലാൻഡിംഗ് സെന്ററും വിപണനഷെഡും ഈ പഞ്ചായത്തിലെ സൗകര്യമായ സ്ഥലത്തു സ്ഥാപിക്കേണ്ടതാണ്. പന്നായി കടവിനു സമീപമുള്ള സ്ഥലം ഇതിനു യോജിച്ചതാണ്.

4. ഉൾനാടൻ മത്സ്യതൊഴിലാളികൾക്കു സർക്കാരിൽ നിന്നും മത്സ്യവകുപ്പിന്റെ കീഴിലുള്ള വിവിധ സർക്കാർ ഏജൻസികളിൽ നിന്നും മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡ് മത്സ്യഫെഡ്, ഉൾനാടൻ മത്സ്യകൃഷി, ഏജൻസി മുതലായവ) ലഭിക്കേണ്ടതായ ന്യായമായ ആനുകൂല്യ ഇവിടത്തെ മത്സ്യതൊഴിലാളികൾക്കു ലഭിക്കുന്നില്ല.

ഉദാഃ
1 മത്സ്യബന്ധന, വിപണന ഉപകരണങ്ങൾ
2 ഭവന നിർമ്മാണ സഹായം
3.മത്സ്യ തൊഴിലാളികളുടെ മരണാനന്തര സഹായം
4 മത്സ്യതൊഴിലാളികളുടെ പെൺമക്കളുടെ വിവാഹ സഹായം
5 കുട്ടികളുടെ പഠനത്തിന് അനുവദിക്കുന്ന ലംപ്സം ഗ്രാന്റ്

എന്നിവ ഈ പഞ്ചായത്തിലെ മത്സ്യതൊഴിലാളികൾക്ക് വേണ്ടവിധത്തിൽ ലഭിക്കുന്നില്ല. ഈ ആനുകൂല്യങ്ങൾ എല്ലാംതന്നെ ഈ പഞ്ചായത്തിലുള്ള മത്സ്യതൊഴിലാളികൾക്കു കാലാകാലങ്ങളിൽ ലഭിക്കത്തക്കവിധം സൗകര്യമുണ്ടാക്കുന്നതിനുവേണ്ടി മത്സ്യവകുപ്പും മത്സ്യഫെഡും മത്സ്യതൊഴിലാളിക്ഷേമനിധി ബോർഡും മറ്റു ഏജൻസികളും ഏകോപിച്ചു കൊണ്ട് ഒരു പൊതു ആഫീസ് ഈ പഞ്ചായത്തിൽ സ്ഥാപിക്കേണ്ടതാണ്. മേൽ ആനുകൂല്യങ്ങൾ സർക്കാർമുമ്പാകെ ബോധ്യപ്പെടുത്തുന്നതിനും സർക്കാരിൽ നിന്നും മത്സ്യതൊഴിലാളികൾക്കു ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി ഈ പഞ്ചായത്തിലെ മത്സ്യതൊഴിലാളികൾക്കായി ഒരു സഹകരണസംഘം അനുവദിച്ചുകൊടുക്കേണ്ടതാണ്.

# വ്യവസായം

മാന്നാർ പഞ്ചായത്തിൽ ചെറുതും വലുതുമായ 92 വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. ഒന്നോ രണ്ടോ തൊഴിലാളികൾ പ്രവർത്തിക്കുന്ന ചെറുയൂണിറ്റുകൾ മുതൽ ആധുനിക വ്യവസായ യൂണിറ്റായ അലിൻഡ് സ്വിച്ച് ഗിയർ ഡിവിഷൻ വരെ ഇതിൽ ഉൾപ്പെടുന്നുണ്ട്. ഈ വ്യവസായ മേഖലയിലാകെ 3000–ത്തിലേറെ തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്.

മാന്നാറിന്റെ സാമ്പത്തികഘടനയെ പ്രധാനമായി നിയന്ത്രിക്കുന്നത് ഓട്ടുപാത്ര വ്യവസായമാണ്. ഓട്ടുപാത്ര നിർമ്മാണ വിപണനമേഖല നമ്മുടെ സാമ്പത്തിക മേഖലയുടെ ചിലകശക്തിയാണ്.

മാന്നാറിലെ പ്രധാനവ്യവസായ സംരംഭങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

### ഓട്ടുപാത്ര വ്യവസായം

നൂറ്റാണ്ടുകൾക്കു മുൻപുതന്നെ ഓട്ടുപാത്രനിർമ്മാണത്തിൽ അഖിലേന്ത്യാ പ്രശസ്തിയാർജ്ജിച്ച നാടാണ് മാന്നാർ. ഇവിടെ നിർമ്മിച്ച വെങ്കല ശില്പങ്ങൾ ലണ്ടൻ മ്യൂസിയത്തിൽ പോലും പ്രദർശിപ്പിക്കപ്പെടുന്നു. ഓടുകൊണ്ടു വാർപ്പ്, ഉരുളി, പള്ളിമണികൾ, സ്കൂളിലേക്കാവശ്യമായ ചേങ്കല, ഇസ്തിരിപ്പെട്ടി, പലതരം വിളക്കുകൾ, വിഗ്രഹങ്ങൾ, പൂജാപാത്രങ്ങൾ തുടങ്ങിയവ ഇവിടെ നിർമ്മിക്കുന്നു. സുന്ദരമായ വെങ്കല ശില്പങ്ങൾ, ആറന്മുള കണ്ണാടി എന്നിവ നിർമ്മിക്കുന്ന വിദഗ്ദ്ധ തൊഴിലാളികൾ ഈ രംഗത്ത് പ്രവർത്തിക്കുന്നു. ശുദ്ധമായ വെങ്കലത്തിൽ മാത്രം നിർമ്മിക്കാൻ കഴിയുന്ന. മാന്നാറിന്റെ പ്രത്യേകതയായ, കിണ്ണൻ ഇവിടെ നിർമ്മിച്ചിരുന്നു. ഏതാനും വർഷമായി ഇതിന്റെ പണിനിന്നിരിക്കുന്നു. എകിൽ തന്നെയും ഓട്ടുപാത്രനിർമ്മാണത്തിന്റെ കുത്തക മാന്നാറിനാണ്.

1924–ൽ സ്ഥാപിതമായി ഒരു ബെൽമെറ്റൽ സഹകരണസംഘം ഇവിടെ പ്രവർത്തിച്ചിരുന്നു. സംഘത്തിന്റെ പേരിൽ 50 സെന്റ് സ്ഥലംഉള്ളതൊഴിച്ചാൽ ഇന്ന് മറ്റുയാതൊരു പ്രവർത്തനവും നടക്കുന്നില്ല.

1960–61 കാലത്ത് സർക്കാർ ഉടമസ്ഥതയിൽ കോമൺ ഫസിലിറ്റി സെന്റർ എന്ന സ്ഥാപനം തുടങ്ങി. 60–65 കാലഘട്ടത്തിൽ അത് ഹാന്റിക്രാഫ്റ്റ് ഡവലപ്മെന്റ് കോർപ്പറേഷന് കൈമാറി. പിന്നീട് അവർ അതിലുണ്ടായിരുന്ന മെഷിനറിയും മറ്റുപകരണങ്ങളും സഹകരണ സംഘത്തിനു വിട്ടുകൊടുത്തു.

ഇന്ന് ഈ രംഗത്ത് സ്വകാര്യ മേഖലയിൽ 150 ഓളം തൊഴിലാളികൾ പണിയെടുക്കുന്നു. സഹകരണ സംഘം, പുനഃസംഘടിപ്പിച്ച് വ്യവസായം വിപുലീകരിക്കുകയും നവീകരിക്കുകയും ചെയ്താൻ 300 ഓളം തൊഴിലാളികൾക്ക് പണി ലഭിക്കും. ഓട്ടുപാത്രനിർമ്മാണ രംഗത്ത് വിദഗ്ദ്ധമായ തൊഴിലാളികളുടെ എണ്ണം കുറഞ്ഞുവരുന്നു.

സമീപഭാവിയിൽ ഈ രംഗത്ത് ആവശ്യമായത്ര വിദഗ്ധ തൊഴിലാളികളുടെ അഭാവം അനുഭവപ്പെടു



മെന്നു ഭയപ്പെടുന്നു.

വിദഗ്ധ തൊഴിലാളുകളുടെ എണ്ണം കുറഞ്ഞു വരുന്നതു പരിഹരിക്കാൻ ഒരു പ്രൊഡക്ഷൻ കം ട്രെയിനിംഗ് സെന്റർ ഉണ്ടാക്കുകയും തൊഴിലാളികൾക്ക് ക്ഷേമനിധിയും മറ്റ് ആനുകൂല്യങ്ങളും ഏർപ്പെടുത്തുകയും ചെയ്താൽ ഈ രംഗത്ത് മാന്നാറിന്റെ തനിമ നിലനിർത്താൻ കഴിയും.

ഹാൻഡിക്രാഫ്റ്റ് ഡവലപ്മെന്റ് കോർപ്പറേഷന്റെ കീഴിൽ ആർട്ടുമെറ്റൽ ട്രെയിനിംഗ് സെന്റർ എന്ന ഒരു സ്ഥാപനം കുറേക്കാലം പ്രവർത്തിച്ചിരുന്നു. പിന്നീട് അത് തിരുവനന്തപുരത്തേയ്ക്ക് മാറ്റി. ഹാൻഡിക്രാഫ്റ്റ് ഡവലപ്പമെന്റ് കോർപ്പറേഷന്റെ ഒരു സ്ഥിരം ട്രെയിനിംഗ് സെന്റർ ഇവിടെ തുടങ്ങിയാൽ ആവശ്യത്തിനു തൊഴിലാളികളെ പരിശീലിപ്പിക്കുവാൻ കഴിയും.

ചെമ്പുപാത്രനിർമ്മാണം മറ്റു പല സ്ഥലങ്ങളിലും നടക്കുന്നുണ്ടെങ്കിലും ഏറ്റവും കൂടുതൽ പണി നടക്കുന്നത് മാന്നാറിലാണ. 50 ഓളം തൊഴിലാളികൾ ഈ രംഗത്ത് പണിയെടുക്കുന്നുണ്ടെങ്കിലും ഇവർക്ക് സ്ഥിരമായ തൊഴിൽ ഇല്ല എന്നു തന്നെ പറയാം. ഇവർക്ക് ജോലി സ്ഥിരത ഉറപ്പു വരുത്തേണ്ടത് അത്യാവശ്യമാണ്.

**അലുമിനിയം പാത്രനിർമ്മാണം**

കേരളത്തിലെ തന്നെ ആദ്യത്തേതെന്നു പറയാവുന്ന സതേൺ മെറ്റൽ ഇൻഡസ്ട്രീസ് ആൻഡ് റോളിംഗ്മിൽ, മെറ്റൽസ് ആൻഡ് അലൈഡു ഇൻഡസ്ട്രീസ് മാന്നാർ അലൈഡ് ഇൻഡസ്ട്രീസ് എന്നീ റോളിംഗ് മില്ലുകൾ പ്രവർത്തിക്കുന്നു. ഇവിടെ അലുമിനിയം സർക്കിൾസ് വിവിധ ഇനം പാത്രങ്ങൾ എന്നിവ നിർമ്മിക്കുന്നു. മറ്റു പല ചെറുയൂണിറ്റുകൾ തുടങ്ങിയെങ്കിലും ഇപ്പോൾ അവ പ്രവർത്തന രഹിതമാണ്. മാന്നാറിൽ 50-ൽ പരം വിദഗ്ധ തൊഴിലാളികൾ ഉണ്ടായിരുന്നെങ്കിലും ഇന്ന് അവരിൽ പലരും മാന്നാറിനു പുറത്താണ് ജോലി ചെയ്യുന്നത്.

**വെള്ളി ആഭരണ നിർമ്മാണം**

ഈ രംഗത്ത് 250 ഓളം തൊഴിലാളികൽ പണിയെടുത്തുന്നു. തമിഴ്നാട്ടിൽ നിന്നും വെള്ളി ആഭരണങ്ങൾ കൊണ്ടു വന്നു വില്പന നടത്തുന്നതു കാരണം വ്യവസായം പ്രതിസന്ധിയെ നേരിടുന്നു. വ്യവസായം സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കുകയും ആധുനികവൽക്കരിക്കുകയും ചെയ്ത് തൊഴിലാളികളെ സഹായിക്കണം.

**സ്വർണ്ണാഭരണ നിർമ്മാണം.**

സ്വർണ്ണാഭരണ നിർമ്മാണരംഗത്ത് 100-ൽപരം തൊഴിലാളികൾ പണിയെടുക്കുന്നു. ആഭരണങ്ങൾ മറ്റു സ്റ്റേറ്റുകളിൽ നിന്നും കൊണ്ടുവന്ന് വില്പന നടത്തുന്നതു കാരണം ഇവിടെ തൊഴിലവസരങ്ങൾ കുറയുന്നു. നിർമ്മാണം ആധുനികവൽക്കരിച്ച് തൊഴിലാളികളെ രക്ഷിക്കണം.

**മിനി ഇൻഡസ്ട്രീയൽ എസ്റ്റേറ്റ്.**

മിനി ഇൻഡസ്ട്രീയൽ എസ്റ്റേറ്റിൽ 10 ചെറുകിട വ്യവസായ യൂണിറ്റുകൾ പ്രവർത്തിച്ചിരുന്നു. ഇപ്പോൾ ട്രാൻസ്ഫോർമർ നിർമ്മാണവും റിപ്പയറിംഗും നടത്തുന്ന ഒരു യൂണിറ്റ് പ്രവർത്തിക്കുന്നു. കൂടാതെ ബെൽ മെറ്റൽ, ബനിയൻ നിർമ്മാണം തുടങ്ങി 4 യൂണിറ്റുകൾ കൂടി പ്രവർത്തിക്കുന്നു. ഇവിടെയെല്ലാം കൂടി 45 തൊളിലാളികൾ പണിയെടുക്കുന്നു. പ്രവർത്തനരഹിതമായ യൂണിറ്റുകൾ തുറന്നു പ്രവർത്തിക്കുന്നതിന് അടിയന്തിരനടപടികൾ സ്വീകരിക്കണം.



**ഇഷ്ടികനിർമ്മാണം**

ഇഷ്ടികനിർമ്മാണ രംഗത്ത് 1000ത്തോളം തൊഴിലാളികൾ പണിയെടുക്കുന്നു. നിർമ്മാണത്തിനാവശ്യമായ മണ്ണ് പഞ്ചായത്തിൽ നിന്നും ലഭിക്കുന്നില്ല. സമീപത്തുള്ള പഞ്ചായത്തുകളിൽ നിന്നും മണ്ണ് കൊണ്ടുവന്നാണ് ഈ വ്യവസായം നടത്തുന്നത്. വിറകിന്റെ വില അനുദിനം വർദ്ധിക്കുന്നതുകൊണ്ട് ഉത്പാദന ചെലവ് കൂടുന്നു. തമിഴ്നാട്ടിൽ നിന്നും ഇഷ്ടിക ഇറക്കുന്നതു കൊണ്ട് ഇവിടുത്തെ ഇഷ്ടികക്ക് വില കുത്തനെ താഴുന്നു. മണ്ണെടുക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളതുകൊണ്ട് മണ്ണിന്റെ ലഭ്യത കുറഞ്ഞു വരുന്നു. വിറകിന്റെ അനുദിനമുള്ള വിലവർദ്ധനയും അനുയോജ്യമായ മണ്ണിന്റെ അഭാവവും ഈ വ്യവസായത്തെ ഒരു പ്രതിസന്ധിയിൽ എത്തിച്ചിരിക്കുന്നു. ന്യായവിലയ്ക്ക് വിറക് ലഭ്യമാക്കിയും ചെളിമണ്ണ് യഥേഷ്ടം ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ നീക്കിയും വളരെയേറെ ആളുകൾക്കു തൊഴിൽ നൽകുന്ന ഈ വ്യവസായത്തെ തകർ



ച്ചയിൽ നിന്നും രക്ഷിക്കണം.

മിഷനറി ഉപയോഗിച്ച് ഇഷ്ടിക നിർമ്മിക്കുന്ന രണ്ടു യൂണിറ്റുകളും ഇവിടെ പ്രവർത്തുക്കുന്നുണ്ട്. ഇവിടെ 25 തൊഴിലാളികൾ പണിയെടുക്കുന്നു. ഈ യൂണിറ്റുകൾ വിപുലീകരിച്ച് അലങ്കാര ഓടുകൾ കൂടി നിർമ്മിക്കുവാൻ കഴിഞ്ഞാൽ പത്തു പേർക്കു കൂടി തൊഴിൽ ലഭിക്കും.

**കയർ**

കയർ വ്യവസായത്തിൽ 100 ഓളം തൊഴിലാളികൾ പണിയെടുക്കുന്നു. ചകിരി അടിച്ച് പണി നടക്കുന്നില്ല. കയർ പൊച്ചം ഉപയോഗിച്ച് കന്നുകാലികയർ (റോപ്പ്) നിർമ്മാണമാണ് ഇവിടെ നടക്കുന്നത്. ഈ തൊഴിലാളികളെ സഹകരാണാടിസ്ഥാനത്തിൽ സംഘടിപ്പിച്ച് സാമ്പത്തിക സഹായം നൽകണം.

**ഓയിൽ മിൽ**

മാന്നാറിൽ രണ്ട് ഓയിൽ മില്ലുകൾ പ്രവർത്തിക്കുന്നു. ഇവിടെ ഒരു ഓയിൽ മില്ലിനു കൂടി നന്നായി പ്രവർത്തിക്കുവാൻ കഴിയും.

**റൈസ്മിൽ**

ഒരു മോഡേൺ റൈസ്മിൽ വള്ളക്കാലി ഭാഗത്ത് പ്രവർത്തിക്കുന്നുണ്ട്. ഇവിടെ 20 ഓളം തൊഴിലാളികൾ പണിയെടുക്കുന്നു. ഇതുകൂടാതെ 14 ചെറുകിയ റൈസ്മില്ലുകളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. സഹകരണ മേഖലയിൽ ഒരു റൈസ് മിൽ തുടങ്ങണം.

**ബീഡി**

ഇവിടെ 100 ഓളം ബീഡി തൊഴിലാളികൾ പണിയെടുക്കുന്നു. ഇവിടെ ഒരു ബീഡി നിർമ്മാണ സഹകരണസംഘം രൂപീകരിച്ച് ഈ രംഗത്തുള്ള തൊഴിലാളികൾക്ക് സ്ഥിരം ജോലിയും വേതനവും ഉറപ്പു വരുത്തണം.

**അലിൻഡ്- സ്വിച്ച് ഗിയർ ഫാക്ടറി**

വൻകിട വ്യവസായ സ്ഥാപനമായ അലുമിനിയം ഇൻഡസ്ട്രീസ് ( അലിൻഡ്) സ്വിച്ച് ഗിയർ ഡിവിഷൻ 1970-ൽ ഉൽപ്പാദനം ആരംഭിച്ചു. മാന്നാറിലെ ഏറ്റവും വലിയ സ്ഥാപനമായ ഇവിടെ 365 സ്ഥിരം ജീവനക്കാരും 25 ഓളം താല്ക്കാലിക ജീവനക്കാരും ജോലി ചെയ്യുന്നു. ഇതുകൂടാതെ 100 ഓളം ട്രെയിനി അപ്രന്റീസുകളും ഇവിടെയുണ്ട്. ഈ സ്ഥാപനത്തെ ആശ്രയിച്ച് 400 ഓളം തൊഴിലാളികൾ പരോക്ഷമായും ജോലി ചെയ്യുന്നു. ഇൻഡ്യയിലെ മൂന്നു സംസ്ഥാനങ്ങളിലായുള്ള ഏഴ്ഉല്പാദന യൂണിറ്റുകളിൽ നേരിട്ട് ഏറ്റവും കൂടുതൽ ജീവനക്കാരെ ഉൾക്കൊള്ളുന്ന സ്ഥാപനമാണ് സ്വിച്ച് ഗിയർ ഫാക്ടറി. ലോക പ്രശസ്തമായ ദെല്ലെ- ആൻസ്തോം (ഫ്രാൻസ്) മെയ്ഡൻ ഷാ കോർപ്പറേഷൻ (ജപ്പാൻ) തുടങ്ങിയ സ്ഥാപനങ്ങളുടെ സാങ്കേതിക സഹകരണത്തോടെ വിദ്യുത്ശക്തി ഉൽപ്പാദന വിതരണ മേഖലക്കാവശ്യമായ സുരക്ഷാ ഉപകരണങ്ങളും റെയിൽവേ വൈദ്യുതീകരണത്തിനാവശ്യമായ പവ്വർ ഇന്റ്പ്റ്റേഴ്സുമാണ് പ്രധാന ഉൽപ്പന്നങ്ങൾ. കഴിഞ്ഞ 26 വർഷത്തെ പ്രവർത്തനത്തിനിടയിൽ താല്ക്കാലിക ഉയർച്ച താഴ്ചകൾ ഉണ്ടായിരുന്നെങ്കിലും കഴിഞ്ഞ പത്തുവർഷക്കാലമായി നിലനില്ക്കുന്ന അലിൻഡിന്റെ പൊതുവായ തകർച്ച സ്വിച്ച് ഗിയർ ഡിവിഷനെയും കുഴപ്പത്തിലാക്കിയിരിക്കയാണ്. 1986 മുതൽ പീഡിത വ്യവസായ പുനരുദ്ധാരണ ബോർഡിന്റെ പരിഗണയിലാണ് സ്ഥാപനം 89 മുതൽ 92 വരെ ബോർഡ് നടപ്പാക്കിയ പുനരുദ്ധാരണ പദ്ധതി ലക്ഷ്യം കണ്ടില്ല. 93 മുതൽ പുതിയ നിക്ഷേപകരെ അന്വേഷിക്കുകയാണ്. ഈ ആഭ്യന്തര വിപണിയിലും വിദേശത്തും വൻവിപണമസാധ്യകളുള്ളതും മാന്നാറിന്റെയും സമീപ പ്രദേശങ്ങളുടെയും സാമ്പത്തിക മേഖലക്ക് ഊർജ്ജം പകരുകയും ചെയ്യുന്ന ഈ സ്ഥാപനത്തെ രക്ഷപ്പെടുത്താൻ സത്വരമായ ശ്രദ്ധ ഗവൺമെന്റിന്റെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ്.

**എഞ്ചിനിയറിംഗ് വ്യവസായം**

ഈ രംഗത്ത് വിവിധ യൂണിറ്റുകളിലായി 150-ൽ പരം തൊഴിലാളികൾ പണിയെടുക്കുന്നു. ഇവയിൽ ഏതാനും സ്ഥാപനങ്ങൾ നന്നായി പ്രവർത്തിക്കുന്നു. ആവശ്യമായവർക്ക് ഓർഡർ ലഭിക്കാത്തതുകൊണ്ടും വൈദ്യുതി ദൗർലഭ്യം കൊണ്ടും ഈ വ്യവസായം പ്രതിസന്ധിയെ നേരിടുന്നു.

**തീപ്പെട്ടി**

തീപ്പെട്ടിക്കൊള്ളി നിർമ്മിക്കുന്ന രണ്ടു ചെറുകിട വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന ഇവിടെ

50 ഓളം തൊഴിലാളികൾ പണിയെടുക്കുന്നു. ഈ രംഗത്തു സഹകരണ അടിസ്ഥാനത്തിൽ രണ്ടു മൂന്നു യൂണിറ്റുകൾ കൂടി സാധ്യതുയുണ്ട്.

### ഇലക്ട്രോണിക് വ്യവസായം

മാന്നാർ പഞ്ചായത്ത് വനിതാ ഇലക്ട്രോണിക് ഖാദി ഗ്രാമ വ്യവസായ സഹകരണ സംഘം എന്ന ഒരു റേഡിയോ അസംബ്ലിംഗ് യൂണിറ്റ് ഇവിടെയുണ്ട്. 50 ഓളം വനിതകൾക്ക് തൊഴിൽ സാധ്യതയുള്ള ഈ സ്ഥാപനം ഇപ്പോൾ പ്രവർത്തന രഹിതമാണ്. ഈ സംഘത്തിന് സാമ്പത്തിക സഹായം നൽകിയിട്ടുള്ളത് കേരള ഖാദി ഗ്രാമ വ്യവസായ ബോർഡാണ്. സാങ്കേതിക സഹായം ഇലക്ട്രോണിക് ഡിപ്പാർട്ടുമെന്റും കെൽട്രോണും സംയുക്തമായാണ് നൽകുന്നത്. കെൽട്രോണിനു വേണ്ടി ട്രാൻസിസ്റ്റർ റേഡിയോകൾ അസംബിൾ ചെയ്തു നൽകുകയാണ് ഇവിടെ ചെയ്തിരുന്ന ജോലി. അതിനാവശ്യമായ അസംസ്കൃത സാധനങ്ങൾ കേരളാ സ്റ്റേറ്റ് റൂറൽ വിമൻസ് ഇലക്ട്രോണിക്സ് കോ- ഓപ്പറേറ്റീവ് ഫെഡറേഷൻ വഴിയാണ് ലഭിച്ചിരുന്നത്. സാമ്പത്തിക ഞെരുക്കം മൂലം ഇലക്ട്രോണിക്സ് ഫെഡറേഷന് വേണ്ട രീതിൽ അസംസ്കൃത സാധനങ്ങൾ സമയത്ത് എത്തിക്കുവാൻ കഴിയുന്നില്ല. വേണ്ടത്ര സെറ്റുകൾ അസംബിൾ ചെയ്യുന്നതിനു കെൽട്രോണിൽ നിന്നും ഓർഡർ ലഭിക്കുകയോ കെൽട്രോൺ വാങ്ങുന്ന ഉൽപ്പന്നങ്ങളുടെ അസംബ്ലിംഗ് ചാർജ്ജ് കൃത്യസമയത്ത് നൽകുകയോ



ചെയ്യുന്നില്ല. കെൽട്രോൺ, റേഡിയോ, T.V മുതലായവ സഹകരണ സംഘങ്ങളിൽ നിന്നും മുൻഗണനാടിസ്ഥാനത്തിൽ വാങ്ങുകയും വാങ്ങുന്ന ഉൽപ്പന്നങ്ങളുടെ അസംബ്ലിംഗ് ചാർജ്ജ് കൃത്യസമയത്ത് നൽകുകയും ചെയ്യുന്നതിന് വേണ്ടതു ചെയ്യണം. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾക്ക് കെട്ടിടം പണിയുന്നതിന് നൽകിയിരുന്ന ഗ്രാന്റ് പുനഃസ്ഥാപിക്കണം.

### മറ്റു വ്യവസായങ്ങൾ

മാന്നാർ പഞ്ചായത്തിൽ മൂന്ന് തടി മില്ലുകൾ പ്രവർത്തിക്കുന്നു. കൂടാതെ ഏതാനും വസ്തു നിർമ്മാണ യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. ഇവിടെ മൂന്ന് സർവ്വീസ് സ്റ്റേഷനുകളും പതിനഞ്ചോളം ഓട്ടോ മൊബൈൽ വർക്ക്ഷോപ്പുകളും പ്രവർത്തിക്കുന്നു. ഒരു മെക്കനൈസ്ഡ് ബേക്കറി നന്നായി പ്രവർത്തിക്കുന്നു. ചെറിയ 4 നാടൻ ബേക്കറികളും ഉണ്ട്. ഇവയിലെല്ലാം കൂടി 150 ഓളം തൊഴിലാളികൾ പണിയെടുക്കുന്നു. ഒരു മൊസൈക് ടൈൽസ് ഫാക്ടറിയും ഇവിടെയുണ്ട്. വനിതകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ നൽകാൻ ഉതകുംവിധം കൂടുതൽ വസ്ത്രനിർമ്മാണ യൂണിറ്റുകൾ തുടങ്ങാൻ പ്രോത്സാഹനം നൽകണം. വിപണന സൗകര്യം ഏർപ്പെടുത്തി ഇവരെ സഹായിക്കണം.

മുള, ഈറ എന്നിവകൊണ്ടുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കാനറിയുന്ന 80 ഓളം S.C വിഭാഗത്തിൽപ്പെട്ട തൊഴിലാളികളുണ്ട്. അവർക്കായി ഒരു സഹകരണ സംഘം രൂപീകരിച്ച് തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുകയും ജീവിത നിലവാരം മെച്ചപ്പെടുത്തുകയും വേണം.

### നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ ബീഡി തൊഴിലാളിക്ഷേമത്തിനായി ഒരു ബീഡിനിർമ്മാണ സഹകരണസംഘം ആരംഭിക്കണം.
2. മുള, ഈറ എന്നിവകൊണ്ടുള്ള ഉൽപ്പന്നങ്ങൾ നിർമ്മിയ്ക്കുന്നതിനായി SC വിഭാഗത്തിൽപ്പെടുന്ന തൊഴിലാളികളുടെ ഒരു സഹകരണസംഘം ആരംഭിക്കണം.
3. സഹകരണ അടിസ്ഥാനത്തിൽ പട്ടുനൂൽ പുഴു വളർത്തൽ പഞ്ചായത്തിൽ ആരംഭിക്കണം.
4. വ്യവസായ ആവശ്യങ്ങൾക്ക് യോജിച്ച ഭൂമി മിതമായ വിലക്കു ലഭിക്കണം.
5. വൈദ്യുതി ആവശ്യനുസരണം ലഭിക്കുന്നതിന് നടപടി സ്വീകരിക്കണം. സിങ്കിൾ ഫേസ് ലൈനുകൾ ത്രീഫേസ് ലൈനുകളാക്കണം.
6. വ്യവസായ സംരംഭകർക്ക് ആവശ്യമായ സങ്കേതിക പരിശീലനം നൽകണം.
7. വസ്ത്ര നിർമ്മാണ രംഗത്തെ വർദ്ധിച്ചുവരുന്ന തൊഴിൽ സാധ്യത കണക്കിലെടുത്ത് ഇവിടെ ഒരു റെഡിമെയ്ഡ് പ്രൊഡക്ഷൻ ട്രെയിനിംഗ് സെന്റർ തുടങ്ങാൻ നടപടി എടുക്കണം.
8. പഞ്ചായത്തു കേന്ദ്രീകരിച്ച് ഇവിടെ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി ഒരു വിപണനകേന്ദ്രം തുടങ്ങണം.
9. തഴപായ് നിർമ്മാണത്തിൽ 300 ഓളം വനിതകൾ ഏർപ്പെട്ടിട്ടുണ്ട്. വ്യവാസായാടിസ്ഥാനത്തിൽ ഇവരെ സംഘടിപ്പിക്കണം.

## പഞ്ചായത്തിൽ തുടങ്ങാൻ സാധ്യതയുള്ള വ്യവസായങ്ങളുടെ വിവരങ്ങൾ അടങ്ങിയ പട്ടിക

| നമ്പർ: വ്യവസായത്തെ സംബന്ധിച്ച വിവരം: | എണ്ണം | ഒരു യൂണിറ്റിനു മുതൽ മുടക്ക് (പ്രതീക്ഷിക്കുന്നത്): | ഒരു യൂണിറ്റിനു പ്രതീക്ഷിക്കുന്ന തൊഴിൽ സാദ്ധ്യത: | ആകെ തൊഴിൽ സാധ്യത: | പ്രതീക്ഷിക്കുന്ന വൈദ്യുതിലോഡ് ( ഒരു യൂണിറ്റിന്) |
|---|---|---|---|---|---|
| 1. ഹോളോബ്രിക്സ് വിൻഡോഫ്രെയിം ഡോർ ഫ്രെയിം മുതലായവ | 2 | 5 ലക്ഷം | 8 | 16 | 6.5 H.P |
| 2. കാലിത്തീറ്റ നിർമ്മാണം | 1 | 8 ലക്ഷം | 10 | 10 | 20 HP |
| 3. പെയിന്റ് റൂഫ് കോട്ടിംഗ് മുതലായവ | 1 | 7.5 ലക്ഷം | 6 | 6 | 10 H.P |
| 4. ഡിറ്റർജന്റ് പൗഡർ (ഹാൻഡ് മെയ്ഡ്) | 2 | 2.5 ലക്ഷം | 4 | 8 | 15 H.P |
| 5. കറിപൗഡർ പുട്ടുപൊടി, നുറുക്ക് ഗോതമ്പ് | 2 | 2.5 ലക്ഷം | 4 | 8 | 15 H.P |
| 6. ബ്രേസിയർ നിർമ്മാണം | 1 | 4 ലക്ഷം | 20 | 20 | 0.5 H.P |
| 7. ബഡ്ഷീറ്റും പില്ലോകവറും | 1 | 2 ലക്ഷം | 6 | 6 | 0.5 H.P |
| 8. സ്റ്റീൽ ഫർണിച്ചർ | 2 | 3 ലക്ഷം | 5 | 10 | 8 H.P |
| 9. കോൺക്രീറ്റ് മതിൽ പൂച്ചട്ടി, സിമന്റ്, ഇഷ്ടിക, കിണർ വളയം, ജാളി | 4 | 75000 | 4 | 16 | 1.5 H.P |
| 10. വസ്ത്ര നിർമ്മാണം (പ്രൊഡക്ഷൻ കം ട്രെയിനിംഗ്) | 1 | 6 ലക്ഷം | 20 | 20 | 1H.P |
| 11. ഓട്ടുപാത്രം തേപ്പുപെട്ടി മുതലായവ | 2 | 75000 | 3 | 6 | - |
| 12. ഇലക്ട്രോണിക് വ്യവസായം | 2 | 3 ലക്ഷം | 8 | 16 | 5H.P |
| 13. പ്ലാസ്റ്റിക് മോൾഡഡ് സാധനങ്ങൾ | 2 | 2.5ലക്ഷം | 4 | 8 | 6 H.P |
| 14. എൻജിനീയറിംഗ് യൂണിറ്റ് | 1 | 2.5 | 4 | 4 | 15 H.P |
| 15. പുളിയരിപ്പൊടി | 2 | 2 ലക്ഷം | 3 | 6 | 20 H.P |
| 16. ബ്രഷ്, ചൂല് നിർമ്മാണം | 2 | 1 ലക്ഷം | 5 | 10 | 4 H.P |
| 17. ടെയിലറിംഗ് യൂണിറ്റ് | 10 | 3000 രൂ | 4 | 40 | 0.25 H.P |
| 18. ഹാൻഡ്മെയ്ഡ് പേപ്പർ ബാഗ് | 4 | 75000 രൂ | 4 | 16 | - |
| 19. കാൻവാസ് ബാഗ് | 2 | 10000 രൂ | 2 | 4 | - |
| 20. പർപ്പിടകനിർമ്മാണം | 5 | 5000 രൂ | 3 | 15 | - |
| 21. പലഹാരനിർമ്മാണം | 2 | 25000 രൂ | 3 | 6 | 0.25 H.P |
| 22. അച്ചാർ, കൊണ്ടാട്ടം | 2 | 25000 രൂ | 3 | 6 | 0.5 H.P |
| 23. സ്കൂട്ടർ, ഓട്ടോമൊബൈൽ വർക്ഷോപ്പ് | 4 | 25000 രൂ | 4 | 16 | 5 H.P |
| 24. സൈക്കിൾ റിപ്പയറിംഗ്, ട്യൂബ് വൾക്കനൈസിംഗ് | 5 | 10000 രൂ | 2 | 10 | 3 H.P |
| 25. ടെലഫോൺ ബൂത്ത് | 4 | 35000 രൂ | 1 | 4 | - |
| 26. നെല്ലുപുഴുക്ക് | 10 | 15000 രൂ | 2 | 20 | 0.5 H.P |
| 27. ഓല വ്യവസായം | 4 | 10000 രൂപ | 4 | 16 | - |
| 28. നെയ്ത്തു വ്യവസായം | 2 | 2 ലക്ഷം | 4 | 8 | - |
| 29. ഖാദി | 1 | 2 ലക്ഷം | 4 | 4 | - |
| 30. മെഴുകുതിരി ഉൽപ്പാദനം | 2 | 35000 രൂ | 3 | 6 | - |
| 31. ഓയിൽ | 1 | 5 ലക്ഷം | 4 | 4 | 20 H.P |

# പഞ്ചായത്തിലെ നിലവിലുള്ള വ്യവസായ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ

| വ്യവസായത്തിന്റെ സ്വഭാവം | എണ്ണം | മൂലധനം മുടക്ക് | തൊഴിലാളികളുടെ എണ്ണം സ്ത്രീകൾ | പുരുഷന്മാർ | ആകെ | വൈദ്യുതി ലോഡ് |
|---|---|---|---|---|---|---|
| • വൻകിട വ്യവസായം | | | | | | |
| 1. അലിൻഡ് – സ്വിച്ച് ഗിയർ ഡിവിഷൻ | 1 | | 13 | 387 | 400 | 1390H.P |
| • ചെറുകിട, ടൈനിവ്യവസായങ്ങൾ | | | | | | |
| 1. അലുമിനിയം റോളിംഗ് | 2 | 30 ലക്ഷം | | 15 | 15 | 75 H.P |
| 2. അലുമിനിയം | 4 | 4 ലക്ഷം | 8 | 10 | 18 | 25 H.P |
| 3. ഓട്ടുപാത്രനിർമ്മാണം | 20 | 10 ലക്ഷം | – | 150 | 150 | – |
| 4. ചെമ്പുപാത്ര നിർമ്മാണം | 10 | 5 ലക്ഷം | – | 50 | 50 | – |
| 5. ട്രാൻസ്ഫോർമർ നിർമ്മാണം | 1 | 10 ലക്ഷം | – | 5 | 5 | 15 H.P |
| 6. എൻജിനീയറിംഗ് വ്യവസായം | 1 | 45 ലക്ഷം | – | 150 | 150 | 200 H.P |
| 7. ഇലക്ട്രോണിക് വ്യവസായം | 1 | – | 50 | – | 50 | 8 H.P |
| 8. ഹോഡിയറി | 2 | 2 ലക്ഷം | 8 | 2 | 10 | 1.5 H.P |
| 9. വസ്ത്രനിർമ്മാണം/ടെയിലറിംഗ് | 15 | 4.5 ലക്ഷം | 10 | 10 | 20 | 7.5H.P |
| 10. ബേക്കറി (മെക്കനൈസ്ഡ്) | 1 | 15000 | – | 8 | 8 | 25 H.P |
| 11. ടി. നാടൻ | 4 | 20000 | – | 16 | 16 | – |
| 12. ഓയിൽമിൽ | 2 | 300000 | – | 8 | 8 | 40 H.P |
| 13. റൈസ്മിൽ (മോഡേൺ) | 1 | 17 ലക്ഷം | – | 20 | 20 | 30 H.P |
| 14. ടി. ചെറുകിട | 14 | 20 ലക്ഷം | – | 15 | 15 | 140H.P |
| 15. പൊടിമില്ല് | 10 | 10 ലക്ഷം | – | 10 | 10 | 100 ഒഷ |
| 16. സോമിൽ | 3 | 10 ലക്ഷം | – | 15 | 15 | 75HP |
| 17. തീപ്പെട്ടിക്കൊള്ളി | 2 | 5 ലക്ഷം | – | – | – | 20 HP |
| 18. ഇഷ്ടിക (മെക്കനൈസ്ഡ്) | 2 | 15 ലക്ഷം | – | 25 | 25 | 60H.P |
| 19. ടി. നാടൻ | 125 | 50 ലക്ഷം | 40 | – | 1000 | – |
| 20. പ്രിന്റിംഗ് പ്രസ് | 6 | 6 ലക്ഷം | – | 24 | 24 | 20 H.P |
| 21. ഓട്ടോമൊബൈൽ സർവ്വീസ് സ്റ്റേഷൻ | 3 | 10.5 ലക്ഷം | – | 9 | 9 | 21 H.P |
| 22. ഓട്ടോമൊബൈൽ വർക്ഷോപ്പ് | 10 | 3 ലക്ഷം | – | 22 | 22 | – |
| 23. മൊസൈക്ടൈൽസ് | 1 | 2 ലക്ഷം | – | 4 | 4 | 3H.P |
| 24. ഇലക്ട്രോണിക് സർവ്വീസ് യൂണിറ്റ് | 3 | 75000 | – | 6 | 6 | 0.5H.P |

# ഊർജ്ജവും ഗതാഗതം മാർക്കറ്റ്



മാന്നാർ പഞ്ചായത്തിലെ പ്രധാന ഊർജ്ജ സ്രോതസ്സുകൾ വൈദ്യുതിയും വിറകുമാണ്. പാചകാവശ്യത്തിനുള്ള ഊർജ്ജ ഉപഭോഗത്തിന്റെ ഏറിയ പങ്കും വിറകിനെ ആശ്രച്ചിരിക്കുന്നു. എൽ.പി ഗ്യാസും മണ്ണെണ്ണയും ഉപയോഗിക്കുന്ന കുടുംബങ്ങളുമുണ്ട്.

**പാചകാവശ്യത്തിനുള്ള ഊർജ്ജസ്രോതസുകളുടെ ഉപഭോഗം**

| | സ്രോതസ്സ് | കുടുംബങ്ങളുടെ എണ്ണം |
|---|---|---|
| 1 | എൽ.പി.ജി | 2280 |
| 2 | മണ്ണെണ്ണ | 456 |
| 3 | വിറകും മറ്റുള്ളവയും | 5837 |

എൽ.പി.ജിയുടെയും മണ്ണെണ്ണയുടെയും അലഭ്യതയും വിറകിന്റെ ദൗർലഭ്യവും പരിഗണിക്കുമ്പോൾ ഊർജ്ജസ്രോതസ്സുകളുടെ കാര്യക്ഷമമായ വിനിയോഗത്തിൽ ഊന്നിക്കൊണ്ടുള്ള ഒരു വികസനപരിപാടിയാണ് നമുക്കാവശ്യം എന്നു കാണാം. ഈ രംഗത്തെ പ്രശ്നങ്ങളെ ഇങ്ങനെ ക്രോഡീകരിക്കാം.

1. ഭൂരിപക്ഷം കുടുംബങ്ങളും പാചകാവശ്യത്തിന് വിറക് ഉപയോഗിക്കുന്നു.
2. തെങ്ങിൽനിന്നും മറ്റു വൃക്ഷങ്ങളിൽനിന്നുമുള്ള ജൈവവസ്തുക്കളുടെ ലഭ്യത ഇന്ന് തുലോം കുറവാണ്. അതുകൊണ്ട് പുറമെനിന്നും വിറക് വാങ്ങേണ്ടിവരുന്നു.
3. ശാസ്ത്രീയമായി സംവിധാനം ചെയ്ത അടുപ്പുകളല്ല ഭൂരിപക്ഷം വീടുകളിലും ഉപയോഗിക്കുന്നത്. അവ ഊർജ്ജദുർവ്യയവും സാമ്പത്തികനഷ്ടവും ഉണ്ടാക്കുന്നു, അവ മൂലമുള്ള ആരോഗ്യപ്രശ്നങ്ങളും ഗുരുതരമാണ്.
4. ഇഷ്ടിക തുടങ്ങിയ വ്യവസായമേഖലകളിലെയും ഗാർഹികരംഗത്തെയും വിറകിന്റെ അമിതമായ ഉപഭോഗംമൂലം വിറകിന്റെ വില വർദ്ധിക്കുന്നു. വൃക്ഷസമ്പത്തുകൾ നശിക്കുകയും ചെയ്യുന്നു.

**പരിഹാരങ്ങളും സാധ്യതകളും**

1. ഊർജ്ജ ദുർവ്യയം ഒഴിവാക്കുന്ന, കാര്യക്ഷമതകൂടിയ അടുപ്പുകൾ വിറക് ഇന്ധനമായി ഉപയോഗിക്കുന്ന എല്ലാ വീടുകളിലും സ്ഥാപിക്കുന്നതിന് ഒരു സമയബന്ധിത പരിപാടി നടപ്പാക്കുക.
2. പച്ചിലവളങ്ങൾക്കും വിറകിനുമായി പഞ്ചായത്ത് പുറമ്പോക്കുകളും കൃഷിയോഗ്യമല്ലാത്ത സ്ഥലങ്ങളും ഹരിതവൽക്കരിക്കുക.
3. ഇന്ധനനഷ്ടമൊഴിവാക്കുന്ന പാചകരീതികൾ പ്രചരിപ്പിക്കുക.
4. ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള സാങ്കേതികത പ്രചരിപ്പിക്കുക.

**വൈദ്യുതി**

കുരട്ടിശേരി, മാന്നാർ എന്നീ രണ്ട് വില്ലേജുകൾ ഉൾപ്പെടുന്ന മാന്നാർ പഞ്ചായത്തിന്റെ വൈദ്യുതീകരണം, തിരുവല്ല, മാവേലിക്കര, ചെങ്ങന്നൂർ എന്നീ 110

കെ വി സബ്സ്റ്റേഷനുകളെ ആശ്രയിച്ചാണ് നടക്കുന്നത്. പ്രധാനമായും മാവേലിക്കര സബ് സ്റ്റേഷനിൽ നിന്നാണ് മാന്നാർ പഞ്ചായത്തിന് വൈദ്യുതി ലഭിക്കുന്നത്.

**നിലവിലുള്ള ഉപഭോക്താക്കൾ**

| | | |
|---|---|---|
| എ. | ഗാർഹികം | 4903 |
| ബി. | വ്യാപാരം | 895 |
| സി. | വ്യാവസായികം | 95 |
| ഡി. | കാർഷികം | 46 |

**കണക്ഷൻ ലഭിക്കാനുള്ള അപേക്ഷകരുടെ എണ്ണം**

| | | |
|---|---|---|
| എ. | ഓർഡിനറി | 107 |
| ബി. | OTP | 7 |
| സി. | OYEC | 22 |

അവസാനം നൽകിയ കണക്ഷന്റെ അപേക്ഷാ തീയതി

**സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം**

| | |
|---|---|
| എ. ബൾബ് | 40W-682<br>60W-140 |
| ബി. ട്യൂബ് | 280 |
| സി. മെർക്കുറി വേപ്പർ | 7 |
| ഡി. സോഡിയം വേപ്പർ | - |

**തൻവർഷത്തെ കണക്ഷൻ**

| | |
|---|---|
| ഓർഡിനറി | 19 |
| OTP | 7 |
| OYEC | 50 |

**പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന എൽ.റ്റി,. ട്രാൻസ്ഫോർമറുകളുടെ പേരുകൾ**

| No. | Capacity | സ്ഥാപിച്ചിരിക്കുന്ന സ്ഥലം |
|---|---|---|
| 1. | 63 KVA | മുട്ടേൽ സൗത്ത് |
| 2. | 100 KVA | മുട്ടേൽ |
| 3. | 150 KVA | സ്വിച്ച് ഗിയർ |
| 4. | 250 KVA | മിനി ജംഗ്ഷൻ |
| 5. | 63 KVA | തേവരിക്കൽ |
| 6. | 100 KVA | പാട്ടമ്പലം |
| 7. | 100 KVA | കുരട്ടിക്കാട് |
| 8. | 100 KVA | കുറ്റിയിൽ ജംഗ്ഷൻ |
| 9. | 100 KVA | സ്റ്റോർ ജംഗ്ഷൻ |
| 10. | 100 KVA | കൊറ്റായിൽ ജംഗ്ഷൻ |
| 11. | 250 KVA | മാന്നാർ നമ്പർ 1 |
| 12. | 250 KVA | മാന്നാർ നമ്പർ 2 |
| 13. | 163 KVA | മാന്നാർ നമ്പർ 3 |
| 14. | 100 KVA | കടപ്രമഠം |
| 15. | 100 KVA | വഴിയമ്പലം |
| 16. | 100 KVA | പൊതൂർ |
| 17. | 100 KVA | പാവുക്കര |
| 18. | 100 KVA | ചിറയിൽപ്പടി |
| 19. | 163 KVA | സെന്റ് മേരീസ് |
| 20. | 63 KVA | വാഴത്തറ |
| 21. | 160 KVA | വള്ളക്കാലി |
| 22. | 100 KVA | കോയിക്കൽമുക്ക് |
| 23. | 100 KVA | വെട്ടത്തേത്ത് |
| 24. | 100 KVA | കുട്ടമ്പേരൂർ |
| 25. | 100 KVA | അടുക്കളമുക്ക് |
| 26. | 100 KVA | പുത്തൻകുളങ്ങര |
| 27. | 100 KVA | വലിയകുളങ്ങര |
| 28. | 100 KVA | കൊട്ടാരം |

മാന്നാർ പഞ്ചായത്തിൽ 33.5 കി.മി 11 KV ലൈനും 10.9.4 കി.മീ, 84.67 കി.മീ എന്നീ ക്രമത്തിൽ എൽ. റ്റി. സിംഗിൾ ഫേസ് ത്രീസേഫ് ലൈനുകളുമുണ്ട്. പഞ്ചായത്തിലെ 4, 6, 7 വാർഡുകൾ ഭാഗികമായും 5-ാം വാർഡ് മുഴുവനായും വൈദ്യുതിവിതരണ ചുമതല ചെന്നിത്തല സബ്സ്റ്റേഷനാണ്. 1992 വരെയുള്ള അപേക്ഷകർക്ക് കണക്ഷൻ കൊടുക്കാൻ നിർദേശമുണ്ടെങ്കിലും OYEC സ്കീമനുസരിച്ച് പണമടച്ചവർക്കുപോലും പൂർണ്ണമായി കണക്ഷൻ നൽകിയിട്ടില്ല. പഞ്ചായത്തിലെ 7 പട്ടികജാതി പട്ടികവർഗ കോളനികൾ വൈദ്യുതീകരിച്ചിട്ടുണ്ട്,.

തുടർച്ചയായുള്ള വിദ്യുത്ച്ഛേദനവും വോൾട്ടേജ് കുറവും മാന്നാർ പഞ്ചായത്തിലെയും പ്രശ്നമാണ്. അത് പരിഹരിക്കാൻ പുതിയതായി 9 ട്രാൻസ്ഫോർമറുകൾ കൂടി സ്ഥാപിക്കാൻ നിർദ്ദേശമുണ്ട്. വോൾട്ടേജ് ക്ഷാമത്തിന് ഒരു കാരണം പ്രസരണ നഷ്ടമാണ്. ലൈനുകളിൽ മുട്ടിനിൽക്കുന്ന വൃക്ഷശിഖരങ്ങൾ പ്രസരണനഷ്ടത്തിന് ഹേതുവാകുന്നു. വർഷത്തിൽ രണ്ടു പ്രാവശ്യമെങ്കിലും അവ മുറിച്ചുമാറ്റേണ്ടതുണ്ട്. ജനപങ്കാളിത്തത്തോടെ ടച്ചിംഗ്സ് വെട്ട് നടപ്പാക്കുന്നത് കൂടുതൽ പ്രയോജനപ്രദമാണ്.

അതുപോലെ മാവേലിക്കര, തിരുവല്ല, ചെങ്ങന്നൂർ, നങ്ങ്യാർകുളങ്ങര എന്നീ സബ്സ്റ്റേഷനുകളുടെ ഇങ്ങേയറ്റത്ത് സ്ഥിതിചെയ്യുന്ന സ്ഥലമായതുകൊണ്ടും മാന്നാറിൽ വോൾട്ടേജ് ദൗർലഭ്യം അനുഭവപ്പെടുന്നു. ഇവയിൽ തിരുവല്ല, ചെങ്ങന്നൂർ, നങ്ങ്യാർകുളങ്ങര എന്നീ

സബ്സ്റ്റേഷനുകൾ ഓവർലോഡാണ്. ഈ സ്ഥിതി പരിഹരിക്കാൻ മാന്നാറിലനുവദിച്ച 110 KV സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം കണ്ടെത്തിയിട്ടില്ല. അലിൻഡ് സ്വിച്ച് ഗിയർ ഫാക്ടറിയുടെ വക തരിശായി കിടക്കുന്ന സ്ഥലം അനുയോജ്യമായി കണ്ടെത്തിയെങ്കിലും ഏറ്റെടുക്കുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടില്ല.

പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള തെരുവുവിളക്കുകളിൽ ഏറിയ പങ്കും കത്തുന്നില്ല. അത് പരിഹരിക്കേണ്ടതും പ്രധാന സ്ഥലങ്ങളിൽ സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കേണ്ടതുമാണ്. തെരുവുവിളക്കുകളില്ലാത്ത സ്ഥലങ്ങളിൽ ലൈനില്ലാത്തിടത്ത് പുതിയതായി ലൈൻ വലിച്ചും ലൈനുള്ള സ്ഥലങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിച്ചും അവ സ്ഥാപിക്കാൻ നടപടിയുണ്ടാകണം.

പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും കേടുവന്ന കോൺക്രീറ്റ് പോസ്റ്റുകളുണ്ട്. പലതിന്റെയും കോൺക്രീറ്റ് ഇളകി അപകടകരമായ രീതിയിൽ കമ്പി തെളിഞ്ഞുനിൽക്കുന്നു. ഈ സ്ഥിതിയും പരിഹരിക്കപ്പെടേണ്ടതാണ്.

മാന്നാർ പഞ്ചായത്ത് പ്രതിമാസം 17071 രൂപ വൈദ്യുതി ചാർജ്ജായി അടക്കുന്നുണ്ട്.

ബൾബുകളുടെ എണ്ണം അടിസ്ഥാനപ്പെടുത്തിയാണ് ഈ നിരക്ക് കണക്കാക്കിയിട്ടുള്ളത്. അതിനുപകരം മീറ്റർ സ്ഥാപിച്ച് വൈദ്യുതോപഭോഗത്തിന്റെ കണക്കെടുത്ത് അതിന്റെയടിസ്ഥാനത്തിൽ വൈദ്യുതിചാർജ്ജ് നൽകാനുള്ള സംവിധാനമുണ്ടാകേണ്ടതാണ്.

**ഈ രംഗത്തെ പ്രശ്നങ്ങൾ**

1. വോൾട്ടേജ് ക്ഷാമം
2. പവർകട്ടും തുടർച്ചയായ വൈദ്യുതി തടസ്സവും
3. തെരുവിവുളുകളുടെ അപര്യാപ്തത
4. കണക്ഷനുവേണ്ടി 1992 മുതലുള്ള അപേക്ഷകരുടെ കാത്തിരിപ്പ്
5. തകരാറിലായ പോസ്റ്ററുകൾ
6. വൈദ്യുതി മോഷണം

**പരിഹാരങ്ങളും സാധ്യതകളും**

1. ടച്ചിംഗ്സ് വർഷത്തിൽ രണ്ടു തവണയെങ്കിലും നടപ്പാക്കണം. അത് ജനപങ്കാളിത്തത്തോടെയായാൽകൂടുതൽ ഫലപ്രദം.
2. സബ്സ്റ്റേഷൻ സ്ഥാപിക്കാൻ സത്വരനടപടികൾ ഉണ്ടാകണം.
3. തെരുവ് വിളക്കുകളുടെ കാര്യക്ഷമത പരിശോധിക്കാൻ ജോയിന്റ് ഇൻസ്പെക്ഷനും അതിന്റെയടിസ്ഥാനത്തിൽ അനന്തരനടപടികളും ഉണ്ടാകണം.
4. തെരുവ് വിളക്കുകൾ ട്യൂബ്ലൈറ്റുകളാക്കാൻ സമയബന്ധിതമായ ഒരു പരിപാടി നടപ്പാക്കുക. പ്രധാന സ്ഥലങ്ങളിൽ സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കുക.
5. ലൈനില്ലാത്ത സ്ഥലത്ത് പുതിയ ലൈൻ വലിച്ചും ലൈനുള്ള സ്ഥലത്ത് സ്ട്രീറ്റ് മെയിൻ വലിച്ചും തെരുവിവുളക്കുകൾ സ്ഥാപിക്കണം.
6. ഇലക്ട്രിക് ഹീറ്ററുകളുടെ ഉപയോഗം നിരുത്സാഹപ്പെടുത്തുക.
7. സാധാരണ ബൾബുകൾക്കു പകരം സി.എഫ്.എൽ ഉപയോഗിക്കുന്നതിനു പ്രേരിപ്പിക്കുക. സബ്സിഡി നിരക്കിൽ സി.എഫ്.എൽ ലഭ്യമാക്കുന്ന സംവിധാനം പരിഗണിക്കുക.
8. ഇലക്ട്രോണിക്സ് ചോക്ക് ഉപയോഗം വ്യാപിപ്പിക്കുക. ഇവ നിർമ്മിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിക്കുക.
9. വൈദ്യുതിമോഷണം കണ്ടെത്തുന്നതിന് പരിശോധന കാര്യക്ഷമമാക്കുക. കേടായ മീറ്റർ എത്രയും പെട്ടെന്ന് മാറ്റി പുതിയതു സ്ഥാപിക്കുക.
10. വൈദ്യുത അലങ്കാരങ്ങൾ നിരോധിക്കുക.
11. വൈദ്യുതി ഉപയോഗം കുറയ്ക്കുന്നതിന് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക.

**ഗതാഗതം**

മാന്നാർ പഞ്ചായത്തിൽ 12 വാർഡുകളിലായി 220 റോഡുകളുണ്ട്. മഴക്കാലമായാൽ ഈ റോഡുകളിൽ പലതും യാത്ര ദുരിതപൂർണ്ണമാക്കുന്നു. റോഡുകളുടെ വികസനത്തിനുമുൻപ് സ്ഥാപിച്ച ഇലക്ട്രിക് പോസ്റ്റുകൾ പലതും ഇപ്പോൾ റോഡുകളിൽ അസ്ഥാനത്തു നിൽക്കുന്നു. അവ മാറ്റി സ്ഥാപിക്കേണ്ടതുണ്ട്. മൺറോഡുകൾ ഏറ്റവും കൂടുതലുള്ള 11, 12 വാർഡുകളിൽ അവ കൂടുതൽ സഞ്ചാരയോഗ്യമാക്കേണ്ടതുണ്ട്. പ്രത്യേകിച്ച് വെള്ളപ്പൊക്കം ഏറ്റവും കൂടുതൽ ബാധിക്കുന്ന പ്രദേശം കൂടിയാണ് ഈ വാർഡുകൾ എന്നതി



നാൽ അവ പ്രാധാന്യം നൽകി നവീകരിക്കേണ്ടതുണ്ട്.

പല റോഡുകൾക്കും സൈഡിൽ ഓടകൾ ഇല്ലാത്തതും ഇള്ള ഓടകൾ അടയുന്നതും റോഡുകൾ തകരുന്നതിനും കാരണമാകുന്നുണ്ട്. ശരിയായ രീതിയിൽ ഓടകൾ മെച്ചപ്പെടുത്തി റോഡുകളുടെ നിലയും മെച്ചപ്പെടുത്താം.

സാമ്പത്തിക ബുദ്ധിമുട്ടുകൾ മൂലം റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നത് പഞ്ചായത്തിന് ബുദ്ധിമുട്ടുണ്ടാക്കുന്നു. ജനപങ്കാളിത്തത്തോടെയുള്ള റോഡ് നിർമ്മാണ നവീകരണപ്രവർത്തനങ്ങൾ നടപ്പാക്കുകയെന്നത് ഇതിനൊരു പരിഹാരമാണ്.

**അടിയന്തിരമായി നിർമ്മാണ നവീകരണങ്ങൾ ആവശ്യമുള്ള റോഡുകൾ.**

**7-ാംവാർഡിൽ പൊതുവൂർ ശ്മശാനത്തിലേക്കുള്ള റോഡ്**

| | | |
|---|---|---|
| കുറ്റിമുക്ക് | - | കാവുങ്കൽ മഠം റോഡ് |
| പരുമലക്കടവ് | - | മുല്ലശ്ശേരിക്കടവ് റോഡ് |
| നന്ത്യാട്ടുമുക്ക് | - | മുളവനേത്ത് ജംഗ്ഷൻ റോഡ് |
| വിഷവർശേരിക്കര | - | മൂർത്തിട്ട റോഡ് |
| മൂർത്തിട്ട | - | മുക്കാത്താരി |

നാലാം വാർഡിന്റെ വടക്കുകിഴക്ക് കോട്ടയം ഭാഗവും മുട്ടേൽ ജംഗ്ഷനും തമ്മിൽ ബന്ധിപ്പിക്കുന്ന റോഡിന്റെ നിർമ്മാണപ്രവർത്തനങ്ങൾക്കാവശ്യമായ AS ലഭിച്ചിട്ടുണ്ട്.

12-ാം വാർഡിൽ പാലമൂട്ടിൽ ഭാഗത്തും 3-ാം വാർഡിൽ തുമ്പനാൽകടവു ഭാഗത്തും പാലം നിർമ്മിക്കേണ്ടത് ആവശ്യമാണ്.

**പഞ്ചായത്തിലെ PWD റോഡുകൾ**

| No | റോഡിന്റെ പേര് |
|---|---|
| 1 | പന്നായി - കോയിക്കൽ മുക്ക് (സ്റ്റേറ്റ് ഹൈവേ) |
| 2 | ഇട്ടിനായർ കടവ് - സ്റ്റോർമുക്ക് |
| 3 | കുരട്ടി - വള്ളക്കാലി |
| 4 | കുറ്റിയിൽമുക്ക് - വഴിയമ്പലം |
| 5 | ഇടശേരിപ്പടി - പുഞ്ചറോഡ് |
| 6 | കോയിക്കൽ മുക്ക് - കുട്ടമ്പേരൂർ കടവ് |
| 7 | SKVജംഗ്ഷൻ - മൂന്നാംവിള ജംഗ്ഷൻ |
| 8 | മുട്ടേൽ ജംഗ്ഷൻ - തുമ്പനാൽക്കടവ് |

മാന്നാറിൽക്കൂടി 70ൽപ്പരം പ്രൈവറ്റ് ബസുകളും ഇരുപത്തിയഞ്ചോളം കെ എസ് ആർ റ്റി സി ബസ്സുകളും സർവീസ് നടത്തുന്നു. രണ്ടു മുതൽ എട്ടു ട്രിപ്പുകൾ വരെ അവ നടത്തുന്നു. അതുകൊണ്ടുതന്നെ ഒരു ബസ്സ്റ്റാൻഡ് മാന്നാറിൽ തികച്ചും അനിവാര്യമാണ്. പരുമലക്കടവിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാനും പഞ്ചായത്തിന്റെ വരുമാനവർദ്ധനക്കും ബസ്സ്റ്റാൻഡ് ഉപകരിക്കും.

പരുമലക്കടവ്, കുരട്ടി ജംഗ്ഷൻ, സ്റ്റോർ ജംഗ്ഷൻ എന്നിവിടങ്ങളിൽ ടാക്സികൾ പാർക്ക് ചെയ്യുന്നു. ഇതു കൂടാതെ പരുമലക്കടവ് കരട്ടി ജംഗ്ഷൻ, സ്റ്റോർ ജംഗ്ഷൻ, കോയിക്കൽ മുക്ക്, മുട്ടേൽ ജംഗ്ഷൻ,. എസ്. കെ. വി ജംഗ്ഷൻ, വള്ളക്കാലി എന്നിവിടങ്ങളിലായി 100-ൽപ്പരം ഓട്ടോറിക്ഷകളുമുണ്ട്. ഓട്ടോറിക്ഷ, ടാക്സി എന്നിവ പാർക്ക് ചെയ്യുന്നതുമൂലം പരുമലക്കടവിലുണ്ടാകുന്ന ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ വേണ്ട നടപടികളുണ്ടാകേണ്ടതാണ്.

പരുമലക്കടവിൽ ഒരു വെയിറ്റിംഗ് ഷെഡ് അത്യന്താപേക്ഷിതമാണ്.

പരുമലക്കടവ് മുതൽ സ്റ്റോർ ജംഗ്ഷൻ വരെയുള്ള ഗതാഗതക്കുരുക്ക് കുറയ്ക്കുന്നതിന് മാവേലിക്കര തിരുവല്ല റോഡിന് സമാന്തരമായി പരുമലയിൽനിന്നും സ്റ്റോർ ജംഗ്ഷനിലേക്ക് ഒരു പുതിയ സമാന്തരറോഡ് നിർമ്മിക്കുക.

മാന്നാറിൽ നിന്ന് രണ്ട് ബോട്ട് സർവീസുകൾ

പ്രവർത്തിക്കുന്നുണ്ട്. ഒന്ന് കോട്ടയത്തേക്കും മറ്റൊന്ന് ആലപ്പുഴയിലേക്കും. ഉപയോഗശൂന്യമായ ബോട്ടുജെട്ടി നവീകരിക്കേണ്ടതാണ്.

**മാർക്കറ്റ്**

പഞ്ചായത്തിൽ 2 മാർക്കറ്റുകളുണ്ട്, പഞ്ചായത്തുവക പബ്ലിക് മാർക്കറ്റ് മുട്ടേൽ ജംഗ്ഷന് തെക്കുവശത്താണ്. മാർക്കറ്റിനാവശ്യമായ പ്രാഥമിക സൗകര്യങ്ങൾ അവിടെ ഇനിയും ഉണ്ടാവേണ്ടിയിരിക്കുന്നു. ഒരു ഷോപ്പിംഗ് കോംപ്ലക്സ് സ്ഥാപിക്കുന്നനാവശ്യമായ സൗകര്യങ്ങൾ അവിടെയുണ്ട്. മറ്റൊന്ന് മാന്നാറിലുള്ള സ്വകാര്യ മാർക്കറ്റാണ്.

## മാന്നാർ പഞ്ചായത്തിലെ റോഡുകൾ

| വാർഡ് | എണ്ണം | ആകെ നീളം | ടാർ | മെറ്റൾ | ഗ്രാവൽ | മണ്ണ് |
|---|---|---|---|---|---|---|
| 1 | 14 | 5978 മീറ്റർ | 2509 | 546 | 2678 | 244 |
| 2 | 12 | 4422 " | 785 | ഇല്ല | 3637 | ഇല്ല |
| 3 | 15 | 6454 " | 1050 | ഇല്ല | 5374 | ഇല്ല |
| 4 | 31 | 10757 " | 2439 | 90 | 7177 | 997 |
| 5 | 22 | 8089 " | 742 | ഇല്ല | 7347 | ഇല്ല |
| 6 | 30 | 8733 " | 338 | ഇല്ല | 7749 | 646 |
| 7 | 10 | 2430 " | 430 | ഇല്ല | 1880 | 120 |
| 8 | 23 | 4557 " | 1108 | ഇല്ല | 2813 | 636 |
| 9 | 17 | 3691 " | 245 | 432 | 2699 | 315 |
| 10 | 19 | 5213 " | 751 | ഇല്ല | 4179 | 362 |
| 11 | 22 | 6548 " | 751 | ഇല്ല | 4549 | 1722 |
| 12 | 15 | 6651 " | 380 | ഇല്ല | 4549 | 1722 |
| ആകെ | 220 | 73423 " | 11483 | 1068 | 53590 | 72820 |

# വിദ്യാഭ്യാസം സംസ്കാരം



ഒരു നൂറ്റാണ്ടു മുമ്പുതന്നെ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ മഹത്വം കണ്ടറിഞ്ഞ നാടാണ് മാന്നാർ. അക്കാലത്ത് തിരുവല്ലയിലും മാവേലിക്കരയിലും ഇംഗ്ലീഷ് വിദ്യാലയങ്ങൾ സ്ഥാപിക്കപ്പെട്ടിരുന്നു. മാന്നാറിലെ സാധാരണക്കാരുടെ കുട്ടികൾക്കും ഇംഗ്ലീഷ് വിദ്യാഭ്യാസം ലഭ്യമാക്കാൻ മാന്നാറിലെ ചില നായർകുടുംബങ്ങളിലെ പ്രമുഖർ 1904 ൽ സ്ഥാപിച്ച മാന്നാർ നായർ സമാജം ഇംഗ്ലീഷ് ഹൈസ്കൂൾ പ്രദേശത്തെ വിദ്യാഭ്യാസ പുരോഗതിയുടെ അടിസ്ഥാനമായി. മൂന്നുഹൈസ്കൂളുകളും ഒരുട്രെയിനിംഗ് സ്കൂളും പിൽക്കാലത്ത് സ്ഥാപിക്കപ്പെട്ടു. പത്ത് എൽ പി സ്കൂളുകളും രണ്ട് യു. പി സ്കൂളുകളും മാന്നാറിന്റെ വിവിധഭാഗങ്ങളിൽ പ്രവർത്തിക്കുന്നു. സാമാന്യ വിദ്യാഭ്യാസത്തിന് പഞ്ചായത്തിൽ മതിയായ സൗകര്യങ്ങൾ ഉണ്ടെന്നു പറയാം.

ഉന്നതവിദ്യാഭ്യാസത്തിനുവേണ്ടി കോളേജ് ആരംഭിക്കാൻ പലകാലങ്ങളിലും ശ്രമം നടന്നിരുന്ന എങ്കിലും അതുഫലപ്രാപ്തിയിലെത്തിയില്ല. പരുമല ഡി ബി കോളേജ് വന്നതോടെ മാന്നാറിൽ കോളേജ് സ്ഥാപിക്കാനുള്ള സാധ്യതയ്ക്ക് മങ്ങലേറ്റു.

വിദ്യാലയങ്ങളുടെ വിവരങ്ങൾ പട്ടിക 1 ലും അവയിലെ സൗകര്യങ്ങളുടെ വിവരങ്ങൾ പട്ടിക 2 ലും നൽകിയിരിക്കുന്നു.

**എസ് എസ് എൽ സി വിജയശതമാനം**

**1. നായർ സമാജം ബോയ്സ് ഹൈസ്കൂൾ**

| വർഷം | പരീക്ഷയെഴുതിയവർ | വിജയിച്ചവർ | വിജയശതമാനം |
|---|---|---|---|
| 1994-95 | 152 | 90 | 60% |
| 1995-96 | 159 | 77 | 44% |

**2. നായർ സമാജം ഗേൾസ് ഹൈസ്കൂൾ**

| വർഷം | വിദ്യാർത്ഥികൾ | വിജയിച്ചവർ | വിജയശതമാനം |
|---|---|---|---|
| 94.95 | 164 | 132 | 82% |
| 95.96 | 160 | 131 | 81.9% |

**3. എസ് കെ .വി ഹൈസ്കൂൾ**

| വർഷം | വിദ്യാർത്ഥികൾ | വിജയിച്ചവർ | വിജയശതമാനം |
|---|---|---|---|
| 94-95 | 216 | 202 | 94% |
| 95-96 | 206 | 144 | 70% |

**4 ശ്രീ ഭുവനേശ്വരി ഇംഗ്ലീഷ് മീഡീയം ഹൈസ്കൂൾ**

| വർഷം | വിദ്യാർത്ഥികൾ | വിജയിച്ചവർ | വിജയശതമാനം |
|---|---|---|---|
| 94-95 | 53 | 53 | 100 |
| 95-96 | 41 | 41 | 100 |

വിദ്യാഭ്യാസ രംഗത്ത് പഴക്കവും സ്ഥാപനങ്ങളുടെ ബാഹുല്യവും ഉണ്ടെങ്കിലും എല്ലാ സ്ഥാപനങ്ങളും മികവ്പുലർത്തുന്നു എന്ന് അഭിപ്രായമില്ല

വിദ്യാലയങ്ങൾ സുലഭമാണെങ്കിലും ഈ പഞ്ചായത്തിൽ നിന്നും ആയിരത്തോളം വിദ്യാർത്ഥികൾ ദൂരസ്ഥലങ്ങളിലുള്ള എയിഡഡ് അൺ എയിഡഡ് വിദ്യാലയങ്ങളിലേക്ക് പോകുന്നു. അഭിലഷണീയമായ വിദ്യാഭ്യാസ നിലവാരം പുലർത്താത്ത സ്ഥാപനങ്ങളാണ്. ഭൂരിപക്ഷവും എന്നാതാണ് വിദ്യാർത്ഥികൾ പുറത്തേക്കു പോകാൻ കാരണം. ഭൗതിക സാഹചര്യങ്ങൾ മെച്ച

| വിദ്യാലയ സൗകര്യങ്ങൾ | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| നമ്പർ | സ്കൂളിന്റെ പേര് | വിസ്തീർണ്ണം | ആഫീസ്മുറി | സ്റ്റാഫ്മുറി | ലബോറട്ടറി | ലൈബ്രറി പുസ്തകങ്ങളുടെ എണ്ണം | മൂത്രപ്പുര | കക്കൂസ് | പാചകമുറി | വൈദ്യുതി | കളിസ്ഥലം | കിണർ |
| | | ഹെ.ആർ | | | | | | | | | | |
| 1. | വെൽഫയർ എൽ പി എസ് മാന്നാർ ഈസ്റ്റ് | 0.30.54 | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | 1 | 1 | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് |
| 2. | മാന്നാർ സിറിയൻ Mdlps , കുട്ടംപേരൂർ, | 0.25.00 | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | 1 | 1 | ഉണ്ട് | ഉണ്ട്. | ഉണ്ട് | ഉണ്ട്. |
| 3. | ഗവ. എൽ. പി. എസ് ചെങ്കിലാത്ത് | | | | | | | | | | | |
| 4. | എം എസ് സി എൽ പി എസ് ഊട്ടുപറമ്പ്, മാന്നാർ | 0.25.00 | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | 1 | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല |
| 5. | ജെ. ബി ജി എസ് മാന്നാർ | 0.30.00 | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | 2 | 2 | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| 6. | ഗവ എൽ പി എസ് മാന്നാർ | 0.3.40 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | 2 | 2 | ഇല്ല | ഇല്ല | ഇല്ല | ഉണ്ട്. |
| 7. | എം ഡി എൽ പി. എസ് പാവുക്കര | 0.40.00 | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | 1 | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട്. |
| 8. | എച്ച് ഡബ്ലിയു, എൽ പി എസ് പാവുക്കര | 0.10.00 | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | 1 | 1 | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട്. |
| 9. | സി. എം. എസ് എൽ പി എസ് മേല്പാടം | 0.20.80 | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | 1 | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 10 | എം ഡി എൽ പി എസ് പെരുങ്കണ്ണാരി, മേല്പാടം പാവുക്കര | 0.12.00 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | 1 | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല |
| 11 | കരയോഗം യു പി എസ് മാന്നാർ | 0.60.00 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | 2 | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 12. | കുട്ടംപേരൂർ യു പി എസ് | 0.25.00 | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | 4 | 1 | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 13. | എസ് ബി ഇ എം ഹൈസ്കൂൾ മാന്നാർ | 1.23.00 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | 6 | 2 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 14. | എസ് കെ വി എച്ച് എസ് കുട്ടംപേരൂർ | 1:25 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | 2 | 3 | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 15. | എൻ എസ് ജി എച്ച് എസ് മാന്നാർ | 0.60.00 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | 2 | 1 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 16 | എൻ എസ് ബി എച്ച് എസ് മാന്നാർ | 1.60.00 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | 4 | 2 | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 17 | എൻ എസ് റ്റി റ്റി ഐ മാന്നാർ | | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | 2 | 2 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |

പ്പെടുത്തുവാൻ ജനകീയ സമിതികൾ ശ്രദ്ധിച്ചാൽ നിലവാരത്തകർച്ച നേരിടാം.

പഞ്ചായത്തിൽ കമ്പ്യൂട്ടർ വിദ്യാഭ്യാസം നല്കുന്ന 4 സ്ഥാപനങ്ങൾ 5 ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ, ഒരു സ്വകാര്യ നഴ്സിംഗ് സ്ഥാപനം, ഒരു പാരലൽ കോളേജ്, 5 ട്യൂട്ടോറിയൽ നേഴ്സറി സ്കൂളുകൾ 4 ബാലവാടികൾ തുടങ്ങിയവ പ്രവർത്തിക്കുന്നു. താഴ്ന്ന തലത്തിലുള്ള തൊഴിലുകൾക്ക് മതിയായ വിദ്യാഭ്യാസ സാധ്യതകൾ ഉണ്ടെങ്കിലും ഉന്നത സാങ്കേതികവിദ്യാഭ്യാസത്തിന് മാർഗ്ഗങ്ങളില്ല. ഒരു പോളിടെക്നിക്കിനും മറ്റു സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങൾക്കുമുള്ള ആവശ്യം വളരെ വലിയതാണ്.

വിദ്യാർത്ഥികൾക്ക് പഠിക്കുവാൻ വേണ്ടി അധികദൂരം യാത്രചെയ്യേണ്ടതില്ല. എന്നാൽ ഈ ആനുകൂല്യം വിദ്യാർത്ഥികൾ ഉപയോഗിക്കാതിരിക്കാൻ കാരണം ഇംഗ്ലീഷ്മീഡിയം വിദ്യാഭ്യാസത്തോടുള്ള അമിതപ്രതിപത്തിയാണ്.

പഞ്ചായത്തിൽ നിരക്ഷരർ ഇല്ല എന്നുപറയാം. ഏതെങ്കിലും വിഭാഗം സാമൂഹ്യമായോ ജാതിപരമായോ അവഗണിക്കപ്പെടുന്നില്ല. പൊതുവിജ്ഞാനത്തിൽ മികച്ച നിലവാരം പുലർത്തുന്നുമുണ്ട്. 5 വായനശാലകളും ഏതാനും ആർട്ട്സ് & സ്പോർട്ട്സ് ക്ലബുകളും നിലവാര പുരോഗതിക്ക് സഹായിച്ചിട്ടുണ്ട്. നായർസമാജം സ്കൂൾ വക പ്ലേ ഗ്രൗണ്ട്കായിക പുരോഗതിയെ സഹായിച്ചുകൊണ്ടിരിക്കുന്നു.

പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും മാതൃസംഗമവും പി ടി എ യും പ്രവർത്തിക്കുന്നുണ്ട്. ചില കാര്യങ്ങളിൽ രക്ഷിതാക്കളെ ബോധവത്ക്കരിക്കാൻ ജനകീയ സമിതികൾ ശ്രദ്ധിക്കണം. കക്കൂസ് മൂത്രപ്പുര, കുടിവെള്ളം, വൈദ്യുതി, പഠനോപകരണങ്ങൾ എന്നിവ മതിയായത്ര ഇല്ല. ഇവ ലഭ്യമാക്കാനും അറ്റകുറ്റ പണികൾ നടത്തുവാനും അധികൃതരും ജനകീയ സമിതികളും ശ്രദ്ധിക്കണം.

### ശുപാർശകൾ

1. നഴ്സറി പ്രൈമറിതലങ്ങളിൽ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തണം. ആരോഗ്യപരിപാലനം, പഠനസൗകര്യങ്ങൾ, പഠനസാമഗ്രികൾ എന്നീകാര്യങ്ങളിൽ ശ്രദ്ധിക്കണം
2. പ്രൈമറി തലത്തിൽ കായിക വിദ്യാഭ്യാസം തുടങ്ങണം
3. മാന്നാറിൽ വിദ്യാഭ്യാസ ഉപജില്ലാ ഓഫീസ് ട്രഷറി എന്നിവ സ്ഥാപിക്കണം. പ്രഥമാദ്ധ്യാപകരുടെ ശ്രദ്ധ സ്കൂളുകളിൽ ലഭിക്കാൻ അത്യന്താപേക്ഷിതമാണിത്.
4. ആറുമാസം കൂടുമ്പോൾ വിദ്യാർത്ഥികളെ സമഗ്ര ആരോഗ്യപരിശോധനയ്ക്ക് വിധേയമാക്കാൻ സംവിധാനം ഉണ്ടാക്കണം.
5. എല്ലാ സ്കൂളുകളിലും സുസജ്ജമായ ഫസ്റ്റ് എയിഡ് ബോക്സ് ഉണ്ടായിരിക്കണം.
6. സ്കൂൾ യൂണിഫോം നിർബന്ധമാക്കണം
7. അദ്ധ്യായന സമയം 9.30 മുതൽ 3.30 പി എം വരെയായി മാറ്റി ക്ലിപ്തപ്പെടുത്തണം.
8. രക്ഷകർത്താക്കളുടെ യോഗം ഓരോ ടേമിലും ചേരണം. പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതോടൊപ്പം രക്ഷകർത്താക്കളെ ബോധവത്ക്കരിക്കുകയും വേണം.
9. സ്കൂൾ കോംപ്ലക്സ് ഫലപ്രദമായിപുനരാവിഷ്ക്കരിക്കണം.
10. അദ്ധ്യാപകർക്ക് കാലാകാലങ്ങളിൽ റിഫ്രഷൻ കോഴ്സുകൾ നടത്തണം
11. എല്ലാ സ്കൂളുകളിലും കാർഷിക ക്ലബ്, നേച്ചർ ക്ലബ്, സ്കൗട്ട്, ഗൈഡ്സ്, ജൂനിയർ റെഡ്ക്രോസ്, മുതലായവ രൂപീകരിക്കുക
12. സ്കൂൾ പാഠപുസ്തകങ്ങൾ സ്കൂൾ തുറക്കുന്നതിന് മുമ്പുതന്നെ പൂർണ്ണമായും ലഭ്യമാക്കണം.
13. പുതിയ സിലബസ് ആവിഷ്ക്കരിക്കുന്നതിന് മുമ്പ്വിശദമായ ചർച്ചകൾ നടത്തുകയും അദ്ധ്യാപകർക്ക് പരിശീലനം നൽകുകയും ചെയ്യണം
14. ശുചീകരണവാരം പുനസ്ഥാപിക്കണം
15. സ്കൂളുകളുടെ അറ്റകുറ്റപ്പണികൾ സ്കൂൾ തുറക്കുന്നതിനുമുമ്പും സ്റ്റാഫ് ഫിക്സേഷൻ ജൂണിലും പൂർണ്ണമാക്കണം.

## സംസ്കാരം

പുരാതനവും സമ്പന്നവുമായ ഒരു സാംസ്കാരിക പൈതൃകം മാന്നാറിന് അവകാശപ്പെടാനുണ്ട്. വയലേലകളിൽ ഉയർന്നുകേട്ടിരുന്ന നാടൻ പാട്ടുകളിലൂടെയും ഉണ്ണുനീലി സന്ദേശംപോലെയുള്ള സാഹിത്യകൃതികളിലെ പരാമർശങ്ങളിൽ കൂടിയും ഐതീഹ്യമാല തുടങ്ങിയ കൃതികളിലെ ചില ഐതീഹ്യ കഥകളിൽകൂടിയും തെളിയുന്നത് തനിമയാർന്ന ഒരു സംസ്കാരത്തിന്റെ പാദമുദ്രകളാണ്; ഒക്കെയും ആധുനിക കമ്പോള സംസ്കാരത്തിന്റെ അനിയന്ത്രിത ലഹരിയിൽ മാഞ്ഞു



കൊണ്ടിരിക്കുന്നതെങ്കിലും. മറ്റു പ്രദേശങ്ങളിലേതുപോലെതന്നെ മാന്നാറിലും ക്ഷേത്രങ്ങളും മറ്റ് ആരാധനാലയങ്ങളും സാംസ്കാരിക വേദികൾ തന്നെയായിരുന്നു. മഹത്തായ ദൃശ്യശ്രാവ്യ കലാപാരമ്പര്യത്തിന്റെ സാക്ഷിപത്രങ്ങളാണ് ഉത്സവങ്ങളടോനുബന്ധിച്ച് നടന്നുവരുന്ന പല ചടങ്ങുകളും മണ്ണിലും മനസ്സിലും വിളയുന്ന സമൃദ്ധിയുടെയും നന്മയുടെയും പ്രതീകംപോലെ ആഘോഷിക്കുന്ന 'അൻപൊലി' വാദ്യമേളങ്ങളുടെ ക്ലാസിക്ക് ശൈലിയാണ് പിൻതുടരുന്നത്. ഭൂതഗണങ്ങൾ ഒരു രാത്രികൊണ്ട് നിർമ്മിച്ചുവെന്ന് ഐതീഹ്യമുള്ള കൂറ്റൻ മതിൽകെട്ടിടത്തിനുള്ളിൽ സ്ഥിതിചെയ്യുന്ന തൃക്കുരട്ടി ക്ഷേത്രത്തിലെ ശിവരാത്രി ഉത്സവത്തിൽ ഭാരതീയ നാട്യകലകളുടെ കളിയരങ്ങ് ഒരുങ്ങുന്നു. പതഞ്ജലി മഹർഷിയുടെ യോഗവിദ്യയിൽ അഗ്രഗണ്യരായിരുന്ന യോഗീശ്വരൻമാർ ജീവിച്ചിരുന്നത് ഇവിടെയുള്ള നാലേക്കാട്ടിൽ കുടുംബത്തിലാണെന്നും ഐതിഹ്യമാല ചൂണ്ടിക്കാട്ടുന്നു. അമൂല്യങ്ങളായ നിരവധി താളിയോലഗ്രന്ഥങ്ങൾ ഇവിടെ സൂക്ഷിച്ചിരുന്നു. ജ്യോതിഷ രംഗത്തും താന്ത്രിക രംഗത്തും പാണ്ഡിത്യമുണ്ടായിരുന്ന പലരും മാന്നാറിൽ ജീവിച്ചിരുന്നു. വിദ്യാഭ്യാസം വൈജ്ഞാനിക രംഗങ്ങളിലും കർമ്മനിരതരായിരുന്നവരെ നമ്മുടെ പ്രദേശംസംഭാവന ചെയ്തിട്ടുണ്ട്. നാഗസ്വര വിദഗ്ദ്ധർ, മാന്നാർ ബ്രദേഴ്സ് ശാസ്ത്രീയ സംഗീത രംഗത്തും മാന്നാറിന് മേൽവിലാസം നൽകി. ഓട്ടുപാത്രനിർമ്മാണം, വിഗ്രഹ നിർമ്മാണം തുടങ്ങിയ മേഖലകളിലെ പുരാതന പാരമ്പര്യം ശില്പ കലയുടെ ചാരുതയും മാന്നാറിന്റെ സാംസ്കാരിക ചരിത്രത്തിന് നൽകി.

മാന്നാറിലെ മൂന്നു പ്രധാന മുസ്ലീംദേവാലയങ്ങളിലും നബിദിനവും മറ്റ് ഇസ്ലാമിക വിശുദ്ധ ദിനങ്ങളും ആഘോഷിക്കുന്നു. ഇസ്ലാമിക സംസ്കാരവും മാന്നാറിന്റെ സാംസ്കാരിക ചരിത്രത്തിൽ ഇഴചേർന്നിരുന്നതായി നമുക്ക് കാണാം.പരുമല ദേവാലയത്തിൽ കൊണ്ടാടുന്ന പെരുന്നാൾ മാന്നാറിലും ആഘോഷങ്ങളുടെ അനുരണനങ്ങൾ സൃഷ്ടിക്കുന്നു.

വർത്തമാന കാലത്തും മാന്നാറിൽ സാർത്ഥകമായ സാംസ്കാരിക പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. ഗ്രന്ഥശാലകൾ, കലാ സാംസ്കാരിക സംഘടനകൾ തുടങ്ങിയവ നമ്മുടെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ട്. കുറ്റിയിൽ ജംഗ്ഷനിലുള്ള മാന്നാർ ഗ്രന്ഥശാല ഇപ്പോൾ പ്രവർത്തിക്കുന്നില്ല. നല്ല നിലയിൽ ഒരിക്കൽ പ്രവർത്തിച്ചിരുന്ന പ്രസ്തുത സ്ഥാപനങ്ങളിലെ അസംഖ്യം ഗ്രന്ഥങ്ങളും നഷ്ടപ്പെട്ടിരിക്കുന്നു. നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന മറ്റു പല ഗ്രന്ഥശാലകളും ഇന്ന് കാര്യക്ഷമമല്ല , ഗ്രന്ഥശാലകളിൽ വരിക്കാരുടെ എണ്ണവും വിരലിലെണ്ണാവുന്ന വിധം കുറഞ്ഞിരിക്കുന്നു. പുസ്തകങ്ങൾ , വായന ഇവ ജീവിതത്തിന്റെ തന്നെ ഭാഗമായികണ്ടിരുന്ന ഒരു തലമുറ ഇന്നലെകളിൽ ഇവിടെയുണ്ടായിരുന്നു. എന്നാൽ ഇന്ന് വർണ്ണശബളമായ ടി. വി. ചലച്ചിത്ര തരംഗങ്ങൾക്ക് മുമ്പിൽ വായനയും അതുപോലുള്ള ധൈഷണിക പ്രവർത്തനങ്ങളും അവഗണിക്കപ്പെടുന്നു.

പഞ്ചായത്തിൽ കലാകായിക സമിതികളും മറ്റു സന്നദ്ധ സംഘടനകളും പ്രവർത്തിക്കുന്നു. കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ പ്രവർത്തനം ശ്രദ്ധേയമാണ്. പ്രസ്തുത സംഘടനയുടെ കുട്ടംപേരൂർ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ വർഷംതോറും നടത്തിവരുന്ന വിജ്ഞാനോത്സവം കലാജാഥകൾ, മറ്റ് വിദ്യാഭ്യാസപ്രവർത്തനങ്ങള് തുടങ്ങിയവ തികച്ചും കാലിക പ്രസക്തിയുള്ളതാണ്.

### പ്രശ്നങ്ങൾ നിർദ്ദേശങ്ങൾ

എല്ലാ സാംസ്കാരിക സംഘടനകൾക്കും പ്രാതിനിധ്യമുള്ള പഞ്ചായത്തുതല സാംസ്കാരിക സമിതി ഉണ്ടാവണം.

കലാസാംസ്കാരിക പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് ബജറ്റിൽ വക കൊള്ളിക്കണം.

പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന കേരളോത്സവത്തിലെ ജില്ലാ തലം മുതലുള്ള വിജയികൾക്കെങ്കിലും വിദ്യാഭ്യാസം, തൊഴിൽ ലബ്ധി ഇവയ്ക്ക് ഗ്രേസ് മാർക്ക് നൽകണം. അത് കേരളോത്സവത്തിലെ ജനകീയ പങ്കാളിത്തം വർദ്ധിപ്പിക്കും.

പഞ്ചായത്തിലെ ചില കലാകായിക സമിതികളും ക്ലബുകളും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യേണ്ടതും അവയ്ക്ക് പഞ്ചായത്തുതല ഏകോപന സമിതി ഉണ്ടാവേണ്ടതുമാണ്.

പ്രസ്തുത സംഘടനകൾക്കുള്ള സർക്കാർ സാമ്പത്തിക സഹായം പഞ്ചായത്തിന്റെ റിപ്പോർട്ട് അടിസ്ഥാനത്തിലാവണം.

## മാന്നാറിലെ ഗ്രന്ഥശാലകൾ

| പേര് | സ്ഥാപിച്ച വർഷം | ഗ്രേഡ് | പുസ്തകങ്ങളുടെ എണ്ണം | വിതരണം | ആനുകാലികങ്ങളുടെ എണ്ണം | ഗ്രാന്റ് | കെട്ടിടം സ്വന്തം/ അല്ല | അനുബന്ധ പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|---|
| പഞ്ചായത്ത് സാംസ്കാരിക നിലയം | 1990 | C | 1000 | 100 | 12 | | സ്വന്തം | |
| മഹാത്മജി സ്മാരക വായനശാല | 1951 | A1 | 12000 | 1000 | 9 | ഉണ്ട് | സ്വന്തം | ബാലവിഭാഗം പുസ്തകങ്ങൾ കായികമത്സരം |
| മാന്നാർ ലൈബ്രറി | 1954 | C | 6000 | ഇല്ല | ഇല്ല | - | സ്വന്തം | |
| നാഷണൽ ഗ്രന്ഥശാല | 1953 | C | 5650 | 75 | ഇല്ല | ഉണ്ട് | സ്വന്തം | കായികപ്രവർത്തനങ്ങൾ |
| വിവേകോദയം ഗ്രന്ഥശാല | 1952 | B | 7309 | 900 | ഉണ്ട് | ഉണ്ട് | സ്വന്തം | കലാകായിക സാക്ഷരതാ പ്രവർത്തനങ്ങൾ |
| ഉപാസന ഗ്രന്ഥശാല | 1972 | C | 2973 | 600 | ഉണ്ട് | ഉണ്ട് | സ്വന്തം | സാക്ഷരതാ പ്രവർത്തനങ്ങൾ |



# പൊതുജനാരോഗ്യം കുടിവെള്ളം

4437 ഏക്കർ 51 സെന്റ് വിസ്തൃതിയുള മാന്നാർ പഞ്ചായത്തിലെ ജനസംഖ്യ 30971 ആണ്. ഇതിൽ 15248 പുരുഷന്മാരും 15723 സ്ത്രീകളുമാണ്.

മാന്നാർ പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ ഗവൺമെന്റ് അലോപ്പതി, ആയുർവേദ, ഹോമിയോ ആശുപത്രികൾ പ്രവർത്തിക്കുന്നു. സ്വകാര്യ പൊതുജനാരോഗ്യ സ്ഥാപനങ്ങളും ഇവിടെ പ്രവർത്തിക്കുന്നു.

അവയെ സംബന്ധിക്കുന്ന വിവരങ്ങൾ ചുവടെ ചേർക്കുന്നു.

## 1. മാന്നാർ പബ്ലിക് ഹെൽത്ത് സെന്റർ

അമ്പത് വർഷം മുൻപ് ആരംഭിച്ച മാന്നാർ പി. എച്ച് സെൻററാണ് ഈ പഞ്ചായത്തിലെ പ്രധാന പൊതുജനാരോഗ്യകേന്ദ്രം. 1979-ൽ ഔട്ട്പേഷ്യന്റ് സൗകര്യത്തോടുകൂടിയ പഴയകെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തുകയും പത്തുകിടക്കകളുള്ള പുതിയ പ്രസവവാർഡ് പണി കഴിപ്പിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ചുറ്റുമതിൽ, പുതിയ മോർച്ചറി കെട്ടിടം എന്നിവയും പണികഴിപ്പിക്കുകയുണ്ടായി. ആവശ്യത്തിനു വിസ്തൃതിയില്ലാത്ത കോമ്പൗണ്ടാണുള്ളത് എന്നതു പരിഗണിക്കാതെ കാർട്ടേഴ്സുകളും മറ്റും 1986-ൽ കേന്ദ്രസർക്കാരിന്റെ പദ്ധതിയനുസരിച്ച് കോമ്പൗണ്ടിൽ തന്നെ പണികഴിപ്പിക്കുകയുണ്ടായതു കാരണം ആശുപത്രിയുടെ പൊതുവികസനത്തിന് ആ കെട്ടിടങ്ങൾ ബുദ്ധിമുട്ടാണ്ടുക്കുന്നു.

കുടിവെള്ളം, മലമൂത്രവിസർജ്ജന സൗകര്യങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൽ ഇവിടെയും ഇനിയും ഏർപ്പെടുത്തേണ്ടതുണ്ട്. 1995-ൽ M.P ഫണ്ടിൽ നിന്നും അനുവദിച്ച തുക കൊണ്ടു നിർമ്മിച്ച പുരുഷ വാർഡ് സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ കഴിയാത്തതുകാരണം പ്രവർത്തിച്ചുതുടങ്ങിയിട്ടില്ല.

നേത്രരോഗ ചികിത്സ, ദന്തരോഗചികിത്സ എന്നിവയ്ക്കും കുഷ്ഠരോഗ നിവാരണ പദ്ധതിയുടെ ഭാഗമായി (ചെങ്ങന്നൂർ താലൂക്കും കുട്ടനാടിന്റെ ചില ഭാഗങ്ങളും മാവേലിക്കര താലൂക്കിന്റെ ചിലഭാഗങ്ങളും ഉൾപ്പെടെ ഏകദേശം 21 പഞ്ചായത്ത് പ്രദേശങ്ങൾക്കു വേണ്ടി)ട്ടുള്ള ഒരു യൂണിറ്റും ഈ ഹ.ഒ സെൻറിന്റെ പ്രവർത്തനത്തെ പറ്റിയും നിലവിലുള്ള സൗകര്യത്തെപ്പറ്റിയും മനസ്സിലാക്കുന്നതിന് താഴെ പറയുന്നു വിവരങ്ങൾ ഉതകുന്നതാണ്.

| ഇൻപേഷ്യന്റ്സ് | | ഔട്ട്പേഷ്യന്റ്സ് | |
|---|---|---|---|
| 1993 - ൽ | 1868 | 1993 | 56901 |
| 1994 - ൽ | 1269 | 1994 | 55596 |
| 1995 - ൽ | 3085 | 1995 | 57789 |
| 1996 - ൽ | 2002 | 1996 | 80365 |

**മരുന്നുകളുടെ ലഭ്യത ( അലോട്ടുമെന്റ്)**

| | |
|---|---|
| 1994-95 | 348835 രൂപയുടെ മരുന്നുകൾ |
| 1995-96 | 324342 ,, |
| 1996-97 | |
| ഒക്ടോബർ വരെ | 331888 ,, |

ഇതു കൂടാതെ കുഷ്ഠരോഗ നിവാരണ പദ്ധതി ക്ഷയരോഗ ചികിത്സ, ഫാമിലവെൽഫയർ പ്രോഗ്രാം എന്നിവയ്ക്കായിട്ടുള്ള മരുന്നുകൾ പ്രത്യേകമായും ലഭിക്കാറുണ്ട്.

| | | |
|---|---|---|
| **A. ഡോക്ടേഴ്സ്** | - | 5 |
| 1. ദന്തരോഗവിഭാഗം | - | 1 |
| 2. നേത്രരോഗവിഭാഗം | - | 1 |
| 3. ജനറൽ /സിവിൽ അസിസ്റ്റന്റ് സർജൻ | - | 2 |
| 4. കുഷ്ഠരോഗനിവാരണ പദ്ധതിയുടെ ചുമതല വഹിക്കുന്നതിന് | - | 1 |
| **B. ഓഫീസ് സ്റ്റാഫ്** | - | 4 |
| 1. അപ്പർ ഡിവിഷൻ ക്ലാർക്ക് | - | 1 |
| 2.ലോവർ ഡിവിഷൻ ക്ലാർക്ക് | - | 1 |
| 3. ടൈപ്പിസ്റ്റ് | - | 1 |
| 4. ഡ്രൈവർ | - | 1 |

(ടൈപ്പിസ്റ്റ് ജോലി ചെയ്യുന്നത് DMO യുടെ ഓഫീസിൽ)

| | | |
|---|---|---|
| **C. മെഡിക്കൽ സ്റ്റാഫ്** | - | 20 |
| 1. ഫാർമസിസ്റ്റ് | - | 1 |
| 2. സ്റ്റാഫ് നേഴ്സ് | - | 2 |

3. ഡന്റൽ ഹൈജിനിസ്റ്റ് - 1
4. ലാബ് ടെക്നിഷ്യൻ - 2
5. പബ്ലിക് ഹെൽത്ത് നേഴ്സ് - 3
6. „ പാണ്ടനാട്ടു ഡ്യൂട്ടി - 2
7. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ - 1
8. ലേഡീ ഹെൽത്ത് സൂപ്പർവൈസർ - 2
9. നേഴ്സിംഗ് അസിസ്റ്റന്റ് - 3
10. അറ്റൻഡർ - 3

**D.** ലെപ്രസി പദ്ധതി - 24

1. നോൺ മെഡിക്കൽ സൂപ്പർവൈസർ - 4
2. ഇൻസ്പെക്ടേഴ്സ് - 20

### E. പൊതുജനാരോഗ്യ രംഗത്തെ ചില വിവരങ്ങൾ

**1. പകർച്ചവ്യാധിവിവരങ്ങൾ**

| വർഷം | ജലജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | പ്രാണിജന്യ രോഗങ്ങൾ | മറ്റുള്ളവ |
|---|---|---|---|---|
| 1993-94 | 632 | 74 ചിക്കൻപോക്സ് | 48 | 56865 |
| 1994-95 | 469 | 42 ചിക്കൻപോക്സ് | 70 എലിപ്പനി | 60874 |
| 1995-96 | 442 | 20 ചിക്കൻപോക്സ് | 70 | 82367 |

**2. രോഗങ്ങൾ സംബന്ധിച്ച റിപ്പോർട്ടുകൾ**

| വർഷം | IP | OP | ത്വക രോഗം | വാതം | പകർച്ച വ്യാധി | വിഷ ചികിത്സ | മറ്റു രോഗങ്ങൾ | ആകെ |
|---|---|---|---|---|---|---|---|---|
| 1992-93 | 1868 | 56901 | 232 | 826 | 754 | 1 | 56956 | 58769 |
| 93-94 | 1269 | 55596 | 275 | 964 | 794 | - | 54930 | 56865 |
| 94-95 | 3085 | 57789 | 261 | 987 | 615 | - | 59011 | 60874 |
| 95-96 | 2002 | 80365 | 313 | 1007 | 718 | - | 80329 | 82367 |

**3. ആരോഗ്യസ്ഥിതി വിവരങ്ങൾ**

**a.** 1996-ലെ ജനസംഖ്യ
പുരുഷന്മാർ - 15248
സ്ത്രീകൾ - 15723
ആകെ - 30971

**b. പ്രായാടിസ്ഥാനത്തിൽ ദമ്പതിമാർ**

| വയസ് | എണ്ണം |
|---|---|
| 19 | 36 |
| 20-24 | 693 |
| 25-29 | 956 |
| 30-34 | 760 |
| 35-39 | 654 |
| 40-44 | 344 |
| ആകെ | 3443 |

**c. അമ്മമാരുടെ എണ്ണം (ജീവിച്ചിരിപ്പുള്ള കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ)**

1 - കുട്ടിയുള്ള അമ്മമാർ - 719
2 - കുട്ടികളുള്ള അമ്മമാർ - 1631
2 - ൽ കൂടുതൽ അമ്മമാർ - 1093
ആകെ - 3443

**d. കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിച്ച അമ്മമാർ**

1 കുട്ടിയുള്ള അമ്മമാർ 44
2 കുട്ടിയുള്ള „ 1319
2 ൽ കൂടുതൽ „ 886

**f. സ്ഥായിയായ രോഗബാധിതർ**

ക്ഷയം - 41

**g. ഒരു വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾ** - 380
**h. പ്രതിരോധ കുത്തിവെയ്പു നടത്തിയവർ** - 378
**i. ആകെ ഗർഭിണികൾ** - 239
**j. മാതൃശിശു സംരക്ഷണ കേന്ദ്രങ്ങൾ** -

സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ളത് - 1
വാടക/സ്വകാര്യ കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് - 3
ആകെ - 4

മാന്നാർ പി. എച്ച് സെൻറ്ററിന്റെ പുരോഗതിക്കും മെച്ചപ്പെട്ട പ്രവർത്തനത്തിനും വേണ്ടിയുള്ള നിർദ്ദേശങ്ങളും ഗ്രാമസഭായോഗങ്ങളിൽ ഉയർന്നു വന്ന ആവശ്യങ്ങളും

1. ഈ P.H സെൻറ്ററിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഇതിനെ ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ആയി ഉയർത്തുക.

2. ഇപ്പോൾ കേവലം 60 സെന്റ് ഭൂമിയിലാണ് P.H സെന്റർ പ്രവർത്തിക്കുന്നത്. ഇതിന്റെ വികസനത്തിന് വേണ്ടി കൂടുതൽ സ്ഥലം കണ്ടെത്തുക എന്നത് അടിയന്തിരാവശ്യമാണ്.

3. സ്റ്റാഫിന്റെ അപര്യാപ്തത കാരണം ആശുപത്രിയിലെ ശുചീകരണ പ്രവർത്തനങ്ങൾ കാര്യമായി നടത്തുന്നതിനോ രോഗികളോ വേണ്ടതുപോലെ ശ്രദ്ധിച്ചു പരിചരിക്കുവാനോ കഴിയാറില്ല. ഈ വസ്തുത പരിഗണിച്ച് താഴെ പറയുന്ന തസ്തികകളിൽ ജീവനക്കാരെ നിയമിക്കേണ്ടതാണ്.

എ. ഒരു തൂപ്പുകാരനെ നിയമിക്കുക (പാർട്ട് ടൈം സ്വീപ്പർ)

ബി. ഒരു പ്യൂണിന്റെ തസ്തിക നിർമ്മിച്ച് നിയമനം നടത്തുക.

സി. കക്കൂസുകളും ഓടകളും മറ്റും വൃത്തിയാക്കുന്നതിന് ജീവനക്കാരെ നിയമിക്കുക.

ഡി സ്റ്റാഫു നേഴ്സുമാരെ കൂടി നിയമിക്കുക.

ഇ. ഒരു night watch man നെ നിയമിക്കുക

എഫ്. ഇപ്പോൾ ഒഴിവായി കിടക്കുന്ന ദന്തൽ സർജന്റെ ഒഴിവു നികത്തുവാൻ നിയമനം നടത്തുക.

ജി. PHC-യുടെ ബൈഫർക്കേഷൻ കാലത്തുണ്ടായി അപാകതകൾ കാരണം ഈ PHഇയുടെ പരിധിയിൽ ജോലി ചെയ്യുന്ന കുറെ ജീവനക്കാർ ശമ്പളം വാങ്ങുന്നതിന് പാണ്ടനാട് PHഇയിൽ പോകേണ്ടതായ അവസ്ഥയാണുള്ളത്. ഈ സ്ഥിതി മാറ്റി ഈ സ്ഥാപനത്തിലെ ജീവനക്കാർക്ക് ഇവിടെ നിന്നു തന്നെ ശമ്പളം ലഭ്യമാക്കണം.

എച്ച്. ജൂനിയർ ഹെൽത്തിൻസ്പെക്ടറുടേത് ഉൾപ്പെടെ നിലവിലുള എല്ലാ ഒഴിവുകളും അടിയന്തിരമായ നികത്തി ഉദ്യോഗസ്ഥരെ നിയമിക്കണം.

4. ആശുപത്രി കെട്ടിടങ്ങൾ, കാർഷെഡ് എന്നിവയുടെ ചോർച്ചയും മറ്റും പരിഹരിച്ച് അറ്റകുറ്റപ്പണികൾ നിർവ്വഹിക്കണം.

5. കിണർ വൃത്തിയാക്കുന്നതിനും വാട്ടർ ടാങ്കിന്റെയും പമ്പു സെറ്റിന്റെയും കേടുപാടുകൾ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കുക.

6. ഇലക്ട്രിക് വയറിംഗിന്റെ കേടുപാടുകൾ തീർക്കുകയും ആവശ്യമായ ട്യൂബുകളും മറ്റും ഇടുകയും ചെയ്യുക.

7. ഒരു X-ray plant സ്ഥാപിക്കുക

8. കുടിവെള്ളക്ഷാമം ആശുപത്രിയിലുണ്ടാകാതിരിക്കാൻ water authorityയുടെ പൈപ്പ് ലൈൻ ആശുപത്രിയിൽ കൂടി സ്ഥാപിക്കുക.

9. ഡബ്ല്യു.എഫ്.പി ഫണ്ടു ഉപയോഗിച്ചു നിർമ്മിച്ചിട്ടുള്ള പുതിയ പുരുഷവിഭാഗം വാർഡിന്റെ പ്രവർത്തനമാരംഭിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

10. നാലുമാതൃശിശു സംരക്ഷണ കേന്ദ്രങ്ങൾ ഈ പഞ്ചായത്തിലുണ്ട്. അവയിൽ ഒരെണ്ണത്തിനു സ്വന്തം സ്ഥലവും കെട്ടിടവും ഉണ്ട്. മറ്റ് മൂന്നിനും സ്വന്തമായ സ്ഥലവും കെട്ടിടവും ലഭ്യമാക്കണം. കൂടാതെ ഈ കേന്ദ്രങ്ങലിൽ ലേഡീഡോക്ടറുടെയും നഴ്സിന്റെയും സേവനം ഉറപ്പുവരുത്തുകയും വേണം. ഇവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും വേണ്ടിയിരിക്കുന്നു.

11. ഹെൽത്ത് വിസിറ്റേഴ്സ് പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ അടിക്കടി പോകുകയും ആരോഗ്യത്തിനു ഹാനികരമായ മലിനീകരണവസ്തുക്കളും മറ്റും നിർമ്മാർജ്ജനം ചെയ്യുന്നതിനും കൊതുക്, ഈച്ച, എന്നിവയെ നിർമ്മാർജ്ജനം ചെയ്യുന്നതിനും മറ്റുമുള്ള നടപടികൾ കൈക്കൊള്ളുകയും വേണം. കൂടാതെ പരിസര ശുചീകരണത്തെപ്പറ്റി പൊതുജനങ്ങളേ ബോധവൽക്കരിക്കുകയും വേണം.

12. മാന്നാർ PHഇയിൽ പെട്ടെന്നുണ്ടാക്കുന്ന രോഗങ്ങൾ അത്യാഹിതങ്ങൽ എന്നിവ കാരണം ചെല്ലുന്ന രോഗികൾക്ക് ചികിത്സ നൽകുവാനുതകും വിധം 24 മണിക്കൂറും PHC പ്രവർത്തിക്കേണ്ടതാണ്.

13. മിൽമയുടെ പ്ലാന്റിൽ നിന്നും ഒഴുകുന്ന മലിന ജലം ഉൾപ്പെടെ പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിലുള്ള പരിസര മലിനീകരണം തടയുന്നതിനുള്ള നടപടി സ്വീകരിക്കുക.

14. സ്കൂളുകളിൽ വിദ്യാർത്ഥികളുടെ വൈദ്യപരിശോധനയും ബ്ലഡ്ഗ്രൂപ്പ് നിർണ്ണയവും നടത്തുന്നതിന് സംവിാനമുണ്ടാകണം.

15. സാംക്രമികരോഗങ്ങൾക്കെതിരെയുള്ള വാക്സിനേഷനുകൾ കാലാകാലങ്ങളിൽ നിർബന്ധമായും നടപ്പിലാക്കണം.

16. ബഹുജനങ്ങൾക്കു ശല്യമുണ്ടാകുന്ന തരത്തിലും ആരോഗ്യത്തിന് ഹാനികരമാംവിധം പരിസരമലിനീകരണമുണ്ടാക്കും വിധവുമുള്ള കശാപ്പുശാലകൾ, ഇറച്ചിക്കടകൾ എന്നിവ പരിശോധിച്ച് അവ ആരോഗ്യ ഹാനിയ്ക്കിട വരാത്തവിധം പ്രവർത്തിക്കുവാൻ നിർദ്ദേശം നൽകുക.

17. ഫാമിലിവെൽഫയർ സെന്റർ, ശിശു സംരക്ഷണകേന്ദ്രങ്ങൾ, പോഷകാഹാര വിതരണ കേന്ദ്രങ്ങൾ എന്നിവ എല്ലാ വാർഡുകളിലേയും ജനങ്ങൾക്ക് ഉപകരിക്കത്തക്കവിധം സംവിധാനമുണ്ടാക്കണം.

18. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിലും ടൗണിലും ബസ്സ്റ്റാൻഡിനു സമീപവും മറ്റും പബ്ലിക് കംഫർട്ടുസ്റ്റേഷനുകൾ സ്ഥാപിക്കണം.

19. കുരട്ടിക്കാട്ടിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഉപയോഗിച്ചു വരുന്ന കെട്ടിടത്തിൽ തന്നെ ഇപ്പോൾ വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്ന ഫാമില്ല വെൽഫയർ സെന്റർ പ്രവർത്തിക്കാവുന്നതാണ്.

## 2. സർക്കാർ ആയുർവേദ ആശുപത്രി

മാന്നാർ ടൗണിൽ മെയിൽ റോഡിനോടു ചേർന്ന് സ്വന്തം കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന ഈ ആയുർവേദ ആശുപത്രിയുടെ പ്രവർത്തനത്തേപ്പറ്റിയും നിലവിലുള്ള സൗകര്യങ്ങളെപ്പറ്റിയും മനസ്സിലാക്കുന്നതിന് താഴെ പറയുന്ന വിവരങ്ങൾ ഉപകരിക്കുന്നതാണ്.

a. ഇൻപേഷ്യന്റ് വിഭാഗം ഇല്ല. ഔട്ട്പേഷ്യന്റ് വിഭാഗം മാത്രമാണുള്ളത്.

O.P യുടെ വർഷം തിരിച്ചുള്ള കണക്ക്

1991-92 -- 34705
1992-93 -- 41369
1993-94 -- 46657
1994-95 -- 32697
1995-96 -- 36469

b. രോഗികൾ ശതമാനക്കണക്ക്

1. വാതസംബന്ധമായ രോഗികൾ - 40%

2. ശ്വാസം മുട്ടൽ /പനി ,, - 30%

3. ചിലന്തി വിഷം മുതലായവ - 10%

4. ത്വക്‌രോഗങ്ങൾ - 20%

ന. മരുന്നുകളുടെ അലോട്ടുമെന്റ്

പ്രതിവർഷം 25000 രൂപയുടെ മരുന്ന് ലഭിച്ചുവരുന്നു. കഷായത്തിനുള്ള മരുന്നുകൾ ഏറെക്കുറെ തികയുന്നുണ്ട്. എണ്ണ, കുഴമ്പ്, ഗുളികകൾ, ചൂർണ്ണങ്ങൾ ഇവ തികയുന്നില്ല.

പ. ജീവനക്കാർ - 4

1. ഡോക്ടർ - 1
2. ഫാർമസിസ്റ്റ് - 1
3. അറ്റൻഡർ - 1
4. പാർട്ട് ടൈം സ്വീപ്പർ - 1

പ്രതിമാസം ശമ്പളമിനത്തിൽ 12587 രൂപയും വാട്ടർ ചാർജ്ജ് 58 രൂപയും കറന്റ് ചാർജ്ജ് 23 രൂപയും ടി.അ യിനം 35 രൂപയും വിറകും മറ്റും വാങ്ങുന്നതിന് മൂന്നു മാസത്തെ ചെലവുകൾ എന്ന പ്രകാരം 2250 രൂപയും ചെലവായിവരുന്നു.

ആയുർവേദാശുപത്രിയുടെ വികസനത്തിനു പുരോഗതിക്കും ജനങ്ങളുടെ ആവശ്യങ്ങളും നിർദ്ദേശങ്ങളും.

1. ആയുർവേദാശുപത്രിയുടെ ചുറ്റുമതിൽ ബലപ്പെടുത്തുകയും കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തുകയും പഴയവയറിംഗ് കേടായിരിക്കുന്നത് ശരിയാക്കുകയും വാഷ്ബേസിൻ നന്നാക്കുകയും ചെയ്യണം.

2. ഇപ്പോഴത്തെ കെട്ടിടത്തിന്റെ ഉറപ്പ് പരിശോധിച്ചി കെട്ടിടം ഇരുനിലയാക്കി മാറ്റി രോഗികളെ കിടത്തിചികിത്സിപ്പിക്കുവാനുള്ള സൗകര്യം ഉണ്ടാക്കേണ്ടതാണ്.

3. ആശുപത്രിയിലെ വിവിധ ഉപകരണങ്ങൾക്കുള്ള കേടുപാടുകൾ തീർക്കുകയും ആവശ്യത്തിന് ഫർണിച്ചർ ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

4. എണ്ണ, കുഴമ്പ്, ഗുളികകൾ, ചൂർണ്ണങ്ങൾ എന്നിവയുടെ ലഭ്യത വർദ്ധിപ്പിക്കണം.

5. ആയുർവേദ ആശുപത്രിയിൽ നിന്നും പഞ്ചായത്തിലെ എല്ലാ വാർഡികുളിലെയും ജനങ്ങൾക്ക് സേവനം ലഭിക്കുന്നതിനുവേണ്ടി വർഷത്തിൽ ഒന്നോ രണ്ടോ പ്രാവശ്യം ആയുർവേദമെഡിക്കൽ ക്യാമ്പ് നടത്തി രോഗികളെ പരിശോധിക്കുന്ന സമ്പ്രദായം ഏർപ്പെടുത്തണം.

## 3. സർക്കാർ ഹോമിയോ ഡിസ്പെൻസറി

1991-ൽ ആരംഭിച്ച സർക്കാർ ഹോമിയോ ഡിസ്പെൻസറി ഇപ്പോൾ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു.

ഈ സ്ഥാപനത്തിൽ നിലവിലുള്ള സൗകര്യങ്ങളെപ്പറ്റിയും മറ്റുമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

a. ജീവനക്കാർ

1. മെഡിക്കൽ ഓഫീസർ 1
2. ഫാർമസിസ്റ്റ് 1
3. അറ്റൻഡർ 1
4. പാർടൈം സ്വീപ്പർ 1

ജീവനക്കാരുടെ പ്രതിമാസ ശമ്പളച്ചെലവ് 13,000 രൂപയാണ് ഏകദേശം. വാടക പ്രതിമാസം 650 രൂപ(പഞ്ചായത്ത് കൊടുക്കുന്നു)

b. ഔട്ട്പേഷ്യന്റ് വിഭാഗം മാത്രം പ്രവർത്തിച്ചുവരുന്നു. നിത്യേന ശരാശരി 40 രോഗികൾ വരുന്നുണ്ട്.

c. മരുന്നുകൾ അലോട്ട്മെന്റ്
5000 രൂപയുടെ മരുന്നുകൾ (ഗുളികകൾ (സൺടീസ്) കൂടുതൽ ലഭ്യമാക്കണം)

d. രോഗികൾ

ചിക്കൻ പോക്സ്, വില്ലൻചുമ, കോളറ തുടങ്ങി എല്ലാവിധ രോഗികളും ചികിത്സയ്ക്കായി വരുന്നുണ്ട്.

വികസനത്തിനുവേണ്ടിയുള്ള നിർദ്ദേശങ്ങളും ജനങ്ങളുടെ ആവശ്യങ്ങളും.

1. ഡിസ്പെൻസറി ഹോമിയോ ആശുപത്രിയായി ഉയർത്തുക .

2. സ്റ്റാഫിന് ക്വാർട്ടേഴ്സ് നിർമ്മിച്ചാൽ കൂടുതൽ ഉപയോഗപ്രദമായിരുന്നു.

3. പഞ്ചായത്തിൽനിന്നും തീരുമാനമായിട്ടുള്ള ഡിസ്പെൻസറി കെട്ടിടനിർമ്മാണം കാലതാമസം ഒഴിവാക്കി പൂർത്തിയാക്കുക.

4. എല്ലാ വാർഡുകളിലെയും ജനങ്ങൾക്ക് ഹോമിയോ ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിന് ഉതകും വിധം കൂടെക്കൂടെ വാർഡുകളിൽ മെഡിക്കൽ ക്യാമ്പ് നടത്തുക.

## ഇ.എസ്.ഐ ഡിസ്പെൻസറി

കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സംയുക്തനിയന്ത്രണത്തിലുള്ള ഈ സ്ഥാപനം പഞ്ചായത്തിലെ മൂന്നാം വാർഡിലെ വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു.

വ്യവസായ രംഗത്തെ തൊഴിലാളികളും അവരുടെ കുടുംബാംഗങ്ങളും മാത്രമാണ് ഇ. എസ്. ഐ ഡിസ്പെൻസറിയിൽ ചികിത്സയ്ക്കായി എത്തുന്നത്. ഇപ്പോൾ ഈ ഡിസ്പെൻസറിയിൽ കാർഡുള്ള ഏകദേശം 650 പേരുണ്ട്. അലിൻഡ് സ്വിച്ച്ഗിയർ ഫാക്ടറി, തീപ്പെട്ടി ഫാക്ടറികൾ, മിനി ഇൻഡസ്ട്രീസ്, ജ്യോതി ഡ്രിഗ്സ്, പരുമല സ്ട്രോബോർഡ് ഫാക്ടറി എന്നീ സ്ഥാപനങ്ങളിലെ തൊഴിലാളികളും അവരുടെ കുടുംബാംഗങ്ങളുമാണ് ഇവിടെ വന്നുകൊണ്ടിരിക്കുന്നത്.

a. ജീവനക്കാർ

1. മെഡിക്കൽ ഓഫീസർ 1
2. എൽ. ഡി. ക്ലർക്ക് 1
3. ഫാർമസിസ്റ്റ് 1 ( ഒഴിഞ്ഞുകിടക്കുന്നു)
4. എ. എൻ എം 1
5. നേഴ്സിംഗ് അസിസ്റ്റന്റ് 1
6. ഹെൽത്ത് അസിസ്റ്റന്റ് (ജൂനിയർ) 1 1
ഹെൽത്ത് അസിസ്റ്റന്റ് 2 1
7. പാർടൈം സ്വീപ്പർ 1
പ്രതിമാസശമ്പളയിനം Rs. 22,000
വാടകയിനം Rs. 962

b. മരുന്നുകൾ

വർഷത്തിലൊരിക്കൽ ആറുമാസത്തിലൊരിക്കൽ എന്നീ ക്രമത്തിൽ ഡിപ്പാർട്ടുമെന്റിൽ നിന്നും നൽകിവരുന്നു.

ന. സംസ്ഥാന സർക്കാർ ഒരു തൊഴിലാളിക്ക് ശരാശരി 85 രൂപപ്രകാരം ഒരു വർഷം നഷ്ടം സഹിച്ചുകൊണ്ടാണിരിക്കുന്നത്.

ഇത് സംസ്ഥാനത്തെ പൊതുവിലുള്ള പ്രശ്നമാണെങ്കിലും ഈ നഷ്ടം ഒഴിവാക്കുക എന്നത് ബന്ധപ്പെട്ട അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## സ്വകാര്യ ആശുപത്രികൾ/ക്ലിനിക്കുകൾ

സർക്കാർ ആശുപത്രികളിലെ സൗകര്യക്കുറവുകാരണം ബഹുജനങ്ങളിൽ ഒരു നല്ലവിഭാഗത്തിന് സ്വകാര്യ ആശുപത്രികളെ അഭയം പ്രാപിക്കേണ്ടിവരുന്നു. മാന്നാർ പഞ്ചായത്ത് അതിർത്തിയിലുള്ള അറിയപ്പെടുന്നതും അംഗീകാരമുള്ളതുമായ സ്വകാര്യ ആശുപത്രികൾ താഴെ പറയുന്നവയാണ്.

| | |
|---|---|
| 1. അലോപ്പതി ആശുപത്രികൾ | 5 |
| 2. ആയുർവേദ ആശുപത്രികൾ | 6 |
| 3. ഹോമിയോ ഡിസ്പെൻസറികൾ | 8 |
| 4. ദന്തരോഗ ക്ലിനിക്കുകൾ | 6 |
| 5. നേത്രരോഗ ക്ലിനിക്ക് | 1 |

താരതമ്യേന മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവെക്കുന്ന സ്ഥാപനങ്ങളാണ് മേൽപ്പറഞ്ഞവ. മാന്നാറിലെ മഞ്ഞപ്പിത്തത്തിനുള്ള ഒരു ആയുർവേദ ചികിത്സാകേന്ദ്രം അന്യസ്ഥലങ്ങളിൽപ്പോലും പ്രസിദ്ധിയാർജ്ജിച്ചിട്ടുണ്ട്.

## മെഡിക്കൽ സ്റ്റോറുകൾ

1. ഇംഗ്ലീഷ് മെഡിക്കൽ സ്റ്റോർ 9

2. ആയുർവേദ മെഡിക്കൽ സ്റ്റോറുകൾ ഏജൻസികൾ ഉൾപ്പെടെ 8

3. പച്ചമരുന്നു - അങ്ങാടിമരുന്ന് ഷോപ്പ് 3

## ആരോഗ്യരംഗത്തെ മറ്റ് സ്ഥാപനങ്ങൾ

| | |
|---|---|
| 1. നേഴ്സിംഗ് വിദ്യാലയം | 1 |
| 2. ലബോറട്ടറി ടെഗ്നീഷ്യൻ കോഴ്സ് വിദ്യാലയങ്ങൾ | 2 |
| 3. ക്ലിനിക്കൽ ലബോറട്ടറികൾ | 3 |
| 4. ആയുർവേദ മരുന്നുകൾ ഉൽപ്പാദിപ്പിക്കുന്ന ചെറുകിട വ്യവസായ യൂണിറ്റുകൾ | 1 |

## രക്തദാനത്തിന് സന്നദ്ധരായ സംഘടനകൾ

1. കേരള ശാസ്ത്രസാഹിത്യ പരിഷത്ത് കുട്ടമ്പേരൂർ യൂണിറ്റ്
2. കുരട്ടിക്കാട് റിക്രിയേഷൻ ക്ലബ്
3. മാതൃഭൂമി സ്റ്റഡിസർക്കിൾ
4. ലയൺസ് ക്ലബ്.
5. ഔവ്വർ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്
6. വിവേകാനന്ദാ കൾച്ചറൽ ഫോറം.
7. അലിൻഡ് ബ്ലഡ് ഡൊണേറ്റേഴ്സ് ഫോറം.
8. ബാപ്പുജി ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബ്

ഏറെക്കുറെ എല്ലാ ചികിത്സകൾക്കും പരിമിതിയോടെയാണെങ്കിലും സൗകര്യങ്ങളുണ്ടെങ്കിലും എക്സ്റേ എടുക്കുവാൻ സർക്കാർ തലത്തിലോ സ്വകാര്യമേഖലയിലോ ഉള്ള സ്ഥാപനങ്ങൾ മാന്നാർ പഞ്ചായത്തിൽ ഇല്ല.

## പൊതുജനപ്രാധാന്യമുള്ള വിഷയങ്ങൾ

1. തെരുവുനായ്ക്കളെ കാലാകാലങ്ങളിൽ കൊല്ലുന്നതിനും പേവിഷബാധ തടയുന്നതിനും നടപടി സ്വീകരിക്കുക.

2. പഞ്ചായത്ത് അതിർത്തിയിലുള്ള ഹോട്ടലുകൾ റസ്റ്റോറന്റുകൾ, ബേക്കറികൾ, പഴക്കടകൾ എന്നിവിടങ്ങളിലും മാർക്കറ്റുകളിലും കൂടെക്കൂടെ അധികൃതർ പരിശോധന നടത്തി മായംചേർക്കൽ തടയുന്നതിനും ശുചിത്വംപാലിക്കുന്നതിനും നടപടികൾ കൈക്കൊള്ളുന്നു.

3. മദ്യം-- മയക്കുമരുന്നുകൾ എന്നിവകൊണ്ടുണ്ടാകുന്ന രോഗങ്ങൾ എയിഡ്സ് തുടങ്ങിയവയെപ്പറ്റിയും ബോധവൽക്കരണം ജനങ്ങളുടെ ഇടയിൽ നടത്തണം.

4. ഉത്സവങ്ങൾ നടത്തുന്ന പ്രദേശങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടക്കുന്നു എന്ന് ഉറപ്പുവരുത്തണം.

5. പൊതുജനാരോഗ്യത്തെ ബാധിക്കാനിടയുള്ള ഒരു ഘടകമാണ് യചാകർ. യാചക നിരോധന നിയമം പാലിക്കുവാൻ നടപടികൾ സ്വീകരിക്കണം.

6. പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കുന്നതിന് ബോധവൽക്കരണ പ്രവർത്തനം.

## കുടിവെള്ളം

സമതലപ്രദേശവും നെൽകൃഷിക്കനുയോജ്യമായ താഴ്ന്നപ്രദേശങ്ങളും ഉൾക്കൊള്ളുന്ന ഭൂപ്രകൃതിയാണ് ഈ പ്രദേശത്തിന്. പഞ്ചായത്തിന്റെ വടക്കും കിഴക്കും പടിഞ്ഞാറുമെല്ലാം വെള്ളം വറ്റാത്ത നദികളാണ് അ

തിർത്തികളായിട്ടുള്ളത്. എന്നാൽ വർഷം ചെല്ലുംതോറും പഞ്ചായത്തിലൊക്കെ കുടിവെള്ളക്ഷാമം രൂക്ഷമായിക്കൊണ്ടിരിക്കുന്നു. കുളങ്ങൾ, കിണറുകൾ എന്നിവയിലെ ജലം വറ്റുന്നതുകാരണവും ജലം വറ്റാതെതന്നെ ജലത്തിന് ദുർഗന്ധവും ദുസ്വാദും ഉണ്ടാകുന്നതുകാരണവും കുളം, കിണർ എന്നിവ സ്വന്തമായുള്ളവർക്കും കുടിവെള്ളപ്രശ്നം അനുഭവപ്പെട്ടുവരുന്നു.

1. വരുന്ന 5 വർഷത്തിനുള്ളിൽ മുഴുവൻ കുടുംബങ്ങൾക്കും 200 മീറ്ററിനുള്ളിൽ കുടിവെള്ളം എത്തിക്കുക എന്നതാണ് പഞ്ചായത്തിന്റെ ലക്ഷ്യം.

2. എടത്വാ സബ്ഡിവിഷന്റെ അധികാര പരിധിയിലുള്ള മാന്നാറിന് കുടിവെള്ളമെത്തിക്കുന്നത് തിരുവല്ലാ വാട്ടർ അതോറിറ്റിയാണ്. 7 മുതൽ 12 വരെ വാർഡുകൾക്കു ഭാഗികമായേ ഇതിന്റെ ഗണം ലഭിക്കുന്നുള്ളൂ. കൂടുതൽ ആൾക്കാർക്ക് ഗുണം ലഭിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുകയും ഇതിന്റെ പൂർണ്ണമായ അധികാരം തിരുവല്ലയിലെ വാട്ടർ അതോറിറ്റിക്ക് ആക്കുകയും വേണം.

ഈ സാഹചര്യത്തിൽ താഴെ പറയുന്ന ആവശ്യങ്ങളും നിർദ്ദേശങ്ങളും അടിയന്തിര പ്രാധാന്യം കൊടുത്ത് പരിഗണിച്ച് നടപ്പിലാക്കേണ്ടിയിരിക്കുന്നു.

മാന്നാർ പഞ്ചായത്തിൽ വാട്ടർ സപ്ളൈ

സ്കീം നടപ്പാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്തിന്റെ പല ഭാഗങ്ങളും കീടനാശിനികൾ വളം എന്നിവ ഉപയോഗിക്കുന്ന കാർഷികമേഖലയായതിനാൽ ജലമലിനീകരണത്തിന് സാദ്ധ്യത വളരെയേറെയുണ്ട്. എന്നത് പരിഗണിച്ച് കുടിവെള്ളം മാലിന്യമുക്തമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. എട്ട്, ഒമ്പത് വാർഡുകളിലായി രണ്ട് പമ്പിംഗ് സ്റ്റേഷനുകൾ, വാട്ടർ ടാങ്കുകൾ, കിണർ എന്നിവ നിലവിലുണ്ട്. അവ പ്രവർത്തിപ്പിച്ചാൽ അതിനടുത്തുള്ള ജനങ്ങൾക്ക് ഉപകാരപ്രദമായിരിക്കും.

4. മാവേലിക്കര, പ്രായിക്കര ഭാഗത്ത് കേന്ദ്രമായി പ്രവർത്തനമാരംഭിക്കുവാൻ തീരുമാനമായ വാട്ടർ സപ്ളൈസ് സ്കീമിന്റെ പരിധിയിൽ മാന്നാർ പഞ്ചായത്തിനെ ആകെ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കിയാൽ കുടിവെള്ളപ്രശ്നം പരിഹൃതമാകുന്നതാണ്.

5. ഗ്രാമസഭകളിൽ പ്രത്യകം വന്ന നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1. നിലവിലുള്ള പമ്പുഹൗസുകൾ 8, 9 വാർഡുകളിൽ പ്രവർത്തിപ്പിക്കുകയും പൈപ്പുലൈൻ ഇടുകയും ചെയ്യുക.

2. കിണർ, കുഴൽകിണർ എന്നിവ നിർമ്മിക്കുവാൻ നിർദ്ധന ജനങ്ങളെ സാമ്പത്തികമായി സഹായിക്കുക.

3. മൂന്നാം വാർഡിൽ സ്ഥാപിച്ചിട്ടുള്ള കുഴൽകിണറിൽ നിന്നും കുടിവെള്ളം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുക.

4. കോളനികൾ, ജനങ്ങൾ തിങ്ങിപ്പാർക്കുന്ന മറ്റു പ്രദേശങ്ങൾ എന്നിവിടങ്ങളിൽ കിണർ, കുഴൽകിണർ, പൈപ്പ്ലൈൻ എന്നിങ്ങനെയുള്ള സംവിധാനങ്ങൾ വഴി കുടിവെള്ളപ്രശ്നം പരിഹരിക്കണം.

6. മലമൂത്രവിസർജ്ജനം, ചപ്പുചവറുകൾ, ഓടവഴി ഒഴുകുന്ന ജലം ഇവയാണ് ജലമലിനീകരണം മറ്റുമുള്ള കാരണം. അതുകൊണ്ട് താഴെ പറയുന്നവ നടപ്പാക്കണം.

a. പഞ്ചായത്തിലെ കക്കൂസില്ലാത്ത മുഴുവൻ വീടുകളിലും കക്കൂസ് നിർമ്മിക്കുക.

b പബ്ലിക് കംഫർട്ട് സ്റ്റേഷനുകൾ സ്ഥാപിക്കുകയും റോഡ്വക്കിലും തുറസ്സായ സ്ഥലങ്ങളിലുള്ള മലമൂത്രവിസർജ്ജനം ശിക്ഷാർഹമായി പ്രഖ്യാപിക്കുകയും ചെയ്യുക.

c. ഓടകൾ വഴി ജലം ഒഴുകിപ്പോകുന്നതിനും വെള്ളം കെട്ടിക്കിടക്കാതിരിക്കുന്നതിനും സൗകര്യമുണ്ടാക്കുക.

d ചപ്പുചവറുകൾ നീക്കം ചെയ്ത് നശിപ്പിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുക.

e മാന്നാർ മാർക്കറ്റിലെ അറവുശാലയിൽ നിന്നുള്ള മാലിന്യങ്ങളും പമ്പാനദിയോട് ചേർന്നുള്ള കക്കൂസുകളിൽ നിന്നുള്ള മാലിന്യങ്ങളും നദീജലത്തെ മലിനമാക്കുന്നു. ഇത് തടയുവാനും സത്വര നടപടികൾ സ്വീകരിക്കണം.



# പട്ടികജ്ജാതി പട്ടികവർഗ്ഗ ക്ഷേമം

പഞ്ചായത്തിൽപ്പെട്ട പട്ടികജാതിയിൽപ്പെട്ടവർ ഏകദേശം 685 കുടുംബങ്ങളിലായി 3050 പേരും പട്ടിക വർഗ്ഗത്തിൽപ്പെട്ടവർ 15 കുടുംബങ്ങളിലായി ഏകദേശം 50 പേരുമുണ്ട്. ഇവരുടെ സംഖ്യ പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ ഏകദേശം 10 ശതമാനമാണ്. ആയതി നാൽ ഗ്രാമവികസനത്തിന്റെ നിർണ്ണായകമായ പങ്ക് ഇവർ ക്കുവേണ്ടി വകയിരുത്തേണ്ടതും കാര്യക്ഷമമായി വിനി യോഗിക്കേണ്ടതുമുണ്ട്. ഇവരിൽ ഭൂരിഭാഗവും ദാരിദ്ര്യത്തി ലും ഇല്ലായ്മയിലും വല്ലായ്മയിലുമാണ് കഴിയുന്നത്. ഒരു പ്പൂകൃഷി മാത്രമുള്ള കൃഷിപ്പണികളെ ആശ്രയിച്ചുമാത്രം ജീവിക്കുന്നതിനാൽ കാര്യമായ മാറ്റങ്ങൾ ഇനിയും അ കലെയാണ്. ഇവരിൽ സ്ഥിരജോലിയുള്ളവർ ഏകദേശം 7 ശതമാനം വരും. ഇതിൽ സർക്കാർ തൊഴിലുള്ളവരും ഉൾപ്പെടുന്നു. ഏകദേശം ഇത്രയുംപേർ മറുനാടുകളിൽ ജോലി ചെയ്തുവരുന്നതും വിരലിലെണ്ണാവുന്നവർക്കുമാ ത്രം ഗൾഫ്രാജ്യങ്ങളിൽ തൊഴിൽ ലഭിച്ചിട്ടുള്ളവരുമുണ്ട്. തൊഴിലില്ലായ്മയാണ് ഇവരുടെ ക്ഷേമത്തിന്റെ സാധ്യ തകൾ ഇല്ലാതാക്കുന്ന ഏറ്റവും വലിയ പ്രശ്നം. തൊഴിൽ ലഭ്യമാക്കുന്നതിനാരംഭിച്ച വ്യവസ്ഥാപിത മാർഗ്ഗങ്ങൾ ഫലം കാണാതാവുകയും ചെയ്തു. പട്ടികവർഗ്ഗക്കാരുടെ സ്ഥിതിയും ഭിന്നമല്ല. പട്ടികജാതിയിൽപ്പെട്ട 98ശതമാന വും സാക്ഷരരായിരിക്കുമ്പോൾ 50 വയസ്സിന് മുകളിലുള്ള 2 ശതമാനം നിരക്ഷരരാണ്. സാക്ഷരതാ പ്രസ്ഥാനത്തി ന്റെ പ്രവർത്തനങ്ങളുമായി സഹകരിക്കുവാൻ ഇവർക്ക് കഴിയാതെ പോയതാണ് കാരണം.

ആകെ സംഖ്യയിൽ 30 ശതമാനവും ഹൈസ്കൂൾ വിദ്യാഭ്യാസം നേടിയവരാണ്. ഇവരിൽ ഒരു ശതമാനം ബി രുദധാരികളുമുണ്ട്. സർക്കാർ ഉദ്യോഗം നേടിയവരിൽ അ ദ്ധ്യാപകരുമുണ്ട്. രാഷ്ട്രീയപാർടികളുടെ നേതൃനിരയിൽ എത്തിയവർ. പട്ടികജാതി വർഗ്ഗവിഭാഗത്തിലുണ്ട്.

ജനസംഖ്യയിൽ ഭൂരിഭാഗവും കൃഷിതൊഴിലുക ളിൽ നിന്നും ഉപജീവനം കണ്ടെത്തുന്നവരാണ് ഒരുപ്പൂ കൃഷി മാത്രമുള്ള പുഞ്ചകൃഷിയിൽ നിന്നും വർഷത്തിൽ 50ലധികം തൊഴിൽ ദിനങ്ങൾ ലഭിക്കുന്നില്ല. ഇവരിൽ കൂടുതൽ കുടുംബങ്ങളും അംഗീകൃത കോളനികളിൽ താമസിച്ചുവരുന്നുവെങ്കിലും തൊഴിലില്ലായ്മയും ദാരി ദ്ര്യവും കാരണം ഇവരുടെ ഭൂമിയും വീടുകളും മറ്റുള്ള വർക്ക് വില്ക്കുകയും ഇതരവിഭാഗങ്ങൾ കോളനികളി ലെ അംഗങ്ങളായി വരുകയും ചെയ്യുന്നുണ്ട്. കോളനി കൾ കൂടാതെ ഈവിഭാഗങ്ങൾ കൂട്ടമായി താമസിക്കുന്ന പ്രദേശങ്ങളുമുണ്ട്.

പഞ്ചായത്തിലെ പട്ടികജാതിക്കാർക്കായുള്ള കോ ളനികൾ താഴെ പറയുന്നവയാണ്.മംഗലത്തേത് കോള നി, ചെമ്പകമഠം കോളനി, വേട്ടുവക്കരി കോളനി, പൊ തുവൂർ കോളനി, ഇടത്തയിൽ കോളനി, കണ്ണംപിടാ വത്ത് , പാവുക്കര . അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ ഈ കോളനികൾ സ്വയംപര്യാപ്തമല്ല.

### വികസനക്ഷേമ നിർദ്ദേശങ്ങളും സാധ്യതകളും

1 കോളനികളിലെ വീടുകളുടെ അറ്റകുറ്റപ്പണികൾ അടിയന്തിരമായി നിർവഹിക്കണം

2 കോളനികളിൽ കക്കൂസുകൾ നിർമ്മിക്കണം

3 കോളനികൾ കേന്ദ്രീകരിച്ച് തൊഴിൽദാന പദ്ധതി കൾ നടപ്പിലാക്കണം

4 എല്ലാ കോളനികളിലും കമ്മ്യൂണിറ്റി ഹാളും വാ യനശാലയും അംഗൻവാടികളും ആരംഭിക്കുകയും വേണം

5 കൃഷി സ്ഥലങ്ങളുടെ സമീപത്തുള്ള കോളനിക ളിൽ വെള്ളപ്പൊക്കം മൂലമുണ്ടാകുന്ന മണ്ണൊലി പ്പ് തടയുന്നതിനുള്ള സംരക്ഷണഭിത്തി നിർമ്മിക്ക ണം.

6 കോളനികളിലെ സൗകര്യങ്ങൾ നിലനിർത്തുന്ന തിനും സംരക്ഷിക്കുന്നതിനും വികസനസമിതികൾ രൂപീകരിച്ച് പ്രവർത്തനം തുടങ്ങണം.

7. പട്ടികജാതിയിൽപ്പെട്ടവർ കൂട്ടം കൂട്ടമായി താമ സിച്ചുവരുന്ന പ്രദേശങ്ങൾ കോളനികളായി അം ഗീകരിച്ച് വികസന പ്രവർത്തനങ്ങൾ നടത്തണം.

8 ഭവനരഹിതരായ 350 കുടുംബങ്ങൾക്ക് പാർപ്പിട വും ഇതിൽ തന്നെ ഭൂമിയില്ലാത്തവർക്ക് ഭൂമിയും നൽകേണ്ടതാണ്.

9 പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങ ളുടെ പ്രവർത്തനങ്ങളിൽ പഞ്ചായത്ത് കമ്മിറ്റിയു ടെ മേൽനോട്ടം ഉണ്ടാകണം

10. സംഘങ്ങളിൽ കൈത്തൊഴിലും കരകൗശലവിദ്യ കളും പരിശീലിപ്പിക്കണം

11. വെള്ളപ്പൊക്കബാധിതമായതും പട്ടികജാതി കുടും ബങ്ങൾ പാർക്കുന്നതുമായ പ്രദേശങ്ങൾ മണ്ണിട്ടു യർത്തി സംരക്ഷിക്കണം.

# പാർപ്പിടം സാമൂഹ്യക്ഷേമം

എല്ലാവർക്കും പാർപ്പിടം എന്നത് സമൂഹത്തിന്റെ ആരോഗ്യകരമായ നിലനില്പിന് ആവശ്യമാണ്. വിവിധ പദ്ധതികളിലായി പാർപ്പിട പ്രശ്നത്തിനുള്ള പരിഹാര ശ്രമങ്ങൾ നടന്നെങ്കിലും പൂർണ്ണമായിട്ടില്ല.

| | | |
|---|---|---|
| ആകെ വീടുകൾ | – | 8434 |
| ഒന്നിലധികനിലയുള്ളവ | – | 165 |
| കോൺക്രീറ്റുവീടുകൾ | – | 2450 |
| ഓട് ഷീറ്റ് | – | 3862 |
| ഓല | – | 1753 |
| കുടിൽ | – | 204 |
| സ്വന്തമായി സ്ഥലമോ വീടോ ഇല്ലാത്തവർ | – | 237 |

| വാർഡ് | വീടുവേണ്ട കുടുംബങ്ങൾ | വീട് അനുവദിച്ചവർ | പൂർത്തിയാക്കിയത് |
|---|---|---|---|
| 1 | 70 | 4 | 4 |
| 2 | 100 | 5 | 5 |
| 3 | 90 | 4 | 3 |
| 4 | 100 | 5 | 3 |
| 5 | 95 | 3 | 2 |
| 6 | 70 | 8 | 4 |
| 7 | 60 | 5 | 4 |
| 8 | 90 | 6 | 4 |
| 9 | 100 | 6 | 3 |
| 10 | 105 | 14 | 10 |
| 11 | 80 | 6 | 4 |

*അവലംബം IRDP സർവ്വെ*

1. ഭൂരഹിത തൊഴിലാളികൾക്കു സർക്കാരിൽ നിന്നു ഭൂമിവാങ്ങി 4 സെന്റുവീതം നല്കുന്നുണ്ട്.

2 ഭൂരഹിത തൊഴിലാളികൾക്ക് സർക്കാർ ഫണ്ട് ഉപയോഗിച്ച് 65 സെന്റുഭൂമി വാങ്ങി വിതരണം ചെയ്യുന്നതിനുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടുണ്ട്.

3 ലക്ഷം വീടുകോളനികൾ ലഭിച്ചിട്ടുള്ള ചിലർ അനധികൃതമായി തങ്ങൾക്ക് കിട്ടിയ സ്ഥലവും വീടും വിൽക്കുന്ന രീതി പഞ്ചായത്തിൽ പൊതുവെ കണ്ടുവരുന്നു. ഈ രീതിയിൽ ലക്ഷം വീടുകൾ പുതിയതായി വാങ്ങിയ ആളുകളിൽ പലരും പട്ടയം കിട്ടാതെ വിഷമിക്കുന്ന സ്ഥിതി ഉണ്ട്. ലക്ഷംവീടു കോളനികളിലും സെറ്റിൽമെന്റ് കോളനികളിലും ഉള്ള പൊതു സ്ഥലം കൈയ്യേറി വീടുവെച്ച് താമസിക്കുന്നവരും പഞ്ചായത്തിൽ ഉണ്ട്. കഴിഞ്ഞ 5 വർഷത്തിനുള്ളിൽ 211 വീടുകൾ വിവിധ സ്കീമുകളിലായി നൽകിയിട്ടുണ്ട്. അടുത്തകാലത്ത് വിവിധ പദ്ധതികളിലായി മാന്നാറിൽ അനുവദിച്ച 66 വീടുകളിൽ 46 എണ്ണം മാത്രമെ പൂർത്തിയായിട്ടുള്ളു. വീടുനിർമ്മിക്കുന്നതിന് ഇന്നുനൽകുന്ന 22500 രൂപ നിർമ്മാണ സാധനങ്ങളുടെ വില വർദ്ധിച്ചതിനാലും പണിക്കൂലി വർദ്ധിച്ചതിനാലും അപര്യാപ്തമാണ്.

ഈ ആവശ്യത്തിലേക്ക് മാന്നാർ പഞ്ചായത്തിൽ എടുക്കുന്ന ഭൂമിക്കു സർക്കാർ നല്കുന്ന പരമാവധി വില സെന്റിന് 5000/- രൂപയാണ് എന്നാൽ മാന്നാറിൽ ഇതിന്റെമൂന്നിരട്ടി വിലകൊടുത്താൽപോലും വസ്തുകിട്ടാത്ത അവസ്ഥയാണ് ഭൂരഹിതർക്കുപതിച്ചു നൽകാനാവുന്ന റവന്യൂ പുറമ്പോക്കുകളും മാന്നാറിലില്ല.

ഈസാഹചര്യം മൂലം പഞ്ചായത്തിലെ 237 പേർ മറ്റു പഞ്ചായത്തുകളിൽ ഭൂമിലഭിക്കുന്നതിനുവേണ്ടി തഹസീൽദാർ, താലൂക്കു സഭ പഞ്ചായത്ത് എന്നിവിടങ്ങളിൽ അപേക്ഷ നൽകി കാത്തിരിക്കുകയാണ്. പുറമ്പോക്കിൽ താമസിക്കുന്ന ഏതാനും കുടുംബങ്ങളും ഇവിടെയുണ്ട് 5-ാം വാർഡിലെ കിഴക്കേക്കാട്ടിൽ ലക്ഷം വീടുകോളനി 6-ാം വാർഡിലെ തൈവിള സെറ്റിൽമെന്റ് കോളനി എന്നിവിടങ്ങളിൽ വസ്തു നല്കിയതല്ലാതെ വീടുകൾ നിർമ്മിക്കുന്നതിനുള്ള നടപടികളുണ്ടായില്ല എന്നാൽ ചിലർ സ്വന്തമായി വീടു നിർമ്മിച്ചിട്ടുണ്ട്.

## പ്രശ്നങ്ങൾ

കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധനവ്

സ്ഥിര വരുമാനമില്ലാത്തവർക്കു കെട്ടിട നിർമ്മാണ വായ്പലഭിക്കുന്നില്ല

സർക്കാരിന്റെ പലഭവന നിർമ്മാണ പദ്ധതികൾക്കും അപേക്ഷനല്കിയവർക്ക് സ്വത്തിന്റെ ആധാരം തിരിച്ചുകിട്ടാൻ ബുദ്ധിമുട്ട്.

പൊതുവഴിയിൽ നിന്നു 3 മീറ്റർ വിട്ട് കെട്ടിടം നിർമ്മിക്കണമെന്നത് വസ്തുകുറവുള്ള ചിലർക്കു ബുദ്ധിമുട്ടുണ്ടാക്കുന്നു.

വൈദഗ്ദ്ധ്യമുള്ള നിർമ്മാണതൊഴിലാളികളുടെകുറവ്.

ഭവന നിർമ്മാണ ധനസഹായം അപര്യാപ്തം

**നിർദ്ദേശങ്ങൾ**

ചെലവുകുറഞ്ഞ വീടുകൾ പ്രചരിപ്പിക്കുക

കെട്ടിട നിർമ്മാണ സാധനങ്ങൾ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുന്നതിനുപൊതു സംരംഭങ്ങൾ

സർക്കാർ ഭവന നിർമ്മാണ വായ്പകളുടെ പരിധി ഉയർത്തുക

സഹകരണ സംഘങ്ങളിൽ നിന്നും കുറഞ്ഞ പരിശയ്ക്ക് വായ്പ നൽകുക

നിർമ്മാണ ചെലവ് 2 ലക്ഷത്തിൽ അധികം വരുന്ന വീടുകൾക്ക് നിയന്ത്രണ് ഏർപ്പെടുത്തുക ഇതിന് ഉയർന്ന നികുതി ചുമത്തുക

ഗ്രാമ പഞ്ചായത്തുമെമ്പർമാർ നൽകുന്ന സ്റ്റേജു സർട്ടിഫിക്കറ്റ് അംഗീകരിക്കുക

വീടുകൾ സ്പോൺസർ ചെയ്യുക

ഹൗസിംഗ് സൊസൈറ്റികൾ രൂപീകരിക്കുക

വീടില്ലാത്ത മത്സ്യതൊഴിലാളികൾക്കായി പ്രത്യേക പദ്ധതി

വായ്പകൾ യഥാസമയം തിരിച്ചടയ്ക്കുന്നതിന് ജനകീയ സമിതികളുടെ സഹായം തേടുക

മൈത്രീ ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി വീടുകൾ നിർമ്മിച്ചു നല്കുന്നതിന് പഞ്ചായത്ത് മുൻകൈ എടുക്കേണ്ടതാണ്.

## സാമൂഹ്യക്ഷേമം

1 ഇന്ത്യയിൽവച്ച് ഏറ്റവും വിപുലമായ സാമൂഹ്യ സുരക്ഷിതത്വശൃംഖല കേരളത്തിന്റെതാണ്. മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്ഥമായി അസംഘടിതമേഖലയെകൂടി സുരക്ഷിതത്വ സംവിധാനത്തിനുള്ളിൽ കൊണ്ടുവരാൻ കഴിഞ്ഞുവെന്നതാണ് കേരളത്തിന്റെ നേട്ടം 60 വയസിനുമുകളിൽ ഉള്ളജനസംഖ്യയുടെ ഏതാണ്ട് 80% വിവിധ പെൻഷൻ പദ്ധതികളിൽ അംഗങ്ങളാണ്.

92-93 ൽ 68.5 കോടി അഥവാ സംസ്ഥാന റവന്യൂ ചെലവിന്റെ 1.8% പെൻഷനുകൾക്ക് വേണ്ടി ചെലവാക്കി.

ദാരിദ്ര്യരേഖയ്ക്കുതാഴെയുള്ളവരുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. എന്നാലിവ പൂർണ്ണമായും അർഹതപ്പെട്ടവരിലെത്തുന്നില്ല. പദ്ധതികളെപ്പറ്റി വേണ്ടത്ര അറിവില്ലാത്തതും പദ്ധതിയുടെ അനുമതിക്കായുള്ള നൂലാമാലകളും അനർഹർ പദ്ധതിയുടെ സഹായം തട്ടിയെടുക്കുന്നതും പ്രധാന പ്രശ്നങ്ങളാണ്. പഞ്ചായത്തു തലത്തിൽ നിലവിൽ 4 അങ്കണവാടികളാണുള്ളത്. പുതിയതായി 21 എണ്ണം തുടങ്ങുവാനുള്ള നടപടി പൂർത്തിയാവുന്നു. 19 റേഷൻ കടകളും 1 മാവേലിസ്റ്റോറും 2 കൺസ്യൂമർ സ്റ്റോറുകളും പഞ്ചായത്തിലുണ്ട്.

**IRDP സർവ്വെപ്രകാരം ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർ**

| വാർഡ് | സർവ്വേവഴി കണ്ടെത്തിയ ആകെ കുടുംബങ്ങൾ | ഇതിൽ SC/ST | സഹായം ലഭിച്ചവർ | ഇതിൽ SC/St |
|---|---|---|---|---|
| 1 | 130 | 8 | 27 | 8 |
| 2 | 190 | 5 | 28 | 5 |
| 3 | 144 | 40 | 28 17 | |
| 4 | 201 | 19 | 27 | 19 |
| 5 | 178 | 15 | 26 | 14 |
| 6 | 187 | 17 | 29 | 10 |
| 7 | 131 | 10 | 28 | 10 |
| 8 | 186 | 38 | 29 | 18 |
| 9 | 218 | 10 | 30 | 10 |
| 10 | 267 | 92 | 31 | 41 |
| 11 | 179 | 49 | 45 | 23 |

**ട്രൈസം തൊഴിൽ പരിശീലനം നേടിയവർ**

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
|---|---|---|---|---|---|---|---|---|---|---|---|
| എണ്ണം | 1 | 1 | 5 | 4 | 2 | - | - | - | 3 | 4 | 6 |

**DWCRA പ്രകാരം തുടങ്ങിയ തൊഴിൽ സംരംഭം**

| വാർഡ് | 2 | 3 | 8 | 9&10 |
|---|---|---|---|---|
| സംരംഭം | വെള്ളിയാഭരണ നിർമ്മാണ യൂണിറ്റ് | പശു വളർത്തൽ | പശു വളർത്തൽ | പശു വളർത്തൽ |
| ആരംഭം | 12-1-93 | 92-93 | 93-94 | 91-92 |
| പ്രവർത്തന ക്ഷമത | നല്ലത് | നല്ലത് | നല്ലത് | നല്ലത് |
| പ്രവർത്തിക്കുന്ന അംഗങ്ങൾ | 11 | 10 | 10 | 14 |

**ഗ്രാമീണ കൈത്തൊഴിലുകാർക്കുള്ള ഉപകരണം നൽകൽ**

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
|---|---|---|---|---|---|---|---|---|---|---|---|
| തൊഴിലാളികൾ | 46 | 65 | 6 | 13 | 16 | 10 | 15 | 8 | 8 | 10 | 2 |
| സഹായം ലഭിച്ചവർ | - | - | - | - | - | - | - | - | - | 2- | - |

**പെൻഷൻ വിതരണം**

| | | |
|---|---|---|
| വിധവാപെൻഷൻ | – | 143 |
| വികലാംഗ | – | 105 |
| വാർദ്ധക്യകാല | – | 404 |

## പ്രശ്നങ്ങൾ

1. IRDP ലിസ്റ്റിൽ അർഹതയില്ലാത്ത നിരവധി കുടുംബങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്.
2. IRDP ലോൺലഭിച്ചവർ കൃത്യസമയത്ത് അത് തിരിച്ചടയ്ക്കാത്തതിനാൽ പുതിയ ലോൺ നല്കുന്നതിന് ബാങ്ക് വിമുഖതകാട്ടുന്നു.
3. ട്രൈസം പദ്ധതി പ്രകാരം പരിശീലനം നേടുന്നവർക്ക്തൊഴിൽ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ വേണ്ട സഹായങ്ങൾ ചെയ്യുന്നില്ല.
4. അവശവിഭാഗങ്ങളിൽ അർഹതയുള്ള ധാരാളം പേർക്ക് അപേക്ഷനല്കിയിട്ടും ധനസഹായം ലഭിക്കുന്നില്ല.
5. പല ക്ഷേമ പദ്ധതികളുടെയും നടത്തിപ്പു കാര്യക്ഷമമല്ല
6. അങ്കണവാടി ജീവനക്കാരുടെ വേതനം അപര്യാപ്തം
7. വിവിധ പെൻഷനുകൾ ഗ്രാമപഞ്ചായത്തിൽ കൂടി വിതരണം ചെയ്തു തുടങ്ങിയെങ്കിലും മതിയായ സ്റ്റാഫ് ഇല്ലാത്തതു കാലതാമസത്തിന് ഇടയാക്കുന്നു.

## നിർദ്ദേശങ്ങൾ

1. അടിയന്തിര ഘട്ടങ്ങളിൽ സഹായം എത്തിക്കുന്നതിന് പഞ്ചായത്ത് പ്രസിഡന്റിന്റെ പേരിൽ ദുരിതാശ്വാസനിധി രൂപീകരിക്കുക
2. IRDP സർവ്വെ കുറ്റമറ്റതാക്കുക
3. ക്ഷേമനിധി പെൻഷനുകൾ, വിധവകളുടെ കുട്ടികൾക്കുള്ള വിവാഹ സഹായം ഇവ പഞ്ചായത്തിൽ കൂടിയാക്കുക, അർഹത പഞ്ചായത്തുകണ്ടെത്തുക
4. ക്ഷേമനിധി വിഹിതം സഹകരണ ബാങ്കിൽ അടയ്ക്കാനുള്ള സംവിധാനം
5. റേഷൻ കടകളുടെ പ്രവർത്തനം കുറ്റമറ്റതാക്കാൻ പഞ്ചായത്തു സമിതി പരിശോധന നടത്തുക.
6. വാർദ്ധക്യകാല പെൻഷൻ, പ്രസവാനുകൂല്യം ഇവ ഒരു വർഷം നല്കുന്നതിന് പരമാവധി എണ്ണം നിർദ്ദേശിച്ചിട്ടുണ്ട്. ഇത് ഒഴിവാക്കണം.
7. വിവിധ സർക്കാർ ഓഫീസുകളിൽ നിന്നും ജനങ്ങൾ ലഭിക്കുന്ന സേവനങ്ങളെ പറ്റി അറിവ് ലഭിക്കുന്നതിന് പഞ്ചായത്തിൽ ഒരു ഇൻഫർമേഷൻസെന്റർ
8. മിശ്രവിഹിതർക്കു സഹായ പദ്ധതി
9. വനിതകൾക്ക് പഞ്ചായത്തുതലത്തിൽ നിയമസഹായസമിതി
10. ജാതി ചിന്തകൾക്ക് എതിരായ പ്രചരണ പരിപാടി
11. പഞ്ചായത്തുവക ആംബുലൻസ് സർവ്വീസ്
12. മാന്നാർ വില്ലേജിൽ ഒരു പൊതുശ്മശാനം സ്ഥാപിക്കുക. കുരട്ടിശേരി വില്ലേജിലെ പൊതു ശ്മശാനത്തിലേക്ക് റോഡുനിർമ്മിക്കുക
13. ദാരിദ്ര്യരേഖയുടെ സാമ്പത്തിക പരിധിപുനഃ പരിശോധിക്കുക
14. IRDP ലോൺ തിരിച്ചയ്ക്കുന്നതിന് ജനകീയ സമിതികളുടെ സഹായം തേടുക..
15. അങ്കണവാടി ജീവനക്കാരുടെ വേതനം കാലോചിതമായി പരിഷ്ക്കരിക്കുക
16. പഞ്ചായത്തിലെ സ്റ്റാഫ് പാറ്റേൺ പുതുക്കുക.



# സഹകരണം



1943 ഇന്ത്യൻ ദേശീയ പ്രസ്ഥാനം ഏറ്റവും ശക്തിപ്രാപിക്കുകയും വിശാലമായ ജനകീയ മുന്നേറ്റം രൂപപ്പെടുകയും ചെയ്തു. ക്വിറ്റിന്ത്യാ പ്രക്ഷോഭത്തിന്റെ കാലഘട്ടമാണ് ഇന്ത്യയിൽ സഹകരണ പ്രസ്ഥാനത്തിന്റെയും ആവിർഭാവകാലം. സ്വാതന്ത്ര്യലബ്ധിക്ക് ശേഷമാണ് സഹകരണ പ്രസ്ഥാനം കൂടുതൽ വ്യാപകമായതെന്നും പ്രവർത്തനം കൂടുതൽ വിശാലമായതെന്നും കാണാം. സഹകരണപ്രസ്ഥാനത്തിന്റെ ഫലമായി 2-ാം പദ്ധതിക്കാലത്ത് സംയോജിത വായ്പാ സമ്പ്രദായം നടപ്പിലാക്കിത്തുടങ്ങി. വികസിത രാഷ്ട്രങ്ങളിലെ കാർഷികപുരോഗതിക്ക് സഹകരണ മേഖലയുടെ പ്രവർത്തനങ്ങൾ വളരെ വിലപ്പെട്ട പങ്കു വഹിച്ചിട്ടുള്ളതായി കാണാം. സഹകരണപ്രസ്ഥാനം ഇന്ത്യയിലും സംസ്ഥാനത്തും ഏറ്റവും വലിയ ജനകീയപ്രസ്ഥാനമായി വളർന്നു നിൽക്കുന്നു,.

ജനസംഖ്യയിൽ ഭൂരിഭാഗവും കാർഷികമേഖലയെ ആശ്രയിച്ചു ജീവിക്കുന്ന നമ്മുടെ പഞ്ചായത്തിൽ സഹകരണ പ്രസ്ഥാനം ജനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങളിൽ കൂടുതൽ വിശാലമായി പുതിയ സമീപനത്തോടെ പ്രവർത്തിക്കേണ്ടതാണ്. ദേശീയതലത്തിൽ സഹകരണപ്രസ്ഥാനം രൂപംകൊണ്ട് പ്രവർത്തനമാരംഭിച്ചപ്പോൾത്തന്നെ നമ്മുടെ പഞ്ചായത്തിലും സഹകരണസ്റ്റോർ ആരംഭിച്ചിരുന്നു. സ്റ്റോർ ജംഗ്ഷന് ആ പേര് വന്നതുതന്നെ ആദ്യകാല സംഘങ്ങളിലൊന്നായ സഹകരണസ്റ്റോർ അവിടെ പ്രവർത്തനമാരംഭിച്ചതു മുതൽക്കാണ്. തൊഴിലില്ലായ്മ വർദ്ധിച്ചുവരുന്ന കാലഘട്ടത്തിൽ പഞ്ചായത്തിൽ കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്ന തരത്തിൽ കാർഷിക, ഉൽപാദന, പ്രവർത്തന മേഖലകളിലേക്ക് സഹകരണപ്രസ്ഥാനങ്ങളുടെ കൂട്ടായ്മയും നേട്ടവും നമുക്ക് ഫലപ്രദമായി വിനിയോഗിക്കാൻ കഴിയണം. ജനങ്ങളുടെ സ്ഥാപനങ്ങളായി വളർത്തുവാനും ജനകീയ പിന്തുണ വർദ്ധിപ്പിക്കുവാനും അതുവഴി സഹകരണപ്രസ്ഥാനങ്ങൾ രാഷ്ട്രപുരോഗതിയുടെ അവിഭാജ്യഘടകങ്ങളാക്കി മാറ്റുവാനുമുള്ള പ്രവർത്തനങ്ങൾ നാം നടത്തേണ്ടതാണ്. വികസനം ഗ്രാമങ്ങളിൽനിന്നാരംഭിക്കുമ്പോൾ ഗ്രാമങ്ങളിലെ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളിലെ നേട്ടവും കോട്ടവും പഠിച്ചും പരിഹരിച്ചും പോകേണ്ടതുണ്ട്.

## സഹകരണ സംഘങ്ങളുടെ ഇന്നത്തെ സ്ഥിതി

വായ്പാ മേഖലയിൽ അഞ്ചു സംഘങ്ങളും വായ്പേതര മേഖലയിൽ ഒരു വനിതാ വ്യവസായ സഹകരണ സംഘം ഉൾപ്പെടെ 8 സംഘങ്ങളും നാല് സ്കൂൾ സഹകരണ സംഘങ്ങളും പ്രവർത്തിച്ചു വരുന്നു. ആദ്യത്തേ മേഖലയിൽ മാന്നാർ സഹകരണ ബാങ്ക് രണ്ട് പട്ടികജാതി-പട്ടികവർഗ സഹകരണസംഘങ്ങൾ രണ്ട് സർവീസ് സഹകരണ സംഘങ്ങൾ എന്നിവ ഉണ്ട്. രണ്ടാമത്തെ മേഖലയിൽ മൂന്ന് ക്ഷീര സഹകരണ സംഘങ്ങളും ഒരു വനിതാ വ്യവസായ സഹകരണ സംഘവും ഒരു മത്സ്യതൊഴിലാളി ക്ഷേമ സഹകരണ സംഘവും കൂടാതെ കൺസ്യൂമർ മേഖലയിൽ അലിന്റ് സ്വിച്ച് ഗിയർ എംപ്ളോയി കൺസ്യൂമർ സഹകരംസംഘവും ആലപ്പുഴ ജില്ലാ മൊത്തവ്യാപാര സഹകരണസംഘത്തിന്റെ മാന്നാർ ശാഖയും ഇവ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഇതിൽ മെറ്റൽ വർക്കേഴ്സ് സഹകരണ സംഘം പ്രവർത്തനരഹിതമാണ്. ആലപ്പുഴ ജില്ലാ സഹകരണ ബാങ്കിന്റെ മാന്നാർ ശാഖ, മിൽമായുടെ ചില്ലിംഗ് പ്ലാന്റ് ഇവ നമ്മുടെ പഞ്ചായത്തിലെ മറ്റ് രണ്ട് സഹകരണ സ്ഥാപനങ്ങളാണ്.

## മാന്നാർ സർവീസ് സഹകരണ ബാങ്ക്

1956-ൽ സ്ഥാപിതമായ ബാങ്ക് മാന്നാർ പഞ്ചായത്തിലെ ഏറ്റവുമധികം അംഗബലവും ധനവിനിയോഗവുമുള്ള സഹകരണ സ്ഥാപനമാണ്. കരട്ടിശേരി വില്ലേജും മാന്നാർ വില്ലേജിന്റെ കുറേ ഭാഗങ്ങളുമാണ് ഇതിന്റെ പ്രവർത്തനമേഖലാപരിധി. 1956-ൽ 120 അംഗങ്ങളും 2000 രൂപ ഓഹരി മൂലധനവും ആയി പ്രവർത്തനമാരംഭിച്ച സഹകരണ സംഘം നാല് പതിറ്റാണ്ടുകളിലെ പ്രവർത്തനഫലമായി 5115 അംഗങ്ങളും 6 ലക്ഷം രൂപ ഓഹരിമൂലധനവും 76 ലക്ഷം രൂപ നിക്ഷേപവും 54 ലക്ഷം രൂപ വായ്പാ ബാക്കിയുമുള്ള സ്ഥാപനമായി വളർന്നിട്ടുണ്ട്. വിവിധതരം വായ്പകൾ നൽകിവരുന്ന

തിനു പുറമെ സ്വർണ്ണപണയം സ്വീകരിക്കുകയും ചെയ്യുന്നു. ബാങ്കിന്റെ കീഴിൽ വളം, കീടനാശിനി സ്റ്റോർ പ്രവർത്തിക്കുന്നുണ്ട്. കാർഷിക, കാർഷികേതര വായ്പയായി 25 ലക്ഷം രൂപ വരെയും വിവാഹവായ്പ, സ്വയം തൊഴിൽ വായ്പ, ഭവനനിർമ്മാണ വായ്പ എന്നീ സ്കീമുകൾ കൂടാതെ 25 രൂപ വരെ സലയുള്ള ചിട്ടികളും നടത്തിവരുന്നു. നിക്ഷേപങ്ങൾക്ക് മറ്റു വാണിജ്യബാങ്കുകളിലുള്ളതിനേക്കാൾ ഉയർന്ന പലിശനിരക്ക് അനുവദിച്ചിട്ടുണ്ട്. കൃഷിക്കുള്ള വായ്പാധനം കൂടാതെ വളവും കീടനാശിനിയും വായ്പയായി നൽകുന്നു. ബാങ്കിന്റെ പ്രവർത്തനവിജയത്തിനായി നായകന്മാരെയും സഹകാരികളെയും അഭിനന്ദിക്കാം. വായ്പാതുക തിരിച്ചടക്കുന്നതിൽ അംഗങ്ങൾ ജാഗ്രത പുലർത്താത്തതിനാൽ ബാങ്ക് നഷ്ടത്തിലാണ് നിലകൊള്ളുന്നത്. വായ്പാതിരിച്ചടവ് യഥാസമയം നടത്താൻ സഹകാരികൾ ജനാധിപത്യപരമായും ആത്മാർത്ഥമായും ശ്രമിച്ചാൽ ബാങ്ക് വിജയകരവും ലാഭകരവുമാക്കാൻ കഴിയും.

***ബാങ്കിന്റെ വളർച്ച ഒറ്റനോട്ടത്തിൽ***

| വർഷം | 1981 | 1991 | 1996 |
|---|---|---|---|
| നിക്ഷേപം | 155490.00 | 24,69,605.00 | 7604328.00 |
| വായ്പ | 362099.00 | 8,87,960.00 | 5350660.00 |
| വളം ഡിപ്പോ വരവ് | 311500.00 | 9,12,600.00 | 1072000.00 |

## 2. കുട്ടമ്പേരൂർ സർവീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ–611

1953–ൽ പ്രവർത്തനമാരംഭിച്ച സംഘത്തിന്റെ പ്രവർത്തനപരിധി പഞ്ചായത്തിലെ നാലും ആറും വാർഡുകളാണ്. ഇപ്പോൾ സംഘത്തിൽ 2036 അംഗങ്ങളുണ്ട്. മൂന്നുലക്ഷം ഓഹരിമൂലധനമുള്ള സംഘത്തിൽ സർക്കാർ ഓഹരി പതിനയ്യായിരം രൂപയാണ്. സ്ഥിരനിക്ഷേപവും ഹ്രസ്വകാല നിക്ഷേപമായും 18,51,140 രൂപ സ്വരൂപിക്കാൻ കഴിഞ്ഞിട്ടുണ്ട്, വിവിധ ഇനങ്ങളിലായി 9,77,446 രൂപ വായ്പ വിതരണം ചെയ്തിട്ടുണ്ട്. ഇതിനുപുറമെ കൺസ്യൂമർ സ്റ്റോർ നടത്തിവരുന്നുണ്ട്. ഗോഡൗൺ സൗകര്യമില്ലാത്തതിനാൽ സംഘം നടത്തിവന്ന വളംഡിപ്പോ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. സംഘത്തിൽ ചിട്ടികളും നടത്തുന്നുണ്ട്. സമഗ്രപച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായുണ്ടാകാൻ പോകുന്ന കാർഷികാഭിവൃദ്ധി കാര്യക്ഷമമാക്കുവാൻ വളം ഡിപ്പോ പുനരാരംഭിക്കേണ്ടതുണ്ട്. വിലക്കയറ്റം നിയന്ത്രിക്കാൻ സഹായിക്കുന്ന കൺസ്യൂമർ സ്റ്റോറിന്റെ പ്രവർത്തനം ശക്തമാക്കുകയും വേണം. വായ്പ തിരിച്ചടക്കാത്തതാണ് ഈ സംഘത്തിലെയും പ്രധാന വികസന പ്രശ്നം. വായ്പായിനത്തിൽ 655336 രൂപ പിരിച്ചെടുക്കാനുണ്ട്.

## 3. പട്ടികജാതി സർവ്വീസ് സഹകരണ സംഘം, പൊതുവൂർ

പട്ടികജാതിയിൽപ്പെട്ട തൊഴിൽരഹിതർക്ക് തൊഴിൽ അവസരം ലക്ഷ്യമാക്കി 1977 ൽ പ്രവർത്തനമാരംഭിച്ച ഈ സംഘം ഇപ്പോൾ തകർച്ചയിലാണ്. കുരട്ടിശേരി വില്ലേജിന്റെ പ്രദേശം മുഴുവനും ഈ സംഘത്തിന്റെ പ്രവർത്തനപരിധിയിലാണ്. ഇപ്പോൾ 477 അംഗങ്ങളുണ്ട്. ഒരു ലക്ഷം രൂപ പ്രവർത്തനമൂലധനമായും 12 ആയിരം രൂപ സർക്കാർ സബ്സിഡിയായും സ്വീകരിച്ചുകൊണ്ടാണ് സംഘം പ്രവർത്തനമാരംഭിച്ചത്. ഇഷ്ടിക നിർമ്മാണം, വിറക് വ്യാപാരം, കൺസ്യൂമർ സ്റ്റോർ എന്നീ സംരംഭങ്ങൾ ഫലപ്രദമായി നടത്തുവാനും കഴിഞ്ഞിട്ടില്ല. നഷ്ടത്തിലായതിനാൽ ഈ തൊഴിൽ സംരംഭങ്ങളെല്ലാം ഉപേക്ഷിക്കേണ്ടതായി വന്നു. റബ്ബർ മെറ്റലാക്കുന്ന തൊഴിൽദായക സംരംഭം തുടങ്ങിയെങ്കിലും പ്രതീക്ഷിച്ച ഫലം ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടില്ല. സംഘത്തിന് സ്ഥലവും കെട്ടിടവും ഉണ്ട്. വായ്പായിനത്തിൽ മാനേജ്മെന്റിന്റെ അനാസ്ഥയും ഗുണഭോക്താക്കൾക്ക് തൊഴിൽപരിചയമില്ലാത്തതും സംഘത്തിന്റെ തകർച്ചയ്ക്ക് കാരണമാകാം. ഈ സംഘവും നഷ്ടത്തിൽ തന്നെ. പട്ടികജാതിക്കാരുടെ ദാരിദ്ര്യനിർമ്മാർജ്ജനം ലക്ഷ്യമിട്ടിരിക്കുന്ന ഈ സംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ഫലപ്രദമായ പുതിയ സംരംഭങ്ങൾ കണ്ടുപിടിച്ച് നടപ്പിലാക്കുകയും ചെയ്താൽ കുറച്ചെങ്കിലും പ്രയോജനമുണ്ടാക്കാമെന്ന് കരുതാം.

## 4. മാന്നാർ പഞ്ചായത്ത് പട്ടികജാതി–പട്ടികവർഗ സഹകരണ സംഘം കുട്ടംപേരൂർ

വായ്പാ സഹകരണ സംഘങ്ങളിൽ ലാഭത്തിൽ പ്രവർത്തിച്ചുവരുന്ന ഒരേ ഒരു സംഘമാണിത്. 1990–ൽ പ്രവർത്തനമാരംഭിച്ച സംഘത്തിന്റെ പ്രവർത്തന മൂലധനം 3,54,000 രൂപയാണ്. സംഘത്തിന്റെ പ്രവർത്തന പരിധി മാന്നാർ വില്ലേജിന്റെ പരിധിയാണ്. സംഘത്തിൽ 256 അംഗങ്ങളുണ്ട്. സഹകാരികൾക്ക് വിവിധയിനം വായ്പകൾ നൽകിവരുന്നു. തൊഴിൽ ലഭ്യമാക്കുന്ന തരത്തിൽ സംഘത്തിന്റെ പ്രവർത്തനം ഉത്പാദന വിപണന മേഖലകളിലേക്കു കൂടി വ്യാപിപ്പിച്ചാൽ ഗുണഭോക്താക്കളായ പട്ടികജാതി–പട്ടികവർഗ വിഭാഗത്തിലെ പാവപ്പെട്ടവർക്ക് ഗുണകരമായിരിക്കും. വിജയകരമായി പ്രവർത്തിച്ചുവരുന്ന സഹകാരികളെയും ഭരണ നിർവഹണ അധികാരികളെയും അഭിനന്ദിക്കാം. ദരിദ്രവിഭാഗങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഈ സംഘം വഴി പുതിയ തൊഴിൽദാന പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്.

## 5. കുട്ടമ്പേരൂർ സർവീസ് സഹകരണ

## സംഘം നം. 1654

പഞ്ചായത്തിലെ 2,. 3 വാർഡുകൾ പൂർണമായും 4, 5 വാർഡുകളുടെ ഭാഗങ്ങളും ഈ സംഘത്തിന്റെ പ്രവർത്തനപരിധിയിലാണ്. 1963-ൽ പ്രവർത്തനമാരംഭിച്ച സംഘത്തിൽ ഇപ്പോൾ 2420 സഹകാരികളുണ്ട്. ഓഹരിയിനത്തിൽ 1,91,200 രൂപയും നിക്ഷേപമായി 54, 89,406 രൂപയുമുണ്ട്. ഇതിൽ 3,58,470 രൂപ കാർഷിക വായ്പയാണ്. സംഘത്തിന്റെ കീഴിൽ റേഷൻകടയും കൺസ്യൂമർ സ്റ്റോറും വളം ഡിപ്പോയും പ്രവർത്തിക്കുന്നു. കൂടാതെ ലേലച്ചിട്ടികളും നടത്തിവരുന്നു. സഹകാരികൾക്ക് പരമാവധി സേവനം ചെയ്തുവരുന്ന സംഘത്തിന്റെ പ്രവർത്തനവും ലാഭത്തിലല്ലായെന്നത് പരിശോധിക്കേണ്ടതാണ്. വായ്പാതിരിച്ചടവില്ലാത്തതാണ് ഈ സംഘത്തിന്റെയും നഷ്ടക്കണക്കിന്റെ കാരണമെന്നത് സഹകാരികളുടെ കൂട്ടായ പ്രചാരണപ്രവർത്തനങ്ങളിലൂടെ പരിഹരിക്കാൻ കഴിയണം.

## ക്ഷീരവികസന സഹകരണ സംഘങ്ങൾ

നമ്മുടെ പഞ്ചായത്തിൽ മൂന്ന് ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ പ്രവർത്തിച്ചുവരുന്നു. മാന്നാർ ക്ഷീരോൽപാദക സഹകരണ സംഘം, കുട്ടമ്പേരൂർ ക്ഷീരോൽപാദക സഹകരണ സംഘം, പാവുക്കര ക്ഷീരോൽപാദക സഹകരണ സംഘം എന്നിവയാണ് മൂന്നു സംഘങ്ങൾ. പഞ്ചായത്തിലെ 8, 9 വാർഡുകളൊഴികെയുള്ള എല്ലാ വാർഡുകളും ഈ സംഘങ്ങളുടെ പ്രവർത്തനപരിധിയിൽ വരുന്നു. മാന്നാർ സഹകരണ സംഘം 1985-ലും മറ്റ് രണ്ട് സംഘങ്ങൾ 1991 ലും സ്ഥാപിതമായിട്ടുള്ളതാണ്. മൂന്ന് സംഘങ്ങളിലുമായി 439 സഹകാരികളുണ്ട്. സംഘങ്ങളുടെ ആകെ ഓഹരിമൂലധനം 6400 രൂപയാണ്. ഈ സംഘങ്ങളിൽ സർക്കാർ ഓഹരിയില്ല. പഞ്ചായത്തിലെ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ ഈ സംഘങ്ങളിലെ അംഗങ്ങളുടെ എണ്ണം തുലോം കുറവാണെന്നു കാണാം. കാർഷികാടിസ്ഥാനത്തിൽ കറവമാടുകളെ വളർത്തുന്ന കുടുംബങ്ങൾ പരിമിതമാണെന്നതാണ് കാരണം. വൈക്കോലിന്റെയും കാലിത്തീറ്റയുടെയും വിലവർദ്ധനവ് കാരണം കന്നുകാലിവളർത്തൽ ഇന്ന് ഭൂരിഭാഗം കുടുംബങ്ങളും ഉപേക്ഷിച്ചമട്ടാണ്. ഈ സംഘങ്ങൾ വഴി പ്രതിദിനം ഏകദേശം 950 ലിറ്റർ പാൽ ശേഖരണവും വിപണനവും നടന്നുവരുന്നു, ഈ മൂന്നു സംഘങ്ങളും ലാഭത്തിൽ പ്രവർത്തിച്ചുവരുന്നു.

## മത്സ്യതൊഴിലാളി സഹകരണ സംഘം

മത്സ്യതൊഴിലാളികളുടെ ക്ഷേമത്തിനായി മാന്നാർ ഉൾനാടൻ മത്സ്യതൊഴിലാളി വികസന- ക്ഷേമ സഹകരണ സംഘം നമ്മുടെ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. മുപ്പത് തൊഴിലാളികൾ അംഗങ്ങളായി ചേർന്നിട്ടുണ്ട്. പഞ്ചായത്തിലെ എല്ലാ പ്രദേശവും ഈ സംഘത്തിന്റെ പരധിയിൽ വരുന്നു. മത്സ്യബന്ധനത്തിനാവശ്യമായ ഉപകരണങ്ങൾ വായ്പയായി നൽകുക, കുളങ്ങളും തോടുകളും സംരക്ഷിച്ച് വളർത്തുന്നതിനാവശ്യമായ സഹായധനം ലഭ്യമാക്കുക മത്സ്യശേഖരണവും വിപണനവും നടത്തുക ഇവയാണ് സംഘത്തിന്റെ പ്രവർത്തനങ്ങൾ. സംഘത്തിനാവശ്യമായ ഓഫീസ് സൗകര്യം ഇതുവരെ ലഭ്യമായിട്ടില്ല. കാര്യക്ഷമമായി മത്സ്യബന്ധനം നടത്തുകയും ശേഖരിക്കുകയും വിപണനം നടത്തുകയും ചെയ്യാമെന്നതിനാൽ നമ്മുടെ പഞ്ചായത്ത് പ്രദേശത്തെ മത്സ്യതൊഴിലാളികൾക്കും ഈ സംഘത്തിന്റെ പ്രവർത്തനംവളരെയധികം പ്രയോജനമുണ്ടാക്കുന്നതാണ്. ഉൽപാദകരും തൊഴിലാളികളും സംഘത്തിന്റെ പ്രവർത്തനങ്ങൾ സജീവമാക്കുന്നതിന് പ്രത്യേകം താൽപര്യം എടുക്കേണ്ടതാണ്.

## സ്കൂൾ സഹകരണസംഘങ്ങൾ

പഞ്ചായത്തിലുള്ള മൂന്ന് ഹൈസ്ക്കൂളുകളിലും പാവുക്കര കരയോഗം യു.പി. സ്കൂളിലും സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അധ്യാപനത്തിനും അധ്യയനത്തിനും ആവശ്യമായ ഉപകരണങ്ങളും നോട്ടുബുക്കുകളും പുസ്തകങ്ങളും മറ്റും ഈ സംഘങ്ങൾവഴി വിതരണം ചെയ്തുവരുന്നു. വിദ്യാർത്ഥികൾക്കാവശ്യമായ എല്ലാ പഠനോപകരണങ്ങളും സംഘങ്ങൾവഴി വിതരണം ചെയ്യുവാൻ കഴിയുന്നില്ല. അധ്യാപകരുടെ നിശ്ചിത കർത്തവ്യത്തിനുപുറമെ ഈ സംഘങ്ങളുടെ നടത്തിപ്പിന് കൂടുതൽ സമയം കണ്ടെത്തുവാൻ കഴിയുന്നില്ല. സംഘങ്ങൾ കൂടുതൽ ഫലപ്രദമാക്കുന്നത് വിദ്യാർത്ഥികൾക്ക് സമയവും പണവും ലാഭിക്കാൻ സഹായിക്കും.

## മാന്നാർ പഞ്ചായത്ത് കൺസ്യൂമർ കോ- ഓപ്പറേറ്റീവ് സ്റ്റോർ

1943-ൽ പ്രവർത്തനം ആരംഭിച്ച ഈ സംഘം മാന്നാർ പഞ്ചായത്തിലെ ആദ്യത്തെ സഹകരണ സംഘമാണ്. ആദ്യകാലങ്ങളിൽ കാര്യക്ഷമമായി പ്രവർത്തിച്ച ഈ സ്ഥാപനം ഇപ്പോൾ കാര്യമായ പ്രവർത്തനം നടത്തുന്നില്ല.

## ആലപ്പുഴ ജില്ലാ ഹോൾ സെയിൽ കൺസ്യൂമർ സ്റ്റോർ

ആലപ്പുഴ ജില്ലാ മൊത്തവ്യാപാര സഹകരണ കൺസ്യൂമർ സ്റ്റോറിന്റെ മാന്നാർ ബ്രാഞ്ചായി പ്രവർത്തിക്കുന്നു. എല്ലാവിധ കൺസ്യൂമർ സാധനങ്ങളും മിതമായ വിലയ്ക്ക് വിൽക്കുന്നു. സാമ്പത്തികപരാധീനത കാരണം വ്യാപാരം കാര്യമായി നടക്കുന്നില്ല.

കൂടാതെ മാന്നാർ പഞ്ചായത്ത് വനിതാ ഇലക്ട്രോ

ണിക്സ് & ഖാദി ഗ്രാമവ്യവസായ സഹകരണ സംഘ വും പ്രവർത്തിക്കുന്നു.

## സംഘങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ

1. തകർച്ചയിലായ സംഘങ്ങളിലെ മാനേജ്മെന്റിലെ കെടുകാര്യസ്ഥതയും അഴിമതിയും.
2. സംഘങ്ങളുടെ പ്രവർത്തനപരിധി വിട്ട് അംഗമാകുന്നതും വായ്പയെടുക്കുന്നതും വായ്പാതുക ഈടാക്കാൻ തടസമാകുന്നു.
3. തൊഴിൽദാന സംഘങ്ങളിലെ തൊഴിലാളികൾക്ക് വിവിധ തൊഴിലുകളിൽ വൈദഗ്ദ്ധ്യം ഇല്ലായ്മ.
4. അംഗങ്ങൾക്ക് സംഘങ്ങളിൽ വിശ്വാസ്യത വളർനുവരുന്നില്ല.
5. സംഘങ്ങളിൽ പണം നിക്ഷേപിക്കുവാൻ അംഗങ്ങളും മറ്റുള്ളവരും വേണ്ടത്ര താൽപര്യം പുലർത്തുന്നില്ല.
6. വായ്പ തിരിച്ചടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്നു.
7. കാലാവധി കഴിഞ്ഞ വായ്പ ഈടാക്കുന്നതിനുള്ള നിയമനടപടികളിലുണ്ടാകുന്ന കാലതാമസം.
8. വായ്പകൾ തിരിച്ചടയ്ക്കാത്തതിനാൽ സംഘങ്ങളുടെ പ്രവർത്തനത്തിന്റെ പ്രയോജനം കൂടുതൽ വിശാലമാക്കുവാൻ കഴിയുന്നില്ല.
9. കൺസ്യൂമർ സ്റ്റോറുകൾക്ക് സ്വകാര്യകമ്പോളവുമായി മത്സരിച്ച് നിലനിൽക്കുവാൻ നിലവിലുള്ള നടപടികളുടെ തടസം.
10. സാമ്പത്തിക പരിമിതകളാൽ കൺസ്യൂമർ സ്റ്റോറുകൾക്ക് ചെലവ് കൂടിയ സാധനങ്ങൾ ശേഖരിക്കുവാനും വിതരണം ചെയ്യുവാനും കഴിയുന്നില്ല.
11. വ്യവസായ സംഘങ്ങൾ ജനകീയമാക്കുവാൻ സംഘാടകർക്ക് കഴിയാതെ വന്നിട്ടുണ്ട്.
12. കർഷകരുടെ ഉൽപാദന ചെലവിന്റെ അടിസ്ഥാനത്തിൽ വായ്പ അനുവദിക്കുവാൻ കഴിയുന്നില്ല.
13. തൊഴിൽദാന പദ്ധതികൾ തയ്യാറാക്കുവാനും നടപ്പിലാക്കുവാനും കഴിഞ്ഞിട്ടില്ല.
14. എടുക്കുന്ന വായ്പയുടെ 10 ശതമാനം ഓഹരി നിക്ഷേപിക്കേണ്ടിവരുന്നതിനാൽ വായ്പയെടുക്കുവാൻ അംഗങ്ങൾക്ക് താൽപര്യം കുറയുന്നതിന് കാരണമാകുന്നു.

## വികസന നിർദ്ദേശങ്ങൾ

1. പഞ്ചായത്തിന്റെയും മറ്റ് സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളുടെയും പണമിടപാടുകൾ മാന്നാർ സർവീസ് കോ- ഓപ്പറേറ്റീവ്- ബാങ്ക് വഴി നടത്തപ്പെടണം.
2. വായ്പാമേഖലയിൽ പഞ്ചായത്തിൽ ഒരു സംഘം മാത്രം മതിയെന്നതിന് നിയമമുണ്ടാകണം. മറ്റു സംഘങ്ങൾ ശാഖകളായി പ്രവർത്തിപ്പിക്കാവുന്നതാണ്. ഇങ്ങനെ ഭരണ ചെലവ് കുറയ്ക്കാവുന്നതാണ്.
3. നിക്ഷേപസമാഹരണത്തിന് ആകർഷകമായ സമ്മാനപദ്ധതികളും മറ്റും നടപ്പിലാക്കുന്നതിന് കഴിയണം.
4. ഓരോ വർഷവും ക്രെഡിറ്റ് പ്ലാൻ തയ്യാറാക്കുകയും ആവശ്യമായ വായ്പാ സ്കീമുകൾ രൂപീകരിക്കുകയും വേണം.
5. ഹൗസിംഗ് സഹകരണ സംഘം രൂപീകരിക്കണം.
6. സാധാരണ വായ്പയായി നൽകിവരുന്ന 10,000 രൂപ.യെന്നത് 25,000 രൂപയായി ഉയർത്തണം.
7. ക്ഷീരവികസന സഹകരണ സംഘങ്ങൾവഴി നല്ലയിനം കറവമാടുകളെയും, കാലിത്തീറ്റയും വിതരണം ചെയ്യണം. തൊഴുത്ത് നിർമ്മിക്കുന്നതിനുള്ള വായ്പ അനുവദിക്കണം. പുൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കന്നത് വൈക്കോൽ ക്ഷാമം പരിഹരിക്കാൻ സഹായിക്കും.
8. ഭവനനിർമ്മാണ സംഘം തുടങ്ങണം.
9. ലേബർ കോൺട്രാക്റ്റ് സംഘങ്ങൾ തുടങ്ങണം.
10. വ്യവസായ സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിപുലമാക്കണം. തകർച്ചയിലായവയെ നിയമംമൂലം തകർച്ചയിൽനിന്ന് രക്ഷപെടുത്തണം.
11. വനിതകൾക്ക് തൊഴിൽപരിശീലന സംഘങ്ങൾ ആരംഭിക്കണം.
12. വസ്ത്രനിർമ്മാണം, മെഴുകുതിരി നിർമ്മാണം, ബുക്ക് ബയന്റിംഗ്, സോപ്പ് നിർമ്മാണം, തീപ്പെട്ടി നിർമ്മാണം, എന്നിവ ആരംഭിക്കണം.
13. എല്ലാ സംഘങ്ങളിലും വളം വിതരണം കാര്യക്ഷമമാക്കണം.
14. പട്ടികജാതി - പട്ടികവർഗ വികസന സംഘങ്ങളിൽ തഴപ്പാനെയ്ത്ത്, പരമ്പ് നെയ്ത്ത്, കരകൗശലവസ്തുക്കൾ നിർമ്മാണം തുടങ്ങിയവ ആരംഭിക്കണം.
15. വനിതാ പട്ടികജാതി ചെറുകിട വ്യവസായ സംഘം രൂപീകരിക്കുകയും ഈ സംഘങ്ങൾവഴി തൊഴിൽ പരിശീലനം നൽകുകയും ചെയ്യാവുന്നതാണ്.
16. പഞ്ചായത്തിലെ ഏറ്റവും കൂടുതൽ തൊഴിൽ സാധ്യതയുള്ളതും വിപണന സാധ്യതയുള്ളതുമായ ഓട്ടുപാത്രനിർമ്മാണം വ്യാപകമാക്കുകയും സംഘത്തിന്റെ പ്രവർത്തനം പുനരാരംഭിക്കുകയും വേണം.

17. ഇലക്ട്രോണിക് ഉപകരണങ്ങളുടെ അസംബ്ലിംഗ് യൂണിറ്റായ വനിതാ വ്യവസായ സഹകരണ സംഘത്തിന്റെ പ്രവർത്തനത്തിലെ ഏകപക്ഷീയമായ സമീപനം ഇല്ലാതാക്കി സംഘത്തിന്റെ പ്രവർത്തനം ജനകീയമാക്കുകയും കൂടുതൽ വിപുലമാക്കുകയും ചെയ്യുന്നതിനുള്ള അടിയന്തിരനടപടികൾ സ്വീകരിക്കണം.

18. സംഘങ്ങളിലെ നിക്ഷേപസമാഹരണത്തിലും വായ്പാ തിരിച്ചടവിനും ആവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങളും പ്രചാരണങ്ങളും സഹകാരികൾ ഏറ്റെടുക്കണം.

19. വായ്പ കുടിശ്ശിഖ ഈടാക്കുന്നതിനുള്ള നടപടികളുടെ കാലതാമസം പരിശോധിച്ച് ത്വരിതപ്പെടുത്തണം.

20. എല്ലാ സംഘങ്ങളിലും പഴം പച്ചക്കറി വിപണനം ആരംഭിക്കണം.

21. തുറന്ന വിപണിയിലെ മണ്ണെണ്ണ വിതരണവും പാചകവാതക വിതരണവും സംഘങ്ങളെ ഏൽപ്പിക്കണം.

22. മത്സ്യതൊഴിലാളി സഹകരണ സംഘത്തിന് ഓഫീസ് കെട്ടിടം നിർമ്മിക്കണം. മത്സ്യം ശേഖരിക്കുന്നതിനും വിൽക്കുന്നതിനും ടി സംഘത്തിന് അധികാരം നൽകണം. സംഘത്തിന്റെ കീഴിൽ കോൾഡ് സോറ്റോറേജ് തുടങ്ങണം. മത്സ്യബന്ധനത്തിനും ശേഖരണത്തിനും ആവശ്യമായ പരിശീലനം നൽകണം.

23. സ്കൂൾ സഹകരണ സംഘങ്ങൾവഴി പൂച്ചെടിവിത്തുകളും ചെടികൾക്കുള്ള വളങ്ങളും വിതരണം ചെയ്യുന്നത് വിദ്യാർത്ഥികളിൽ കാർഷികവൃത്തിയിലും പ്രകൃതി സംരക്ഷണത്തിലും ആഭിമുഖ്യം വളർത്തുവാൻ സഹായകമാകുന്നതാണ്.



"ഏറ്റവും അടിത്തട്ടിലുള്ളവർക്കു പോലും ഇതെന്റെ നാടാണെന്നും,
ഇതിന്റെ നിർമ്മിതിയിൽ എനിക്കും പങ്കുണ്ടെന്നും ബോധ്യമാവണം"

അതാണ് ഗ്രാമസ്വരാജിലേക്കുള്ള വഴി

**- ഗാന്ധിജി -**

# വിഭവസമാഹരണം

മാന്നാറിലെ ജനങ്ങളുടെ പ്രധാന വരുമാനമേഖലകൾ കൃഷിയും വ്യവസായവുമാണ്. കാർഷികമേഖലയിൽ പ്രാധാന്യം നെല്ലിനാണ്. ഓട്ടുപാത്രനിർമ്മാണം, സ്വർണ്ണം, വെള്ളി, ആഭരണനിർമ്മാണം തുടങ്ങിയവയും നിരവധി കച്ചവടസ്ഥാപനങ്ങളും, അലിൻഡ് , മിനി ഇൻഡസ്ട്രീസ് തുടങ്ങിയ വ്യവസായസ്ഥാപനങ്ങളും മാന്നാറിന്റെ സാമ്പത്തിക ഭൂപടത്തിൽ പ്രാധാന്യമർഹിക്കുന്നവയാണ്.

എന്നാൽ ഇതിനെല്ലാമുപരിയായി മാന്നാറിന്റെ ഏറ്റവും വലിയ വിഭവമായി നിലകൊള്ളുന്നത് ഇവിടുത്തെ ജനങ്ങളാണ്. നവം. 1-ലെ പുനർപ്പണദിനത്തിൽ മുടക്കിയ തുകയുടെ പതിൻമടങ്ങു തുകയുടെ പ്രവർത്തനങ്ങൾ ചെയ്ത് ജനങ്ങൾ അതു തെളിയിക്കുകയും ചെയ്തു. ഈ കൂട്ടായ്മ മുതൽക്കൂട്ടാക്കി ചിട്ടയായ പ്രവർത്തനങ്ങൾ നടത്തിയാൽ നമുക്കു കൈവരിക്കാവുന്ന നേട്ടങ്ങൾ വളരെയാണ്.

മാന്നാറിൽ 5 സർവ്വീസ് സഹകരണ ബാങ്കുകളും ഞആട, ഫെഡറൽ ബാങ്ക്, നെടുങ്ങാടിബാങ്ക്, ജില്ലാ സഹകരണ ബാങ്ക് എന്നിവയും പ്രവർത്തിക്കുന്നു.

| ബാങ്ക് | നിക്ഷേപം | വായ്പ നൽകിയത് | വായ്പാ % |
|---|---|---|---|
| SBT | 18 കോടി | 3.5 കോടി | 19.4% |
| ഫെഡറൽബാങ്ക് | 15 കോടി | 2 | 13.3 % |
| നെടുങ്ങാടി | 2 | 85 ലക്ഷം | 42.5% |
| ജില്ലാസഹകരണബാങ്ക് | 8 കോടി | 1 കോടി | 12.5% |
| S.C.B No. 3997 | 76 ലക്ഷം | 53.5 ലക്ഷം | 7.3% |
| S.C.B. No.1654 | 57.89 കോടി | 18 ലക്ഷം | 31.1% |
| S.C.B. No. അ876 | | 1.17 ലക്ഷം | |
| S.C.B. No.. 611 | 18.5 കോടി | 9.78 ലക്ഷം | 52.85% |

നിക്ഷേപത്തിനനുസരിച്ചു വായ്പ നൽകുന്നതിൽ എസ്. ബി.റ്റി, ഫെഡറൽ ബാങ്ക്, എസ്. സി. ബി നം-1654 ഇവ ഏറെ പിന്നിലാണെന്നു കാണാം.

**പഞ്ചായത്തിന്റെ വരവ്** (95-96)

| | | |
|---|---|---|
| കെട്ടിടനികുതി | - | 495350 |
| സർവ്വീസ് ചാർജ്ജ് | - | 24 767 |
| തൊഴിൽനികുതി | - | 359906 |
| വിനോദനികുതി | - | 34617.60 |
| അഡീ: വിനോദനികുതി | - | 20770.40 |
| പ്രദർശനനികുതി | - | 4106 |
| പ്രദർശന സർചാർജ്ജ് | - | 1026.50 |
| ചന്തവരവ് | - | 8455 |
| ലൈസൻസ്ഡ്ഫീസ് | - | 14282 |
| വസ്തുകൈമാറ്റ നികുതി-75% | - | 88380 |
| ഗ്രാന്റ് | - | 231977 |
| ഡെപ്പോസിറ്റ് | - | 18483 |
| മറ്റുള്ളവ | - | 270885.25 |
| ആകെ | - | 1573005 . 75 |

**ചെലവ് 95-96**

| | | |
|---|---|---|
| ഭരണം | - | 658671 |
| പൊതുമരാമത്ത് | - | 641024 |
| വിദ്യാഭ്യാസം | - | 39860.75 |
| ജലവിതരണം | | |
| പൊതുജനാരോഗ്യം | - | 32330 |
| തെരുവുവിളക്ക് | - | 204852 |
| മറ്റുള്ളവ | - | 729222.40 |
| ആകെ | - | 2305960.85 |

ആവശ്യങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ പഞ്ചായത്തിന്റെ വരുമാനം പരിമിതമാണെന്നുകാണാം. ആവശ്യങ്ങളും പഞ്ചായത്തിന്റെ വരവു ചെലവും ജനങ്ങളെ ബോദ്ധ്യപ്പെടുത്തുകയും നികുതികളിലൂടെയും മറ്റും പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നത് തങ്ങളുടെ പുരോഗതിക്കായി ഉപയോഗിക്കപ്പെടുകയാണെന്ന് ജനങ്ങളെ മനസ്സിലാക്കിക്കുകയും ചെയ്താൽ വികസന രംഗത്ത് ഏറെമുന്നേറാനാവും.

**നിർദ്ദേശങ്ങൾ**

1. കെട്ടിടനികുതി നിശ്ചയിക്കുമ്പോൾ നിയമം കർശനമായി പാലിക്കുക. വ്യക്തി രാഷ്ട്രീയ പരിഗണനയും അഴിമതിയും ഒഴിവാക്കുവാൻ ഗ്രാമസഭകളുടെ സഹായം തേടണം ഒരു വാർഡിലെ ഓരോകെട്ടിടത്തിന്റെയും നികുതി ഗ്രാമസഭയിൽ അറിയിക്കണം.

2. ബേസിക് ടാക്സ് സെന്റിന് 20 പൈസ എന്നത് 1

രൂപയാക്കി വർദ്ധിപ്പിക്കുക.

3. വിനോദനികുതി പഞ്ചായത്തിനു ലഭിക്കേണ്ട തിന്റെ പകുതിയോളമേ ഇന്നു ലഭിക്കുന്നുള്ളൂ ഇതു പൂർണ്ണമായിലഭിക്കുന്നതിന് പഞ്ചായത്തുഭരണസമിതി കളുടെയും ഉദ്യോഗസ്ഥരുടെയും ജനങ്ങളുടെ കൂട്ടായ ശ്രമങ്ങളുണ്ടാകണം.

4. വില്ലേജ് ഓഫീസിൽനിന്നും മറ്റും പഞ്ചായത്തി നു ലഭിക്കേണ്ട നികുതി വിഹിതം മാസംതോറും അതാ ത് ഓഫീസിൽനിന്ന് പഞ്ചായത്തിനു നേരിട്ടു ലഭിക്കു ന്നതിനുള്ള സംവിധാനം ഉണ്ടാവണം.

5. സഹകരണ സംഘങ്ങളിൽ നിന്നും പഞ്ചായ ത്തിനു വായ്പ എടുക്കുന്നതിനാവശ്യമായ നിയമനിർമ്മാ ണം നടത്തുക. ഇതോടൊപ്പം പഞ്ചായത്തു വാസിക ളുടെ നിക്ഷേപം ഈ ബാങ്കുകളിലാക്കുന്നതിനാവശ്യ മായ പ്രചരണ പ്രവർത്തനങ്ങൾ നടത്തുക. എൻ. ആർ. ഐ നിക്ഷേപം സ്വീകരിക്കുന്നതിന് ഈ ബാങ്കുകൾ ക്ക് അധികാരം നൽകുക. വിവിധക്ഷേമനിധി വിഹി തങ്ങൾ ഈ ബാങ്കിൽ അടക്കുന്നതിനുള്ള സംവിധാന വും നിയമവും ഉണ്ടാക്കുക.

6. ദേശീയ സമ്പാദ്യ പദ്ധതിയിലെ നിക്ഷേപത്തി ന്റെ 20% പഞ്ചായത്തിനു ഗ്രാന്റായി ലഭിക്കുമെന്നതി നാൽ ഈ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനു പഞ്ചാ യത്തു സമിതി ബോധപൂർവ്വമായ പ്രവർത്തനം നട ത്തുക.

7. തൊഴിൽ നികുതി ശതമാന അടിസ്ഥാനത്തി ലാക്കുക. വർഷംതോറും തൊഴിൽനികുതി പിരിച്ചെടു ത്ത് പഞ്ചായത്തുജീവനക്കാരെ ഏൽപ്പിക്കേണ്ട ചുമതല തൊഴിലുടമയ്ക്കായിരിക്കണം.

8. ഇഷ്ടകനിർമ്മാതാക്കളിൽ നിന്നും ഒരു അച്ചിന് 500 രൂപാക്രമത്തിൽ വാർഷിക നികുതി ഈടാക്കണം. ഗ്രാമസഭാസഹായത്താൽ എണ്ണം കണക്കാക്കാം.

9. കേബിൾ ടി. വി. ഓപ്പറേറ്റർമാരിൽനിന്നും വർ ഷംതോറും 250 രൂപ ഫീസ് ഈടാക്കണം. കേബിൾ ടി. വി കണക്ഷനുള്ള വീട്ടുകാരിൽ നിന്നും 25 രൂപ വാർഷികനികുതി ഈടാക്കണം. ഇത് സി. ടി.വി ഓപ്പ റേറ്റർമാർ പിരിച്ചെടുത്ത് ലൈസൻസ് പുതുക്കുന്നതോ ടൊപ്പം അടയ്ക്കേണ്ടതാണ്.

10. തെരുവു വിളക്കുകൾക്കു പ്രത്യേക മീറ്റർ സം വിധാനം ഏർപ്പെടുത്തി ഉപയോഗിക്കുന്ന വൈദ്യുതി ക്കുമാത്രം ചാർജ്ജ് അടയ്ക്കേണ്ട രീതി ഉണ്ടാക്കണം. ഫ്യൂസായ ബൾബുകൾ മാറ്റുന്നതിനും, ട്യൂബ്, സി. എഫ്. എൽ തുടങ്ങിയവ സ്ഥാപിക്കുന്നതിനും പഞ്ചായത്തി ന് അധികാരം നൽകുക.

11. പാരലൽ കോളേജുകൾ, സ്വകാര്യ ക്ലിനിക്കു കൾ, ലാബറട്ടറികൾ എന്നിവയ്ക്ക് രജിസ്ട്രേഷൻ ഫീസ് ഈടാക്കുക.

12. ലൈസൻസ് ഫീസുകൾ കാലോചിതമായി പുതുക്കുക.

13. വീഡിയോ കാസറ്റ് ലൈബ്രറിക്ക് പ്രത്യേക രജിഃ ഫീസ്.

14. ബസ്, ലോറി, ടെമ്പോ, ടാക്സി എന്നിവയ്ക്കു സ്റ്റാന്റുകൾ സ്ഥാപിച്ച് സ്റ്റാന്റ് ഫീസ് ഈടാക്കുക.

15. അറവുശാല നിർമ്മിച്ച് ലേലം ചെയ്യുക.

16. വഴിയരികിലെ മത്സ്യക്കച്ചവടം നിരോധിക്കു ക. മത്സ്യക്കച്ചവടത്തിന് പ്രത്യേക സ്ഥലം നൽകി ഫീസ് ഈടാക്കുക.

17. പഞ്ചായത്തു മാർക്കറ്റിൽ ഷോപ്പിംഗ് കോംപ്ല ക്സ് സ്ഥാപിക്കുക. ആഴ്ചചന്തയുടെ കാര്യം പരിശോ ധിക്കുക.

18. വിവാഹം രജിസ്റ്റർ ചെയ്യുമ്പോൾ 100 രൂപ ര ജിഃഫീസ് ഈടാക്കുക. ഹിന്ദുക്കളല്ലാത്തവരുടെയും വി വാഹം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യണമെന്ന നിയമം നടപ്പാക്കുക.

19. പഞ്ചായത്ത് അതിർത്തിയിൽ പ്രദർശിപ്പിക്കുന്ന പരസ്യങ്ങൾക്കു നികുതി ചുമത്തുക.

20 റിംഗ്, കോൺക്രീറ്റുമതിൽ ഇവ നിർമ്മിച്ചു നൽ കുന്ന യൂണിറ്റുകൾക്ക് 250 രൂപ ലൈസൻസ് ഫീസ്.

21. 3 ലക്ഷം രൂപയിൽ കൂടുതൽ ചെലവാക്കി നിർ മ്മിക്കുന്ന കെട്ടിടത്തിന്, കെട്ടിടത്തിന്റെ മൊത്തം നിർ മ്മാണ ചെലവിന്റെ 1% പ്രസിഡന്റിന്റെ ദുരിതാശ്വാസനി ധിയിലേക്കു നൽകണം. ഈ ദുരിതാശ്വാസനിധിയി ലേക്ക് സ്വതന്ത്രമായ സംഭാവനകളും സ്വീകരിക്കുക.

22. സിനിമാതീയേറ്ററുകളിലെ സ്ലൈഡുകൾക്കും മറ്റു പരസ്യങ്ങൾക്കും പ്രത്യേക പ്രദർശന നികുതി.

23. മാന്നാർ ഏകാംഗ ട്രഷറിയിലെ നിക്ഷേപം വർ ദ്ധിപ്പിച്ച് സബ്ട്രഷറിയാക്കുന്നതിന് പഞ്ചായത്തു സമി തിയുടേതായ പ്രവർത്തനങ്ങൽ നടത്തുക.

24. സംഘടനകൾ, സ്ഥാപനങ്ങൾ, വ്യക്തികൾ, വിദേശമലയാളികൾ എന്നിവരെക്കൊണ്ട് വികസന പ്ര വർത്തനങ്ങൾ സ്പോൺസർ ചെയ്യിക്കുക.

25. 50 വീടുകൾക്ക് 1 എന്ന നിലയിൽ അയൽക്കൂ ട്ടങ്ങൾ രൂപീകരിക്കുക. ഇതിലോരോന്നിൽ നിന്നുള്ള 1 വനിതയും 1 പുരുഷനുമുൾപ്പെടുന്ന വാർഡുവികസന സമിതി അംഗങ്ങളിൽനിന്നും പഞ്ചായത്തു പ്രസിഡന്റ് പ്രസിഡന്റായുള്ള പഞ്ചായത്തു വികസന സെക്രട്ടേറി യറ്റ്. ചാരിറ്റബിൾ സൊസൈറ്റികളുടെ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത ഈ വികസന സമിതിയുടെ നേതൃത്വ ത്തിൽ മാത്രമാകണം പഞ്ചായത്തിന്റെ മുഴുവൻ നിർ മ്മാണ പ്രവർത്തനങ്ങളും. കോൺട്രാക്ടറെ ഒഴിവാക്കുക കൂലിച്ചെലവ് ശ്രമദാനമായി സംഘടിപ്പിക്കുക.

## നന്ദിപൂർവ്വം...........

ആലപ്പുഴ ജില്ലാ പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ ശ്രീ. ജേക്കബ് തോമസ് അരികുപുറം ആലപ്പുഴ ജില്ലാപഞ്ചായത്ത് അംഗം ശ്രീമതി കെ. സരസ്വതിയമ്മ ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ ശ്രീ. കെ. എസ്. ഗോപി ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് അംഗം ശ്രീമതി പി. സരോജിനിയമ്മ വികസനരേഖ തയ്യാറാക്കുവാൻ സഹായിച്ച ഉദ്യോഗസ്ഥാനുദ്യോഗസ്ഥർ, ഡോക്ടർമാർ, കാർഷിക വ്യാവസായിക സാമൂഹ്യ വിദ്യാഭ്യാസ രാഷ്ട്രീയരംഗങ്ങളിലെ പ്രവർത്തകർ, സംസ്ഥാനതല പരിശീലകൻ ജയകൃഷ്ണൻ, കെ.എൻ. ബാലകൃഷ്ണൻ എന്നിവർക്കു നന്ദി. അതുപോലെ ജില്ലാതല പഞ്ചായത്തുതല പരിശീലകർക്കും ജനകീയാസൂത്രണ പദ്ധതിയുടെ എല്ലാ പ്രവർത്തകർക്കും മാന്നാർ പഞ്ചായത്ത് കമ്മിറ്റിയുടെ നന്ദി.

COMPUTER TYPE SETTING,
SCANNING
FLINT COMPUTERS
THIRUVANATHAPURAM

COVER
PANORAMA CREATIONS

PRINTING
PUTHETHU OFFSET PRINTERS
KALLISSERY, CHENGANNUR

LAYOUT
PRODUCTION
ZENET COMMUNICATIONS
THIRUVANANTHAPURAM



# ഉപസംഹാരം

അധികാര വികേന്ദ്രീകരണത്തോടൊപ്പം ആസൂത്രണവികേന്ദ്രീകരണവും സാക്ഷാത്ക്കരിക്കപ്പെടുന്ന സന്ദർഭമാണിത്. 9-ാം പഞ്ചവത്സര പദ്ധതിക്കുള്ള നിർദ്ദേശങ്ങൾ നല്കുക എന്ന കേവലമായ അർത്ഥതലത്തിനെക്കാൾ എത്രയോ ആഴവും പരപ്പുമുള്ളതാണ് ഇതിന്റെ പ്രവർത്തനങ്ങൾ. നാംനേരിടുന്ന വെല്ലുവിളികളെ തിരിച്ചറിഞ്ഞ് അവയ്ക്കുള്ള പരിഹാരങ്ങൾ കണ്ടെത്താനുള്ള അവകാശമാണ് നമുക്കു ലഭിച്ചിരിക്കുന്നത്. നാം എന്തു ഭക്ഷിക്കണം , എന്തുവസ്ത്രം ധരിക്കണം എങ്ങനെ നടക്കണം, എന്തിന്? എങ്ങനെ ചിന്തിക്കണമെന്നു പോലും നമ്മോട് ആജ്ഞാപിക്കുന്ന കേന്ദ്രീകൃത ശക്തിക്കെതിരെ നമ്മെ ആയുധമണിയുകയാണിതു ചെയ്യുന്നത്. നമ്മൾക്കുവേണ്ടവ എന്തെന്നു നാം തീരുമാനിക്കുന്നു. ആ തീരുമാനങ്ങൾ നടപ്പിലാവുകതന്നെ വേണം. അതിന് നമ്മുടെ പ്രവർത്തനങ്ങൾ ഇനിയുമേറെ ആവശ്യമാണ്. നാം കണ്ടെത്തി, മുൻഗണന നിശ്ചയിച്ച്, നാം തന്നെ നടപ്പിലാക്കുന്ന നമ്മുടെ പദ്ധതികൾക്കു സാമൂഹിക കാഴ്ചപ്പാടുണ്ടാക്കണം. ഇവയുടെ നടത്തിപ്പിനായി ലഭിക്കുന്ന സർക്കാർ വിഹിതം നമ്മുടെ കൂട്ടായ പ്രവർത്തനത്തിൽ കൂടി എത്ര മടങ്ങുവർദ്ധിപ്പിക്കുവാനാകും എന്നിടത്താണ് നമ്മുടെ വിജയം. മാന്നാറിന്റെ വികസനമേഖലകളെപറ്റിയുള്ള ഈ കരടുരേഖ വികസന സെമിനാറിലേക്ക് ചർച്ചകളിലൂടെ കൂടുതൽ മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു.

യഥാർത്ഥ ജനാധിപത്യഭരണകൂടങ്ങൾ നിലവിൽ വരുന്നതിനു തുടക്കം കുറിക്കുവാൻ ഈ പ്രവർത്തനങ്ങൾക്കു കഴിയും.